# LECTURES

BY

K. NARAYANA MENON

Tripunittura.

# പ്രസംഗമാല.

കെ. നാരായണമേനോൻ

തൃപ്പൂണിത്തുറ.

Acc No: 52.
Pr-20

# LECTURES

BY

**K. NARAYANA MENON**
Tripunittura.

# പ്രസംഗമാല.

കെ. നാരായണമേനോൻ
തൃപ്പൂണിത്തുറ.

തൃശ്ശിവപേരൂർ
ഭാരതവിലാസം അച്ചുകൂടത്തിൽ അച്ചടിച്ചത്.

1089.

Price 8 Annas ] [ വില അണ 8.

Pr-20

Pr
20

# LECTURES

BY

**K. NARAYANA MENON**

**Tripunittura.**

# പ്രസംഗമാല.

കെ. നാരായണമേനോൻ

തൃപ്പൂണിത്തുറ.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുക്കൂടത്തിൽ അച്ചടിച്ചത്.

1089.

Price 8 Annas.] [വില അണ 8.

# പ്രസംഗമാല.

## നമ്മുടെ മാതൃഭാഷ.

മാന്യ സഭാവാസികളേ!

സാഹിത്യരസികന്മാർ നിറഞ്ഞിരിക്കുന്ന ഈ സദസ്സിൽ സന്ദർഭോചിതമായ ഒരു വിഷയത്തെപ്പററി പ്രസംഗിക്കുവാൻ നല്ല പ്രാപ്തിയുണ്ടായിട്ടല്ലാ ഞാൻ ഈ വേഷംകെട്ടിയത്. എന്നാൽ പിന്നെ അഹംകാരംകൊണ്ടായിരിക്കുമോ എന്നും സംശയിക്കണ്ട. വാസ്തവം പറയുന്നതായാൽ 'കാലത്തിനൊത്ത കോലംകെട്ടി'യെന്നേയുള്ളൂ. കുയിലിൻെറ നാദം നല്ലതാണെന്നു കരുതി കാക്ക കരയാതിരുന്നാൽ, മൌനാവസ്ഥയിൽ കാക്ക കുയിലായും കുയിൽ കാക്കയായും ഗണിക്കപ്പെടുവാൻ സംഗതിയാകുന്നതു വലിയ കഷ്ടമാണല്ലോ. അതുകൊണ്ടു കാക്ക കരയുന്നതു കുയിലിനെ വേർതിരിച്ചു കാണിക്കുവാൻ മാത്രമാണെന്നു സഭ്യന്മാർ സദയം സമാധാനപ്പെടുന്നപക്ഷം അഹംകാരം എന്ന ദോഷം എന്നിൽ ആരോപിക്കാതെ കഴിക്കാവുന്നതാണ്.

ഈ സഭയുടെ അഭ്യുദയത്തെ കാംക്ഷിക്കുന്നവരും എൻെറ സ്നേഹിതന്മാരുമായ ചില മാന്യന്മാർ അല്പദിവസംമുമ്പ് ഇങ്ങിനെ ഒരു പ്രബന്ധം വായിച്ചാൽ കൊള്ളാമെന്നു പറയുകയുണ്ടായി. ദുരഭിമാനം

കൊണ്ടുണ്ടായ വിഡ്ഢിത്തം നിമിത്തം ഞാൻ അങ്ങിനെ
യാവാമെന്നു സമ്മതിക്കുകയും ചെയ്തു. എന്നുതന്നെയ
ല്ല, പിന്നെ ഉടനെതന്നെ, സാധാരണ സമ്പ്രദായമ
നുസരിച്ചു, വാഗ്ദത്തത്തെ മറക്കാതെയുമിരുന്നില്ല. ഈ
യിടെ ഈ കാര്യത്തെപ്പററി വീണ്ടും ഓർമ്മപ്പെടുത്തിയ
പ്പോഴാണ് ഞാൻ വട്ടത്തിലായത്. എങ്കിലും വിളിച്ചുത
ന്ന ബഹുമാനത്തെ വലിച്ചുകളയുവാനുള്ള വിവേകം പി
ന്നെയും എനിക്കുണ്ടായില്ല. തന്റെ അപ്രാപ്തിയിൽ പൂ
ർണ്ണവിശ്വാസമുള്ള മനുഷ്യനും മുഖസ്തുതിയിൽ മയങ്ങി
പ്പോകുന്നതു സ്വാഭാവികമാകുന്നു. ഈ അവസര
ത്തിൽ എനിക്കു പററിയത് അല്പം അങ്ങിനെതന്നെ
യാണ്. എങ്കിലും, ഇനി ‘വിടണം കൊണ്ടൊരു വി
ദ്യയെടുത്താം’മെന്നുള്ളതു. അതാണു “നമ്മുടെ മാ
തൃഭാഷ”യെക്കുറിച്ചു ഒരു പ്രബന്ധം എഴുതാമെന്നു
തീർച്ചയാക്കിയത്. ‘സാഹിത്യധർമ്മജ്ഞന്മാർക്കു’ വളരെ
ഗൌരവമുള്ളത് എന്നു തോന്നുന്ന ഈ വിഷയം എ
നിക്കു ലാഘവമുള്ളതാണെന്നു തോന്നിയത് ഒരു കഥ
പറഞ്ഞതുപോലെയാണ്. ശരീരശാസ്ത്രവും മർമ്മങ്ങളും
പഠിച്ച ഒരു വിദ്വാന്റെ തോട്ടത്തിൽ ഒരിക്കൽ ഒരു
പശു കയറി. പശുവിനെ ഓടിച്ചുകളയുവാനായി മ
ർമ്മജ്ഞൻ ഒരു കല്ലുമെടുത്ത് എറിയുവാൻ പഴുതു നോ
ക്കിത്തുടങ്ങി. നോക്കുന്നിടത്തെല്ലാം മർമ്മംതന്നെ! ഈ
അവസരത്തിൽ വേലക്കാരൻ വലിയ ഒരു ഉലക്കയുമാ
യിച്ചെന്നു പശുവിന്റെ പുറത്ത് ഉടൽനീളം ഒരടിഅ
ടിച്ചു. പശു പശുവിന്റെ പാട്ടിലും വേലക്കാരൻ വേ
ലക്കാരന്റെ പാട്ടിലും പോയി. മർമ്മജ്ഞൻ പേടിച്ചു്

ന്നകത്തേക്കും പോയി. അതുപോലെ സാഹിത്യജ്ഞാനമില്ലാത്തതുകൊണ്ടു കുട്ടിപ്പിടിച്ച് ഒരടി അടിക്കുവാൻ മാത്രമല്ലാതെ സാധിക്കയുമുള്ളു.

നമ്മുടെ "മാതൃഭാഷ" എന്നു ഞാൻ പറയുമ്പോൾ, 'നമ്മുടെ' എന്ന ശബ്ദത്തിന്നു 'ഞങ്ങളുടെ' എന്നു മാത്രമേ അൎത്ഥം സങ്കല്പിച്ചിട്ടുള്ളു എന്നുകൂടി മാന്യന്മാരെ ധരിപ്പിക്കേണ്ടതായിരിക്കുന്നു. ആദ്യം തന്നെ ഉദ്ദേശത്തെ വെളിപ്പെടുത്താതിരുന്നാൽ, ഒടുക്കം ചെന്നു പുറത്തു വരുമ്പോൾ, ശ്രോതാക്കൾക്ക് അല്പം ആശാഭംഗത്തിന്നും നീരസത്തിന്നും ഇടയാകുന്നതാണല്ലോ എന്നു വിചാരിച്ചാണ് പരമാൎത്ഥം പറയുന്നത്. വാസ്തവത്തിൽ 'ഞങ്ങളുടെ' എന്നു പ്രത്യേകം അൎത്ഥം സങ്കല്പിച്ചതു സ്വാൎത്ഥതല്പരതകൊണ്ടല്ല. എന്നാൽ "ഞങ്ങളുടെ മാതൃഭാഷ" എന്നു പ്രയോഗിക്കാതിരുന്നത്, അങ്ങിനെ ചെയ്താൽ അല്പം അലൌകികമായെങ്കിലോ എന്നു സംശയിച്ചിട്ടുമാത്രമാകുന്നു.

ഏതു രാജ്യക്കാരും നമ്മുടെ 'മാതൃഭാഷ' എന്നേ പറയാവുള്ളു. നമ്മുടെ "പിതൃഭാഷ" എന്ന് ആരും പറയാറില്ല. മലയാളികൾ മരുമക്കത്തായക്കാരായതുകൊണ്ടാണെന്ന് ആരും സംശയിക്കേണ്ട. ഇംഗ്ലീഷിൽ പറയുന്നത്. എന്താണ്? 'Mother tongue' എന്നല്ലെ? അവർ മക്കത്തായക്കാരായിട്ടുംകൂടെ 'Father tongue' എന്നു പറയാറില്ലല്ലോ. ഇതുപോലെതന്നെ 'മാതൃഭൂമി', 'Mother country' എന്നും മററുമല്ലാതെ, 'പിതൃഭൂമി', 'Father country' എന്നും മററും ആരും പറയാറില്ല. ഇതുകൊണ്ടു മാതൃസംബന്ധമായ വസ്തുവി

ന്ന പ്രത്യേകം ഒരു മാഹാത്മ്യമുണ്ടെന്നതിന്ന സംശയമില്ല. നാം നമ്മുടെ മാതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതിന്ന പുറമെ, അവരുടെ ക്ഷേമത്തിന്നായിക്കൊണ്ടു പ്രയത്നിക്കേണ്ടതും നമ്മുടെ മുറയാകുന്നു. മാതൃദത്തമായ വസ്തുക്കളിൽ നാം സ്നേഹബഹുമാനങ്ങളോടുകൂടി വർത്തിക്കുന്നതു നമുക്കു മാതാവിങ്കലുള്ള സ്നേഹത്തെയും ബഹുമാനത്തെയും കാണിക്കുകയാകുന്നു. വളരെ താണനിലയിലിരുന്ന ഒരു സ്ത്രീയുടെ പുത്രൻ കാലക്രമംകൊണ്ടു വലിയ പദവിയിൽ എത്തുന്ന പക്ഷം, യൌവനം, കാലോചിതമായ പരിഷ്കാരം മുതലായ അവസ്ഥകളില്ലാത്ത മാതാവിനെ അയാളുടെ അമ്മയാണെന്നുപോലും സമ്മതിക്കുവാൻ വൈമനസ്യം കാണിക്കുമോ? "പത്തമ്മ ചമഞ്ഞുവന്നാലും പെറ്റമ്മക്കു സമമല്ല" എന്ന പഴമൊഴിപോലെതന്നെ, നാം എത്ര ഭാഷകൾ പഠിച്ചാലും നമുക്കു നമ്മുടെ മാതൃഭാഷയോടുള്ള കടമക്കു കുറവു വരുന്നതല്ല. മാതൃഭാഷ തന്റെ തൽക്കാലാവസ്ഥക്കു അനുരൂപമായ പരിഷ്കാരത്തെ പ്രാപിക്കാത്തതുകൊണ്ട്, അതിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് അന്തസ്സിന്നു പോരായ്കയാണെന്നു വിചാരിക്കുന്ന പരിഷ്കാരികളുണ്ടെങ്കിൽ, അവർ പുതിയമോടിയില്ലാത്ത മാതാക്കന്മാരെ നിശ്ചയമായും തങ്ങളുടെ ഭാര്യമാരുടെ വേലക്കാരത്തികളാണെന്ന് അവരുടെ സമന്മാരോടു പറയാതിരിക്കുന്നതല്ല. കൃത്യബോധമില്ലാത്ത ഈവക ദുരഭിമാനികളുടെ ചുരുക്കം മലയാളഭാഷയുടെ ഭാഗ്യം തന്നെ!

മലയാളഭാഷയുടെ പിതൃസ്ഥാനത്തെപ്പററി പല ഭിന്നാഭിപ്രായങ്ങളുമുണ്ട്. അതിനെ സംബന്ധിച്ച ഒരു വാദം ഈ അവസരത്തിൽ അനാവശ്യമാകയാൽ, മലയാളം ഒരു ദ്രാവിഡഭാഷയാണെന്നും സംസ്കൃതത്തിന്റെയും തമിഴിന്റെയും സഹായത്തെ ആശ്രയിച്ചിരിക്കുന്നതാണെന്നും മാത്രമേ പറയുന്നുള്ളു. എന്നുതന്നെയുമല്ല, മലയാളഭാഷ നമ്മുടെ സ്നേഹബഹുമാനാദികൾക്കു പാത്രീഭവിട്ടുണ്ടെന്നുള്ള വാസ്തവം വിസ്മരിക്കത്തക്കതുമല്ല. ഏകദേശം മുന്നൂറു കൊല്ലങ്ങൾക്കു മുമ്പു, തുഞ്ചത്തെഴുത്തച്ഛന്റെ കാലംവരെ, മലയാളഭാഷക്കു യാതൊരു പരിഷ്കാരവും ഉണ്ടായിട്ടില്ല. ഒരു രാജ്യത്തെ ജനങ്ങൾ പരിഷ്കൃതന്മാരായിരുന്നോ എന്ന് ഊഹിക്കുന്നത് അവരുടെ അന്നത്തെ ഭാഷയുടെ സ്ഥിതിയിൽ നിന്നാകുന്നു. എന്നാൽ എഴുത്തച്ഛൻ മുതലായവരുടെ കാലത്തിനു ശേഷമാണ് മലയാളരാജ്യത്തു പറയത്തക്ക പല പരിഷ്കാരങ്ങളും ഉണ്ടായിരിക്കുന്നത്. മലയാളഭാഷയെ ഒരു ഭാഷയാക്കിത്തീർത്തതും എഴുത്തച്ഛൻതന്നെയാണ്. എങ്കിലും അദ്ദേഹത്തിന്റെ കാലം കഴിഞ്ഞതിനുശേഷം മൂന്നാലു സംഗതികളിൽ പ്രായേണ പരിഷ്കാരമുണ്ടായിരിക്കുന്നതൊതനുസരിച്ചു ഭാഷക്കു പരിഷ്കാരമുണ്ടായിട്ടില്ലെന്നുള്ള വാസ്തവം വ്യസനിക്കത്തക്കതാകുന്നു. മലയാളഭാഷയും ഇംഗ്ലീഷുഭാഷയും പരിഷ്കാരപദ്ധതിയിലേക്കു പുറപ്പെട്ടത് ഏകദേശം ഒരേ കാലത്താണെന്നു ചരിത്രങ്ങളിൽ നിന്നറിയാവുന്നതാണല്ലോ. പക്ഷേ, ഈ രണ്ടു ഭാഷകളുടെയും സ്ഥിതി മുയലും ആമയും യാത്ര ചെ

യ്യത്തുപോലെയായിട്ടുണ്ട്. നാം മിക്ക സംഗതികളിലും മാതൃകയായി സ്വീകരിച്ചുപോരുന്നത് ആംഗ്ലേയരേയാണല്ലോ. അവർ അവരുടെ മാതൃഭാഷയെ പരിഷ്കരിക്കാൻ ചെയ്യു പരിശ്രമങ്ങൾ ദൃഷ്ടാന്തയോഗ്യമായിട്ടുംകൂടെ നാം ഈ സംഗതിയിൽ അവരെ അനുകരിക്കാം. തു നമ്മുടെ ഉദാസീനതകൊണ്ടല്ലാതെ മറെറന്തുകൊണ്ടാണ്? നമ്മുടെ മാതൃഭാഷയുടെ അഭിവൃദ്ധിക്കായി നാം പ്രയത്നം ചെയ്യുന്നരായാൽ അവർ നമ്മുക്കു ചില സ്ഥാനമാനങ്ങൾ തരാനുംകൂടെ തയാറാണ്. 'അണ്ണാരക്കണ്ണൻ തന്നാലായത്' എന്ന മട്ടിൽ പരിശ്രമിക്കുന്നവക്കു പ്രതിഫലമായ വല്ല സ്ഥാനമാനങ്ങളും കിട്ടുമ്പോഴാണ് മററുള്ളവരുടെ മനോധർമ്മവും കവിതാചാതുർയ്യവും വെളിപ്പെടുന്നത്. ഇവരുടെ വിചാരം തങ്ങൾക്ക് അസാദ്ധ്യമെന്നു തോന്നുന്ന യാതൊരുസംഗതിയും അന്യന്നു സാദ്ധ്യമല്ലെന്നും അഥവാ സാധിച്ചാൽത്തന്നെ അതു നിസ്സാരമാണെന്നുമാകുന്നു. നമ്മുടെ ഇടയിൽ ഇങ്ങിനെ ചില ദുഷ്ടവിചാരങ്ങൾ കിടന്നു കളിക്കുന്നതാണ് ഭാഷാഭിവൃദ്ധിക്കു പ്രധാനമായ പ്രതിബന്ധം.

എഴുത്തച്ഛൻ വെട്ടിത്തെളിച്ച ഭാഷാപദ്ധതി പിന്നെയും കാടുപിടിച്ചുപോയതിനു പല കാരണങ്ങളുമുണ്ട്. മുഖ്യമായ കാരണം 'കലക്കി കുടിക്കണം' എന്നുള്ള സിദ്ധാന്തം തന്നെയാണ്. മലയാളഭാഷയുടെ അഭിവൃദ്ധിക്കുള്ളവഴി സംസ്കൃതത്തിന്റെയും തമിഴിന്റെയും സഹായമാണെന്നു പറഞ്ഞുവല്ലോ. സംസ്കൃതം ആർയ്യന്മാരുടെ ഭാഷയാണ്. ആർയ്യന്മാർ നമ്മുടെ ബ്രാ

ഹമണരല്ലേ? അതുകൊണ്ടു സംസ്കൃതഭാഷ ബ്രഹ്മസ്വമായിത്തീൎന്നു. ബ്രഹ്മസ്വം മാറല്ലവൎക്ക് അനുഭവയോഗ്യവുമല്ല. എന്നാൽ തമിഴിനു മലയാളത്തിൽ പ്രാധാന്യം സിദ്ധിക്കുന്നതിനു മുമ്പായി രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഇടയിൽ സംസ്കൃതഭ്രമം കടന്നുകൂടി. തന്നിമിത്തം തമിഴിന്റെ പ്രചാരം തീരെ കുറഞ്ഞുപോയി.

ഒരു ഭാഷയുടെ ആദ്യകാലത്ത് അധികമായുണ്ടാകുന്നതു പദ്യങ്ങളാകുന്നു. അതുപോലെതന്നെ പദ്യങ്ങൾ കുറഞ്ഞും ഗദ്യങ്ങൾ കൂടിയും വരുന്നതു ഭാഷയുടെ അഭിവൃദ്ധിയെ സൂചിപ്പിക്കുകയുമാണ്. എന്നാൽ മലയാളത്തിൽ ഭാഷയ്ക്കു സ്വാഭാവികമായ വളൎച്ചയുണ്ടായിട്ടില്ലെന്നതിനു പല ദൃഷ്ടാന്തങ്ങളുമുണ്ട്. തമിഴിന്റെ സഹായത്തെ ആശ്രയിച്ചിരുന്ന കാലത്തു മലയാളത്തിൽ പദ്യങ്ങൾ അധികം ഉണ്ടായിട്ടില്ല. അതിനുശേഷം സംസ്കൃതത്തിന്റെ മേലന്വേഷണകാലത്തും കാൎയ്യം സമസ്ഥിരതന്നെ. ഇതിനുള്ള കാരണം എന്താണെന്ന് ആലോചിക്കേണ്ടതാണല്ലോ. മലയാളത്തിൽ അക്കാലത്തു പ്രബലന്മാരായിരുന്നതു ബ്രാഹ്മണരും നാട്ടുവാഴികളുമാകുന്നു. ഇവരുടെ സ്വാതന്ത്ര്യതല്പരതയും പരവശ്യവും നിമിത്തം സാധാരണന്മാരുടെ ഇടയിൽ വിദ്യാഭ്യാസവും വിദ്വാന്മാരും ഇല്ലാതായി. അന്നത്തെ ബ്രാഹ്മണരുടെയും നാട്ടുവാഴികളുടെയും ഇടയിൽ ഉണ്ടായിരുന്ന വിദ്വാന്മാരുടെ സംഖ്യയിൽ കുറേക്ക് ഒരുവിധമെങ്കിലും സാധാരണന്മാരുടെ ഇടയിൽ വിദ്വാന്മാരുണ്ടായിരുന്നില്ലെന്നുള്ള വസ്തുത

ന്നെ മേൽപറഞ്ഞ വൎഗ്ഗക്കാൎക്ക ഭാഷാഭിവൃദ്ധിയിൽ താ ല്പൎയ്യമുണ്ടായിരുന്നില്ലെന്നതിന്ന മതിയായ ലക്ഷ്യമാണ ല്ലൊ. മലയാളത്തിലെ സകല സാധനങ്ങളും ബ്രഹ്മ സ്വമാണെന്നല്ലെ ജനങ്ങളെ വിശ്വസിപ്പിച്ചിരുന്ന ത്. അതുപോലെതന്നെ വളരെ കാലത്തോളം സംസ്കൃ തജ്ഞാനവും ബ്രഹ്മസ്വമായിരുന്നു. അതിന്നുശേഷം വ സ്ത്ര വഹകൾ ചാൎത്തി കൊടുത്തുപോന്നതുപോലെ, ജ ന്മിയുടെ ആവശ്യത്തെ അനുസരിച്ച്, സംസ്കൃതജ്ഞാന വും അടിമയായും അനുഭാഗമായും കുറേശ്ശ ചാൎത്തി കൊടുത്തുതുടങ്ങി. ഈ കാലങ്ങളിൽ അക്ഷരജ്ഞാന മുള്ള ശൂദ്രനെ കളിപ്പിച്ച കുതിരയെപ്പോലേയും മദം പൊട്ടിയ ഗജത്തെപ്പോലേയും ഗോശാലക്കുററനെ പ്പോലേയും വൎജ്ജിക്കേണമെന്നായിരുന്നു സിദ്ധാന്തം. ഇതിന്റെ വാസ്തവാവസ്ഥ എഴുത്തച്ഛനെ സംബന്ധി ച്ച പലകഥകളിൽനിന്നും തെളിയുന്നതാണല്ലൊ. സം സ്കൃതഭാഷയിൽ പാണ്ഡിത്യമുള്ളവർ 'കുന്തം കൊടുക്കക യുമില്ല, കുത്തുകയുമില്ല', എന്ന മട്ടിൽ കാലം കഴിച്ചു. മലയാളഭാഷയ്ക്ക സഹായമായിരുന്ന തമിഴ നാടുവിട്ടു പോകയും ചെയ്തു. ഒരു ഭാഷക്ക് അഭിവൃദ്ധിയുണ്ടാകുന്ന ത് അതിൽ ഗ്രന്ഥങ്ങൾ വൎദ്ധിക്കുമ്പോഴാണല്ലൊ. ത മിഴിൽനിന്നോ സംസ്കൃതത്തിൽനിന്നോ ഭാഷാന്തരങ്ങ ൾ ഉണ്ടായിട്ടല്ലാതെ പുതുന്ന മലയാളഭാഷയിൽ ഗ്രന്ഥ ങ്ങൾ ഉണ്ടാകുവാൻ നിവൃത്തിയുമില്ലായിരുന്നു. അന്ന ത്തെ സംസ്കൃതപണ്ഡിതന്മാരുടെ വിചാരം, ഇന്നത്തെ പണ്ഡിതന്മാരുടെ നാട്യംപോലെ, മലയാളഭാഷയിലേ ക്ക സംസ്കൃതഗ്രന്ഥങ്ങളെ ഭാഷാന്തരപ്പെടുത്തുന്നതു, മ

ലയാളഭാഷ നന്നായിപ്പോകാനുള്ള വഴിയാകുമെന്നുള്ള അറിവുമില്ല, അവരുടേയും സംസ്കൃതഭാഷയുടേയും കുലീനാവസ്ഥക്കു കുറവു വന്നെങ്കിലോ എന്നായിരുന്നു. അതുകൊണ്ട് എഴുത്തച്ഛന്റെ കാലത്തിനുശേഷം, പലപ്പോഴും ഭാഷാകവിതകൾ ഉണ്ടായിട്ടുണ്ടെന്നല്ലാതെ, തമിഴിൽനിന്നോ സംസ്കൃതത്തിൽനിന്നോ ശാസ്ത്രഗ്രന്ഥങ്ങൾക്കും മറ്റും ഭാഷാന്തരമുണ്ടായിട്ടില്ല. അന്ന് എഴുത്തച്ഛൻ ചെയ്തതുപോലെ, അദ്ദേഹത്തിന്റെ പിൻഗാമികൾ നിരന്തരമായി ഭാഷാഭിവൃദ്ധിക്കു ശ്രമിച്ചിരുന്നു എങ്കിൽ, നിശ്ചയമായും മലയാളഭാഷ വളരെക്കാലം മുമ്പു തന്നെ ഔന്നത്യത്തെ പ്രാപിക്കുമായിരുന്നു.

എഴുത്തച്ഛന്റെ കാലത്തിനുശേഷം നമ്മുടെ മാതൃഭാഷ, ഏകദേശം ഇരുനൂറു കൊല്ലത്തോളം, തീരെ ഓജസ്സില്ലാതെ കിടന്നു. പിന്നീടു കുഞ്ചൻനമ്പ്യാർ ഉർവ്വശിയുടെ ശാപംപോലെ മലയാളഭാഷക്ക് ഒരു ഉപകാരമായിത്തീർന്നു. എന്നുതന്നെയല്ല 'ലന്തപറങ്കികളിങ്കിരിയേസ്' മുതലായ പാശ്ചാത്യന്മാരും വന്നു കയറിയതോടുകൂടി പൊതുജനങ്ങളുടെ ഇടയിൽ അക്ഷരജ്ഞാനമുണ്ടാകുവാനും മാർഗ്ഗമായി. ആദ്യംമുതൽ ഇതുവരെ ഓരോ കാലങ്ങളിൽ ഓരോ ഭാഷക്കു പ്രാധാന്യമുണ്ടായിരുന്നു; മലയാളികൾ അവയിൽ ഓരോന്നിന്റേയും പുത്തുമാടിയിൽ ഭ്രമിച്ചു കാലം കഴിച്ചതല്ലാതെ, മാതൃഭാഷയെ പോഷിപ്പിക്കുവാൻ മനഃപൂർവ്വം ശ്രമിച്ചിട്ടില്ലെന്നുതന്നെ പറയാം. ഇംഗ്ലീഷുഭാഷക്കു പ്രചാരമുണ്ടായപ്പോൾ, തമിഴും, സംസ്കൃതവും വേണ്ടെന്നുവെച്ചു. ഇംഗ്ലീഷ്ഭാഷയുടെ പ്രാധാന്യവും അതനുസരിച്ചു വിദ്യാ

ഭ്യാസക്രമവും പിന്നെയും നമ്മുടെ മാതൃഭാഷയുടെ മന്ദഗതിക്കു കാരണമായിത്തീൎന്നു. ഈ സംഗതികൾ അറിയപ്പോകുന്ന കുറഞ്ഞൊരു ഏതാനും കിട്ടിയതുപോലെയാണ് സംഭവിച്ചിരിക്കുന്നത്. ഈ പ്രബന്ധത്തിൽ കാണിച്ചിരിക്കുന്ന സംഗതികളിൽനിന്നു ഞാൻ ഒരു ദോഷൈകദൃക്കാണെന്നും ദോഷപ്രഖ്യാപനത്തിന്നു മാത്രമായി പുറപ്പെട്ടിരിക്കുകയാണെന്നും മാന്യന്മാരായ സദസ്യന്മാർ വിചാരിക്കാതിരിപ്പാൻ അപേക്ഷ. ഗുണാംശങ്ങളെപ്പററി പ്രസ്താവിക്കാതെ ദോഷാംശം മാത്രമെടുത്തു പറയുന്നതിനുള്ള കാരണം, ഗുണങ്ങൾ നാം അനുഭവിക്കുന്നതാകകൊണ്ടും ദോഷങ്ങളെ അവശ്യം നിവാരണം ചെയ്യേണ്ടതാകകൊണ്ടുമാകുന്നു.

സൎവ്വകലാശാലക്കാരും മററു വിദ്യാഭ്യാസവിഭാഗഭാരവാഹികളും, അവരുടെ കിഞ്ചിജ്ഞത ഹേതുവായിട്ടല്ലെങ്കിൽ, വ്യസനകരമായ ഉദാസീനത നിമിത്തം, മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ചെയ്തുവരുന്ന പ്രയത്നം പ്രയോജനകരമല്ലെന്നു പറയാതെ നിവൃത്തിയില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്നു പ്രാധാന്യം സിദ്ധിച്ചതോടുകൂടി നമ്മുടെ മാതൃഭാഷകൾക്കു സ്വഭവനത്തിൽപോലും അപ്രധാനത്വം സംഭവിച്ചു. ഇപ്പോഴത്തെ സൎവ്വകലാശാലാനിയമങ്ങളെ അനുസരിച്ചു മാതൃഭാഷകളെ ദ്വിതീയഭാഷകളായിട്ടാണ് ഗണിച്ചുപോരുന്നത്. പ്രഥമസ്ഥാനം ഇംഗ്ലീഷുഭാഷയ്ക്കുതന്നെ! ഇംഗ്ലാണ്ട്, ജൎമ്മനി, ജപ്പാൻ മുതലായ രാജ്യങ്ങളിൽ ദ്വിതീയസ്ഥാനമാണോ അവരുടെ മാതൃഭാഷകൾക്കു കൊടുത്തിരിക്കുന്നത്? നാം രാജഭാഷ പഠിക്കേ

ണ്ടത് ഒഴിച്ചുകൂടാത്ത ഒരു ആവശ്യമാകുന്നു. പക്ഷെ, അങ്ങിനെ ചെയ്യുന്നതു മാതൃഭാഷയെ ഉപേക്ഷിച്ചിട്ടു വേണമെന്നുണ്ടോ? ഇന്ത്യയിൽ അനേകം മാതൃഭാഷകൾ ഉള്ളതുകൊണ്ടു പ്രധാന ഭാഷയ്ക്കു് ഐകരൂപ്യം വരുത്തുവാൻ പ്രയാസമാണെന്നതിനു സംശയമില്ല. ഇംഗ്ലീഷുഭാഷയ്ക്കു പ്രാധാന്യം കൊടുക്കാതെയും നിവൃത്തിയില്ല. അതുകൊണ്ടു മാതൃഭാഷ ചീഞ്ഞിട്ടുവേണമൊ ഇംഗ്ലീഷുഭാഷയ്ക്കു വളം കൊടുക്കാൻ? ഇങ്ങിനെയല്ലാമായിട്ടുംകൂടെ നമുക്കുള്ള ഫലമെന്താണ്? ഇതേവരെ മാതൃഭാഷയെ ദ്വിതീയഭാഷയായും ഇംഗ്ലീഷുഭാഷയെ മുഖ്യഭാഷയായും പഠിച്ചിട്ടുള്ളവരിൽ എത്രപേർ മുഖ്യഭാഷയിൽ പറയത്തക്ക പാണ്ഡിത്യം സമ്പാദിച്ചിട്ടുണ്ട്? മുഖ്യഭാഷയിൽ അവർ സർവ്വസമ്മതമായ എത്ര ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്? ഇന്ത്യാരാജ്യത്തുവന്നു നമ്മുടെ മാതൃഭാഷകൾ പഠിച്ചു ഗ്രന്ഥങ്ങൾ എഴുതീട്ടുള്ള ആംഗ്ലേയരുടെ സംഖ്യയോടും ഗ്രന്ഥത്തോടും, ഇംഗ്ലീഷു പഠിച്ചിരിക്കുന്ന നമ്മുടെ നാട്ടുകാരേയും ഇംഗ്ലീഷുഭാഷയിൽ അവർ എഴുതീട്ടുള്ള ഗ്രന്ഥങ്ങളേയും താരതമ്യപ്പെടുത്തുമ്പോൾ, പ്രത്യക്ഷപ്പെടുന്ന വ്യത്യാസം അനല്പമായിരിക്കും. മാതൃഭാഷയെ നാം അപ്രധാനമായി ഗണിച്ചുപോന്നതുകൊണ്ടു നമുക്കു് അതിൽ പാണ്ഡിത്യമില്ലാതായത് ഒട്ടും അപ്രകൃതവുമല്ലല്ലൊ. അതുകൊണ്ടു നമുക്ക് ഇംഗ്ലീഷുവിദ്യാഭ്യാസംകൊണ്ടു സിദ്ധിച്ചിരിക്കുന്ന സ്ഥാനം ഇപ്പോൾ ത്രിശങ്കുസ്വർഗ്ഗമാണെന്നതിനു സംശയമില്ല.

പാഠപുസ്തകങ്ങൾ ഏർപ്പെടുത്തുന്ന സംഗതിയിൽ

സൎവ്വകലാശാലക്കാർ മലയാളഭാഷയെ സംബന്ധിച്ചിടത്തോളം അല്പം അശ്രദ്ധന്മാരായിരിക്കുന്നതു നമ്മുടെ മാതൃഭാഷയുടെ മുൻഗതിക്കു പ്രധാനമായ പ്രതിബന്ധമായിത്തീരുന്നുണ്ട്. ഇവർ ചിലപ്പോൾ തെങ്ങിനും കവുങ്ങിനും കെട്ടുന്ന തളപ്പ് ഒന്നുതന്നെയായിരിക്കും. ഒരു കൊല്ലത്തിൽ എഫ്. ഏ. പരീക്ഷയ്ക്കു നിശ്ചയിച്ചിരുന്ന പാഠംതന്നെയായിരിക്കും വേറെ ഒരിക്കൽ മട്രിക്കുലേഷൻ പരീക്ഷയ്ക്കുംവേണ്ട, ഫോൎത്ത് ഫാറത്തിലേക്കും തീൎച്ചയാക്കുന്നത്. ഇതിൽനിന്നു നാം അനുമാനിക്കേണ്ടത് എന്താണ്? പത്തുകൊല്ലംമുമ്പ് എഫ്. ഏ. പരീക്ഷയ്ക്കു പഠിച്ചിരുന്ന വിദ്യാൎത്ഥികളോളം പാണ്ഡിത്യം ഇപ്പോഴത്തെ ഫോൎത്തുഫാറത്തിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കുണ്ടെന്നാണോ? വാസ്തവം അതല്ലെന്നുള്ളതിനു നമ്മുടെ അനുഭവം മതിയായ ലക്ഷ്യമാണല്ലോ. ഇങ്ങിനെ മരമറിഞ്ഞു കൊടിയിടാത്തതുകൊണ്ടു മരത്തിനും കൊടിക്കും ദോഷമാണുണ്ടാകുന്നത്. എന്നാൽ സിംബാദിന്റെ കപ്പൽ ഉടഞ്ഞതും അതിശയമാന്ത് നിലവിളക്കു കെട്ടതും മലയാളഭാഷയുടെ ഭാഗ്യംതന്നെ!

മേലിൽ മലയാളഭാഷയുടെ അഭിവൃദ്ധിക്ക് അത്യാവശ്യമായ ഭാഷകൾ ഇംഗ്ലീഷും സംസ്കൃതവുമാകുന്നു. ഇതിൽ സംസ്കൃതഭാഷ നവീനസമ്പ്രദായപ്രകാരം പഠിക്കുന്നതുകൊണ്ട് ആഗ്രഹിക്കത്തക്ക ഗുണമൊന്നുമുണ്ടാകുന്നില്ല. ഇക്കാലത്തു പാഠശാലകളിൽ സംസ്കൃതം പഠിച്ചുപോകുന്ന വിദ്യാൎത്ഥികൾക്കു മലയാളം തീരെ അറിഞ്ഞുകൂടെന്നു പറയുന്നതു വേറുതെ പരിഹസിക്കയാ

ണെന്ന് ആരും സംശയിക്കരുത്. സംസ്കൃതമെടുത്തു ബി. ഏ. പരീക്ഷയിൽ ജയിച്ചിട്ടുള്ളവരിൽ, അദ്ധ്യകാലംമുതൽക്കുതന്നെ വേറെ വിധത്തിൽ കാവ്യങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ, സംസ്കൃതജ്ഞാനമുള്ളവർ എത്രപേരുണ്ട്? മലയാളംതന്നെ അറിഞ്ഞുകൂടെന്നു സമ്മതിക്കുന്ന സ്ഥിതിക്കു സംസ്കൃതത്തിന്റെ കഥ നമുക്ക് അനുമാനിക്കാമല്ലോ. ഇപ്പോഴത്തെ നിശ്ചയപ്രകാരം പരീക്ഷകൾക്കു മലയാളം ഒരു നിർബ്ബന്ധവിഷയമായിട്ടുമുണ്ട്. ഈ നിർബ്ബന്ധം ഭിത്തിയില്ലാതെ ചിത്രമെഴുതണമെന്നു സിദ്ധാന്തിക്കുന്നതുപോലെയാണ്. വിദ്യാർത്ഥികൾക്കു മലയാളഭാഷയിൽ പാണ്ഡിത്യമുണ്ടാകുന്നതിനു സംസ്കൃതഭാഷയിൽ സാമാന്യമായ ഒരറിവെങ്കിലും ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാകുന്നു. അതുകൊണ്ടു സംസ്കൃതഭാഷ അഭ്യസിക്കുന്നതു നമ്മുടെ മാതൃഭാഷയ്ക്കു സഹായമായിത്തീരത്തക്കവിധത്തിലായിരിക്കണം. ഇപ്പോൾ നാം അഭ്യസിച്ചുവരുന്ന ഇംഗ്ലീഷും സംസ്കൃതവും മാതൃഭാഷയുംകൂടെ യോജിപ്പിക്കുമ്പോൾ മാത്രമേ മാതൃഭാഷയ്ക്ക് അഭിവൃദ്ധിയുണ്ടാകയുള്ളൂ. എന്തുകൊണ്ടെന്നാൽ, മലയാളഭാഷയിൽ ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടതു സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും ഭാഷാന്തരപ്പെടുത്തീട്ടും മററുമാകുന്നു. ഇംഗ്ലീഷിൽനിന്ന് ഒരു ഗ്രന്ഥം തർജ്ജമ ചെയ്യണമെങ്കിൽ സംസ്കൃതത്തിന്റെ സഹായം അത്യാവശ്യമാണ്; സംസ്കൃതഗ്രന്ഥങ്ങളെ തർജ്ജമ ചെയ്യുമ്പോൾ, അത് ഇംഗ്ലീഷുരീതിയെ അനുസരിച്ചായിരുന്നാൽ, കാലാവസ്ഥകൊണ്ടു ജനങ്ങൾക്ക് അധികം ഉപകാരമുള്ളതായിത്തീരുന്നതുമാകുന്നു.

സംസ്കൃതഭാഷ മററു ഭാഷകളെപ്പോലെയല്ല; വളരെ കാഠിന്യവും വഴക്കവും യോജിച്ചിരിക്കുന്നതായ വേറൊരു ഭാഷയില്ലെന്നു തന്നെ പറയാം. "ഇപ്പോൾ പകലാണ്" എന്നു സംസ്കൃതഭാഷയിൽ പറയുന്ന പദങ്ങൾക്കു നേരെ വിപരീതമായ അർത്ഥവും കൂടെ ഉണ്ടാകാവുന്നതാണ്. ഇങ്ങിനെ വഴങ്ങിക്കൊടുക്കുന്ന ഒരു ഭാഷയിൽ എഴുതിട്ടുള്ള ശാസ്ത്രങ്ങളെ സൂക്ഷ്മമായി ഗ്രഹിക്കുന്നതിനു സാമാന്യത്തിലധികം സാമർത്ഥ്യം വേണ്ടതാകുന്നു. അതുകൂടാതെ അമ്പലം വിഴുങ്ങിയ വിദ്യകൊണ്ടൊന്നും കാര്യം നടക്കുന്നതല്ല. സംസ്കൃതപണ്ഡിതന്മാർ പണ്ടും ഇപ്പോഴും ശാസ്ത്രഗ്രന്ഥങ്ങളെ ഭാഷാന്തരപ്പെടുത്തുവാൻ ശ്രമിച്ചിട്ടും ശ്രമിക്കുന്നതുമില്ല. എഴുത്തച്ഛനെപ്പോലെ, പൊതുവെ മലയാളികൾക്കും ഭാഷക്കും ഉപകരിക്കുന്ന വിധത്തിൽ വല്ല വിശിഷ്ടഗ്രന്ഥങ്ങളും ഭാഷാന്തരപ്പെടുത്തീട്ടുണ്ടെങ്കിൽ, ആ മഹാത്മാവു പണ്ഡിതാഗ്രേസരനായ കൈക്കുളങ്ങര രാമവാരിയർ മാത്രമാകുന്നു. എല്ലാ രാജ്യങ്ങളിലും എല്ലാ ജനങ്ങൾക്കും എല്ലാ കാലത്തും ഒരുപോലെ ഉപയോഗമുള്ള ഒരു ശാസ്ത്രമാകുന്നു വൈദ്യം. മലയാളത്തിലെ അഷ്ടവൈദ്യന്മാരുടെ യോഗ്യത സുപ്രസിദ്ധവുമാണ്. വൈദ്യശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ വൈദ്യന്മാർ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ശാസ്ത്രം പഠിച്ചു പരിചയിച്ച് അനുഭവം വരുത്തീട്ടുള്ള ഒരു വിദ്വാൻ എഴുതുന്നതുപോലെതന്നെ ആ ശാസ്ത്രത്തെക്കുറിച്ചു മററൊരുവൻ എഴുതുന്നതിനു പൂർത്തിയും ഫലിതവും ഉണ്ടാകുന്നതല്ല. വൈദ്യശാസ്ത്രത്തിലെ സാരഗർഭമായ ഭാഗ

ങ്ങൾ ശിഷ്യന്മാരെക്കൂടെ ഗ്രഹിപ്പിക്കാതെ ഗോപ്യമായി വെക്കേണമെന്നു വിചാരിച്ചിരുന്ന യോഗ്യന്മാർ അവരുടെ അറിവിനെ പൊതുജനങ്ങളുടെ ഉപകാരത്തിന്നായിക്കൊണ്ടു പ്രവൃത്തിക്കാതിരുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ? മറ്റു സകല സംഗതികളിലും പരിഷ്കാരം വൎദ്ധിച്ചിരിക്കുന്നു എന്നു വിചാരിക്കുന്ന ഈ കാലത്തുപോലും സംസ്കൃതത്തിൽനിന്നു് എത്രയെല്ലാം ഗ്രന്ഥങ്ങൾ ഭാഷാന്തരപ്പെടുത്തീട്ടുണ്ടു്?

ERNAKULAM.

ഒരു ഭാഷയുടെ ആദ്യകാലത്തു കവിതാഭ്രമം കലശലായിരിക്കും. എന്നുതന്നെയല്ല, കവികൾ അവരുടെ വിദഗ്ദ്ധതയെ പ്രകടിപ്പിക്കുവാനല്ലാതെ, പൊതുജനങ്ങളുടെ ഉപയോഗത്തെയും ഭാഷയുടെ മേൽഗതിയെയും ഉദ്ദേശിച്ചു പദ്യങ്ങൾ നിൎമ്മിക്കുന്ന സമ്പ്രദായവുമില്ല. ലേശംപോലും സംശയത്തിനു സംഗതിവരാൻ പാടില്ലാത്ത വൈദ്യശാസ്ത്രവുംകൂടെ ശ്ലോകത്തിൽ കഴിക്കുവാനാണു് ശ്രമിച്ചിട്ടുള്ളതു്. ഇപ്പോൾതന്നെ അഷ്ടാംഗഹൃദയം ഭാഷാന്തരപ്പെടുത്തുന്നതു പദ്യമായിട്ടാണു്. അതിലും വിശേഷിച്ചു, വൃത്താനുവൃത്തമായിട്ടുമാണു്. സംസ്കൃതശ്ലോകങ്ങളെ, പ്രത്യേകിച്ചും വൈദ്യം മുതലായ ശാസ്ത്രങ്ങളിലെ ശ്ലോകങ്ങളെ, വൃത്താനുവൃത്തമായി ഭാഷാന്തരപ്പെടുത്തുവാൻ വേണ്ടിവരുന്ന പ്രയത്നത്തിന്റെ പത്തിലൊരംശം ശ്രമം ഗദ്യമായി എഴുതുവാനാണു് ഉപയോഗിക്കുന്നതു് എങ്കിൽ, നൂറിരട്ടി ഗുണമുണ്ടാകുമെന്നതിനു സംശയമില്ല. പൊതുജനങ്ങളുടെ ഉപയോഗത്തിന്നുതകുന്നതായ ഒരു ഗ്രന്ഥംകൊണ്ടു ഭാഷക്കു് അഭിവൃദ്ധിയൊ ആ ശാസ്ത്രത്തിനു പ്രചാരമൊ

ഉണ്ടാകുന്നതല്ല. ഇതിന്റെ വാസ്തവം നമുക്ക് അനുഭവമാണല്ലോ. നമ്മുടെ മാതൃഭാഷയിൽ ഇതേവരെ, ചില ആഖ്യായികകളും മററുമല്ലാതെ, ശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടില്ലെന്നു പറയുന്നതു പാശ്ചാത്യപരിഷ്കാരം സിദ്ധിച്ച മഹാന്മാക്കും സംസ്കൃതപണ്ഡിതന്മാക്കും വളരെ വിലക്ഷണമാകുന്നു. ഇവരുടെ ഈ ഉദാസീനതയ്ക്കുള്ള കാരണം ഇവരുടെ വിശാലമായ ഹൃദയത്തെ വിശദമാക്കുന്നതിനു ഭാഷയിൽ വാക്കുകളില്ലാത്തതും ഉണ്ടെങ്കിൽ, ഇവർ അറിയാത്തതുമാണത്രെ! ഷേക്സ്പിയർ എന്ന ആംഗ്ലേയകവിയുടെ കവിതകൾ വായിച്ചിട്ടുള്ള പാശ്ചാത്യപരിഷ്കാരികൾ ഈ സമാധാനം പറയുന്നത് എത്ര സ്വീകാരയോഗ്യമായിരിക്കുമെന്നു നമുക്കെല്ലാവക്കും അറിയാമല്ലോ. സംസ്കൃതപണ്ഡിതന്മാരുടെ സമാധാനം വാക്കുകളുടെ ദൌല്ലഭ്യത്തെ സംബന്ധിച്ചു മാത്രമല്ല; സംസ്കൃതം അശുദ്ധമായിപ്പോകുമെന്നുകൂടെ ഒരു മൂഢവിശ്വാസവുമുണ്ടെന്നു തോന്നുന്നു! എന്തിനെയായാലും, 'കുരങ്ങനായിട്ടും കോരവായിട്ടും തോട്ടത്തിൽ കായില്ല' എന്നു പറഞ്ഞതുപോലെ നമ്മുടെ മാതൃഭാഷ വിഫലമായിത്തീരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

മലയാളികളുടെ ഇടയിൽ സാധാരണന്മാക്കു പുസ്തകങ്ങൾ വായിക്കുവാൻ ആഗ്രഹമില്ലാ എന്നൊരു മിത്ഥ്യാരക്ഷേപം കേൾക്കുന്നുണ്ട്. ഇതിന്റെ വാസ്തവം നേരെ മറിച്ചാണ്. സാധാരണന്മാക്കു വായിക്കത്തക്ക പുസ്തകങ്ങളില്ലാത്തതുകൊണ്ടാണ് അവർ വായിക്കാത്തത്. അവക്കു ഗ്രഹിക്കാൻ കഴിയുന്ന പുസ്ത

കണ്ടാൽ അവർ വായിക്കുന്നതുമുണ്ട്. ഭീമൻകഥ, രാമായണംകുറത്തിപ്പാട്ട് മുതലായ പുസ്തകങ്ങൾക്കു ചിലവുള്ളതുപോലെ ഭാരതത്തിനും രാമായണത്തിനും ചിലവില്ലെന്നുള്ള വാസ്തവം തന്നെ മേൽപറഞ്ഞ സംഗതിക്കു മതിയായ ലക്ഷ്യമാകുന്നു. ഗദ്യഗ്രന്ഥങ്ങളിൽ ഭാരതവ്യവഹാരം, രാമായണവ്യവഹാരം എന്നും മററുമുള്ള പുസ്തകങ്ങൾക്കു ചിലവുള്ളതുപോലെ സാധാരണന്മാരുടെ ഇടയിൽ 'മാർത്താണ്ഡവർമ്മ'യ്ക്കോ 'പ്രാചീനാര്യാവർത്ത'ത്തിന്നോ ചിലവില്ല. സാധാരണന്മാർക്ക് ഈ വക പുസ്തകങ്ങളിൽ താല്പര്യമുണ്ടാകുന്നത് അവക്കു സംഗീതജ്ഞാനമുണ്ടായിട്ടോ കോടതിവ്യവഹാരം ശീലിക്കാമെന്നു വിചാരിച്ചിട്ടോ അല്ല. സാധാരണന്മാക്കു രസിക്കയും ഗ്രഹിക്കയും ചെയ്യാവുന്ന ഗ്രന്ഥങ്ങളായതുകൊണ്ടാകുന്നു. അതുകൊണ്ടു മലയാളഭാഷയിൽ ഗ്രന്ഥങ്ങളുണ്ടാക്കേണ്ടതു, പദ്യമായാലും ഗദ്യമായാലും, പണ്ഡിതന്മാക്കും പാമരന്മാക്കും രസിക്കത്തക്കവയാകുന്നു.

ഇങ്ങിനെയുള്ള ഗ്രന്ഥങ്ങൾ വദ്ധിക്കുമ്പോഴല്ലാതെ നമ്മുടെ മാതൃഭാഷയ്ക്ക് അഭിവൃദ്ധിയുണ്ടാകുന്നതല്ല. ഇംഗ്ലീഷിൽനിന്നും സംസ്കൃതത്തിൽനിന്നും ഭാഷാന്തരപ്പെടുത്തിയും അവയുടെ രീതിയെ അനുസരിച്ചു പുതുതായി നിർമ്മിച്ചുമാകുന്ന ഗ്രന്ഥങ്ങൾ വദ്ധിക്കേണ്ടത്. ഭാഷാന്തരപ്പെടുത്തുന്ന സംഗതിയിൽ തർജ്ജമക്കാരൻ പ്രത്യേകം മനസ്സിരുത്തേണ്ടതായ പല സംഗതികളുമുണ്ട്. സജാതീയത്വമുള്ള ഭാഷകളെ പരിഭാഷപ്പെടുത്തുമ്പോൾ തർജ്ജമക്കാരൻ അധികം മനോധർമ്മം പ്രയോഗിക്കേണമെന്നില്ല. അന്യഭാഷകളുടെ വാക്യം നേരെ മ

റിച്ചാണ്. അവിടെ മനോധർമ്മംതന്നെയാണ് വേണ്ട ത്. അതില്ലെങ്കിൽ ഭാഷാന്തരം വളരെ ആഭാസമായി രിക്കുമെന്നു മാത്രമല്ല, ഗ്രന്ഥകർത്താവിന്റെ ഉദ്ദേശം മനസ്സിലാകാതെയും വരും. ഇംഗ്ലീഷ്ഭാഷയെ ഭാഷാന്തരം ചെയ്യുന്ന പരിഭാഷകനു സംസ്കൃതജ്ഞാനവും അത്യാവശ്യമാണ്. അധികമൊന്നും ഇല്ലെങ്കിലും, സമാസപദങ്ങളെ തൊറക്കൂടാതെ ഉപയോഗിക്കാനും ശരിയായപദം ഉപയോഗിക്കാനും കഴിവുണ്ടായിരിക്കണം. 'Mountain' എന്ന ഇംഗ്ലീഷു വാക്കിനു 'മല' എന്നാണല്ലോ മലയാളം; 'Cave' എന്നതിനു 'ഗുഹ' എന്നും പറയാറുണ്ട്. ഗുഹ, സുഷിരം, ദ്വാരം എന്ന പദങ്ങളുടെ ഉപയോഗത്തിലുള്ള വ്യത്യാസം അറിയാതെ, 'മലയിലുള്ള ഒരു ഗുഹ' എന്ന് അർത്ഥം വരേണ്ടതിനു മല എന്ന പദത്തെയും ദ്വാരം എന്ന പദത്തെയും ഒരു സമാസപദമാക്കി "മലദ്വാരം" എന്നർത്ഥം പറഞ്ഞാൽ എത്രത്തോളം ആഭാസമായിരിക്കുമെന്നു നമുക്കറിയാമല്ലോ. ഇതുപോലെ പ്രയോഗിക്കാതിരിക്കുവാനാണ് പരിഭാഷകനു മനോധർമ്മവും സംസ്കൃതഭാഷയിൽ അല്പം പരിജ്ഞാനവും വേണമെന്നു പറഞ്ഞത്. വിശേഷിച്ച്, ഇംഗ്ലീഷിൽനിന്നും മററും, ശാസ്ത്രഗ്രന്ഥങ്ങൾ ഭാഷാന്തരപ്പെടുത്തുന്നതു ലളിതമായ ഗദ്യത്തിലായിരിക്കേണ്ടതുമാകുന്നു. ഗദ്യമെഴുത്ത് ഉത്തമരീതിയിൽ എത്തുമ്പോൾ മാത്രമേ ഒരു ഭാഷയ്ക്കു പരിഷ്കാരം സിദ്ധിച്ചു എന്നു വിചാരിപ്പാൻ പാടുള്ളൂ.

മലയാളഭാഷയ്ക്കു അഭിവൃദ്ധിയുണ്ടായിട്ടുണ്ടോ ഉണ്ടാകുന്നുണ്ടോ വല്ലവരും വാദിക്കുമായിരിക്കാം.

എന്നാൽ, ഒരു ഭാഷയുടെ പരിഷ്കൃതസ്ഥിതിയെ സൂചിപ്പിക്കുന്ന ചില പ്രധാനലക്ഷ്യങ്ങളുടെ അഭാവം മലയാളഭാഷയുടെ അപരിഷ്കൃതസ്ഥിതിയെ തെളിയിക്കുന്നതാണെന്നു പറയാതെ നിവൃത്തിയില്ല. സംസ്കൃതപണ്ഡിതന്മാരും മററു യോഗ്യരും മലയാളം എഴുതുമ്പോൾ വരുന്ന അക്ഷരപ്പിഴകൾക്കു കാരണമെന്താണെന്നാകുന്നു വിചാരിക്കേണ്ടതു്? ഏതു ഭാഷയിലും വർണ്ണവിന്യാസക്രമത്തെ സ്ഥിരപ്പെടുത്തേണ്ടതും, മലയാളഭാഷയിൽ ഒഴികെ മററു ഭാഷകളിലെല്ലാം, സ്ഥിരപ്പെടുത്തീട്ടുള്ളതുമാകുന്നു. ഒരു അക്ഷരത്തിനു പല ശബ്ദവും ഒരു ശബ്ദത്തിനു പല അക്ഷരങ്ങളും വേണ്ടതായ ഇംഗ്ലീഷുഭാഷയിൽപോലും വർണ്ണവിന്യാസക്രമം നിഷ്കർഷയായി സ്ഥിരപ്പെടുത്തീട്ടുണ്ടല്ലോ. അക്ഷരമാലയുടെ കാര്യത്തിൽ നമ്മുടെ മാതൃഭാഷ മററു ഭാഷകളേക്കാൾ പൂർണ്ണതയുള്ളതായിരുന്നിട്ടുംകൂടെ വർണ്ണവിന്യാസക്രമത്തിനു വ്യവസ്ഥയില്ലെന്നു വരുന്നതു് അതിന്റെ അപരിഷ്കൃതാവസ്ഥയെ തെളിയിക്കുകയല്ലേ? മലയാളത്തിൽ പല സ്ഥലങ്ങളിലുമുള്ളവർ 'ഇനിക്കു്' എന്നും 'എനിക്കു്' എന്നും എഴുതുന്നുണ്ടു്. ഇതുപോലെ അനേകം ദൃഷ്ടാന്തങ്ങളുള്ളവയെ ഇവിടെ പറയുന്നതായാൽ വിഷയം വല്ലാതെ ദീർഘിച്ചുപോകുമെന്നു ഭയപ്പെട്ടു് അതു ചെയ്യുന്നില്ല. ഭാഷയുടെ അഭിവൃദ്ധിയെ തെളിയിക്കുന്ന വേറെ ഒരു ലക്ഷ്യം ഗ്രന്ഥങ്ങളുടെ വർദ്ധനവാണ്. പാശ്ചാത്യരാജ്യങ്ങളിൽ കൊല്ലംതോറും പതിനായിരവും പന്തീരായിരവും പുതിയ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. മലയാളത്തിൽ പത്തു പുസ്തകമെങ്കിലും ഒരു കൊ

ല്ലത്തിൽ പുറത്തു വരുന്നുണ്ടോ? അവിടങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന ഓരോ പുസ്തകത്തിന്റെ അമ്പതിനായിരവും അറുപതിനായിരവും പ്രതികൾ വീതം വിററഴിയുന്നതുമാണ്. നമ്മുടെ മലയാളത്തിലെ സ്ഥിതി എന്താണ്? ഒരു പുസ്തകത്തിന്റെ അഞ്ഞൂറു പ്രതി വീതമെങ്കിലും ചിലവാകുമോ? വത്തമാനപത്രങ്ങളുടെ പ്രചാരം വേറെ ഒരു ലക്ഷ്യമാകുന്നു. മലയാളരാജ്യത്തു വത്തമാനപത്രങ്ങൾ ഉത്ഭവിച്ചിട്ട് അമ്പതു കൊല്ലമായിട്ടില്ല. ഏകദേശം ആയിരം കൊല്ലങ്ങൾക്കു മുമ്പു തന്നെ ചീനത്തു വത്തമാനപത്രങ്ങൾ ഉത്ഭവിച്ചിട്ടുണ്ടത്രെ! ഈ വക സംഗതികളെക്കുറിച്ച് ആലോചിക്കുമ്പോഴാണ് നമ്മുടെ മാതൃഭാഷയുടെ ദീനാവസ്ഥ വെളിപ്പെടുന്നത്.

അതുകൊണ്ടു കഴിഞ്ഞതിനെപ്പററി പരിഭവിക്കാതെയും പരിതപിക്കാതെയും അഭിവൃദ്ധിക്കായിക്കൊണ്ടു പ്രയത്നം ചെയ്യുന്നതിനാണ് നാം ഇനി ശ്രമിക്കേണ്ടത്. ഈ ഭാഷാസാഹിത്യപദ്ധതിയിൽ പരിശ്രമിക്കേണ്ടത് ഇനി ഇപ്പോഴത്തെ വിദ്യാർത്ഥികളാകുന്നു. അവരുടെ മുറകളിലും ചുമതലകളിലും ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഗതിയാകുന്നു മാതൃഭാഷാപരിഷ്കരണം. നമ്മുടെ ഉദ്യമങ്ങളിൽ പലപ്പോഴും അപജയം നേരിടാവുന്നതാണ്. എന്നുതന്നെയല്ല, വളരെ പരിഹാസവും കേൾക്കേണ്ടതായി വരും. വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ കവിതകൾക്കും കേരളകാളിദാസന്റെ സാഹിത്യസംബന്ധമായ അഭിപ്രായങ്ങൾക്കും കൂടെ അധിക്ഷേപം പുറപ്പെട്ടു കാണുന്ന ഈ കാലത്തു മററുള്ള

വരുടെ കഥ പറയേണ്ടതില്ലല്ലൊ. ധീരന്മാരെ ആക്ഷേപിക്കുന്നതുകൊണ്ട് അവരുടെ പ്രവൃത്തികൾ പ്രത്യക്ഷമായ ഊർജ്ജിതമുണ്ടാകുകയേയുള്ളു. അതുകൊണ്ടു നാം അന്യന്മാരുടെ ആക്ഷേപങ്ങളെ കേട്ടു പരിഭ്രമിച്ചു നിഷ്ക്രിയന്മാരായിരിക്കാതെ നമ്മുടെ മുറകൾ ചെയ്വാൻ സദാ സന്നദ്ധരായിരിക്കേണ്ടതാകുന്നു. 'ഒത്തുപിടിച്ചാൽ മലയും പോരും' എന്നുള്ള വൃദ്ധവചനത്തെ ഓൎത്തുകൊണ്ട് എല്ലാവരും യഥാശക്തി ഭാഷാഭിവൃദ്ധിക്കായിക്കൊണ്ടു ശ്രമിക്കുന്നതായാൽ, നമ്മുടെ പ്രയത്നത്തിന്റെ ഫലം നമുക്കും നമ്മുടെ അനുഗാമികൾക്കും അനുഭവിക്കാൻ കഴിയുമെന്നുമാത്രം പറഞ്ഞു ഞാൻ തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

## രാജഭക്തി.

രാജഭക്തിയെ കുറിച്ചു തൃപ്തിയാകുംവണ്ണം ഒരു പ്രസംഗം ചെയ്വാൻ തക്ക സാമൎത്ഥ്യം എനിക്കുണ്ടായിട്ടല്ലാ ഞാൻ ഇതിനു പുറപ്പെട്ടത്. ഈ വിഷയത്തിന്റെ മാഹാത്മ്യത്തെ ശ്രോതാക്കൾക്കു രസപ്രദമായ വിധത്തിൽ അനുഭവമാക്കിത്തീർക്കാൻ മുഖ്യമായി രണ്ടു സംഗതികളാണാവശ്യം: ആദ്യത്തേതു പ്രാസംഗികന്റെ വാക്ചാതുൎയ്യവും വിഷയത്തെ കുറിച്ചു വിശാലമായ അറിവുമാകുന്നു. പിന്നത്തെ സാഗിയും ഒട്ടും അപ്രധാനമല്ല; നേരെ മറിച്ചു, രണ്ടിലും വെച്ചു പ്രധാനമായതാണെന്നു കൂടെ പറയണം. ശ്രോതാക്കൾ

പ്രകൃത്യാ രാജഭക്തിയെന്ന നന്മയോടു കൂടിയവരായിരിക്കുന്നതുമാണ് രണ്ടാമത്തെ സംഗതി. അല്ലെങ്കിൽ, പ്രസംഗം പോത്തിന്റെ ചെവിയിൽ കിന്നരം വായിക്കുന്നതുപോലെയാവും. ഈ കാൎയ്യത്തിൽ എനിക്കു വാക്ചാതുൎയ്യാദി ഗുണങ്ങളില്ലാത്തതു കോട്ടം കാണുന്നതല്ല; എന്തുകൊണ്ടെന്നാൽ, നിങ്ങൾ പ്രകൃത്യാ രാജഭക്തന്മാരാണ്. അതുകൊണ്ടു നിങ്ങളിൽ നിറഞ്ഞിരിക്കുന്ന രാജഭക്തിയെ, ആ ദിവ്യനാമോച്ചാരണം കൊണ്ട് ഒന്നിളക്കിവെച്ചുറപ്പിക്കാം' എന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ.

രാജഭക്തിയെ കുറിച്ചു പ്രസംഗിക്കുമ്പോൾ, ആ സമാസപദത്തിന്റെ വിവരണവുംകൂടെ അത്യാവശ്യമാണല്ലോ. അതുകൊണ്ട്, 'രാജാവ്' ആരാണെന്നും, 'ഭക്തി' എന്താണെന്നും ആദ്യമായി ആലോചിക്കാം. ഈ കാലാവസ്ഥയ്ക്ക് ഈ പദങ്ങൾക്കു പ്രത്യേകം ഓരോ വിവരണമില്ലെങ്കിൽ, ചില മനുഷ്യർ പക്ഷെ അന്ധാളിച്ചേക്കാം. എന്തുകൊണ്ടെന്നാൽ, ഇക്കാലത്ത് ഓരോ കാരണവശാൽ, 'രാജാ' എന്നുള്ള പദം ചിലരുടെ പേരിന്റെ മുമ്പും, മറ്റു ചിലരുടെ പേരിന്റെ മുമ്പും പിമ്പും ചേൎത്തുകാണുന്നുണ്ട്. അതുകൊണ്ടു വാസ്തവരാജാവിനേയും കൃത്രിമരാജാവിനേയും തമ്മിൽ മാറിപ്പോകാതിരിക്കേണ്ടതാണല്ലോ.

'രാജാ' എന്ന സംസ്കൃതപദം 'രഞ്ജ്' എന്ന ധാതുവിൽ നിന്നുണ്ടായതാണെന്ന് ഒരു പക്ഷമുണ്ട്. വേറെ ഒരു പക്ഷം കാണുന്നത് അതു 'രജസ്സ്' എന്ന ധാതുവിൽ നിന്നുണ്ടായതെന്നാണ്. എനിക്കു സംസ്കൃത

ജ്ഞാനം കേവലം പൂജ്യമായതുകൊണ്ട് ആ പദത്തിന്റെ ഉത്ഭവത്തെ കുറിച്ചു മക്കടമുഷ്ടിപിടിക്കാൻ ധൈൎയ്യമില്ല. എങ്കിലും, മേല്പറഞ്ഞ രണ്ടു പക്ഷക്കാരുടേയും അഭിപ്രായങ്ങൾ ഈ പ്രകൃതത്തിനു യോജിക്കുമെന്നാണു തോന്നുന്നത്. ആദ്യം പറഞ്ഞ 'രഞ്ജ്' എന്ന ധാതുവിൽ നിന്നാണ് ആ പദം ജനിച്ചത് എന്നു പറയുന്നവർ രാജാവിനെ സങ്കല്പിക്കുന്നതു "ജനങ്ങളെ രഞ്ജിപ്പിക്കുന്നവൻ" എന്ന അൎത്ഥത്തിലാണ്. ഇങ്ങിനെയുള്ള ഒരാൾ അസാമാന്യനാണെന്നതിനു സംശയമില്ല. പക്ഷെ ഇതിലും ശ്രേഷ്ഠമായ ഒരു വിഭാവനയാണ് രാജപദത്തെ കുറിച്ചു നമുക്കുണ്ടാകുന്നത്. രാജാവിനെ 'സുഖദസുഖി' എന്നു രാമായണത്തിൽ വാല്മീകി പറഞ്ഞിട്ടുണ്ട്. ഇതിൽനിന്നു രാജാവു പ്രജകൾക്കു സുഖം കൊടുക്കുന്നവനും അവരുടെ സുഖത്തിൽ സുഖിക്കുന്നവനുമാണെന്നു വരുന്നുണ്ടല്ലൊ. 'രാജാവ് ഒരു ബാലനായാലും അദ്ദേഹത്തെ ആദരിക്കണം; എന്തുകൊണ്ടെന്നാൽ, രാജാവിനെ നിയമിച്ചിരിക്കുന്നത് ഈശ്വരനാണ്'. എന്നാണ് മനുവിന്റെ സിദ്ധാന്തം. 'അഷ്ടാഭിശ്ച സുരേന്ദ്രാണാം മാത്രാഭിൎന്നിൎമ്മിതോനൃപഃ" എന്നു ശുക്രനീതിയിലും കാണുന്നുണ്ട്. അഷ്ടദിക്പാലന്മാരുടെ അംശമായി ജനിച്ചവരാണ് രാജാക്കന്മാർ എന്നാണല്ലൊ ഇതിന്റെ സാരം. 'സത്വരജസ്തമോ' ഗുണങ്ങളോടുകൂടിയ ഈശ്വരന്റെ രജോഗുണാംശത്തോടുകൂടി ജനിച്ചവരാണ് രാജാക്കന്മാർ എന്നു പറയുന്നതായാലും യുക്തിഭംഗമുണ്ടെന്നു തോന്നുന്നില്ല. എങ്ങിനെയായാ

ല്ല, അവക്ക് അതിമാനുഷമായ ഒരു ശക്തിയുണ്ടെന്നുള്ള വിശ്വാസം ഇന്ത്യക്കാരുടെ ഇടയിൽ പണ്ടേക്കും പണ്ടേയുള്ളതാണ്. അതുകൊണ്ടു "രജസ്സ്" എന്ന ധാതുവിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം എന്നു പറയുന്നവരോടും നാം പരിഭവിക്കേണ്ട.

രാജാക്കന്മാർ ഈശ്വരചൈതന്യത്തോടു കൂടിയവരാണെന്നു പാശ്ചാത്യന്മാരും വിശ്വസിച്ചിരുന്നു എന്നതിനു സംശയമില്ല. ഇസ്രേൽ ജാതിക്കാരുടെ രാജാവായിരുന്ന 'ബൊലിൻ' അദ്ദേഹത്തിന്റെ പുത്രനോടു താഴെ പറയും പ്രകാരം ഉപദേശിച്ചതായി കാണുന്നുണ്ട്. "നീ ദൈവത്തിന്റെ പ്രതിനിധിയാണെന്നു കരുതണം; നിന്റെ ഭാരവാഹിത്വത്തിന്റെ ഗൌരവത്തെ കുറിച്ചു ശരിയായ ബോധമുണ്ടായിരിക്കണം; നിന്റെ വികാരങ്ങളെ ആലോചനയോടുകൂടി ഭരിക്കണം; കോപത്തിനു കീഴടങ്ങാതെ സൂക്ഷിക്കണം; കോപം മനുഷ്യക്കെല്ലാവക്കും ആപൽക്കരമാകുന്നു; എന്നാൽ, രാജാക്കന്മാരിൽ അതു് അവരുടെ മരണത്തിനുപോലും മതിയായ ഒരു ആയുധമാകുന്നു". ഇതുപോലെതന്നെ ഷേക്സ്പിയർ എന്ന ആംഗ്ലേയ മഹാകവി രാജാവു "സ്വർഗ്ഗത്തിലെ മഹാരാജാവിന്റെ പ്രതിമയാകുന്നു; എന്നു തന്നെയല്ല, അദ്ദേഹത്തിനാൽ നിയമിക്കപ്പെട്ട പ്രതിനിധിയുമാകുന്നു". എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു പാശ്ചാത്യന്മാരും രാജാക്കന്മാരെ അസാമാന്യമനുഷ്യരായി വിചാരിച്ചിരുന്നു എന്നു തെളിയുന്നുണ്ടല്ലോ. മുഹമ്മദീയരുടെ ഇടയിലുണ്ടായിരുന്ന വിശ്വാസം മേല്പറഞ്ഞതിനേക്കാൾ ശ

കതിയുള്ളതായിരുന്നു എന്ന് 'അക്ബർ' ചക്രവർത്തി 'സലിം' രാജകുമാരന് അയച്ച ഒരു എഴുത്തിൽനിന്നു വിശദമാകുന്നുണ്ട്. "ദൈവത്തിന്റെ ഛായയായ സർവ്വശക്തനായ ഒരു രാജാവാകുന്നു ഞാൻ," എന്നാണ് അദ്ദേഹം പറയുന്നത്!

രാജാക്കന്മാൎക്കു അസാധാരണമായ ഒരു ചൈതന്യമുണ്ടെന്നതിനു സംശയമില്ല. അതുകൊണ്ടാണ് അവർ ഈശ്വരാംശജന്മാരാണെന്നു പറയുന്നത്. അവൎക്ക് എന്തെങ്കിലും പ്രത്യേകം ഒരു വിശേഷമില്ലെങ്കിൽ, നമ്മളും രാജാക്കന്മാരാവായിരുന്നില്ലേ? എന്നു തന്നെയല്ല, രാജവംശത്തിൽ ജനിച്ചവരെല്ലാം രാജാക്കന്മാരാകുന്നുണ്ടോ? അതും ഇല്ല. ഏ! അതു സാരമില്ല. അതു പ്രകൃതിയുടെ ഒരു വികൃതിയാണെന്നു ചില രസികന്മാർ പറയുമായിരിക്കാം. എന്നാൽ, ആ വികൃതി ഒരു വെറും കൃതിയായിരുന്നെങ്കിൽ, അവരിൽ ആരുടെയെങ്കിലും കാൎയ്യം തകൃതിയാകുമായിരുന്നല്ലോ! എന്തുകൊണ്ട് അങ്ങിനെയല്ല? ഈ വക സംഗതികളെ പറ്റി സൂക്ഷ്മമായി ആലോചിക്കുമ്പോൾ, നമ്മുടെ പൂൎവ്വന്മാർ രാജാക്കന്മാരിൽ ആരോപിച്ചിരുന്ന ദിവ്യത്വത്തിന് ഇപ്പോഴും ഒരു മാറ്റം സംഭവിച്ചതായി കാണുന്നില്ല.

ഇനി ഇങ്ങിനെയുള്ള രാജാക്കന്മാരുടെ അവസ്ഥ എങ്ങിനെയെന്ന് ആലോചിക്കാം. കാളിദാസർ ദുഷ്യന്തമഹാരാജാവിനെ ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്ന ഒരു ശ്ലോകത്തിൽ നിന്നു രാജാക്കന്മാരുടെ അവസ്ഥയെക്കുറിച്ചു നമുക്ക് ഏറെക്കുറെ അനുമാനിക്കാം. "ജന

ഹിതമതിനായി കൈവെടിഞ്ഞാത്മസൗഖ്യം ദിനമനവലയും നിൻ വൃത്തിയീവണ്ണമത്രേ! അനുഭവതി ശിരസ്സാൽ ഭൂരുഹം ഘോരമുഷ്ണം സംഹരതി ച താപം ഛായയാലാശ്രിതാനാം" ഇങ്ങിനെയാണ് രാജാക്കന്മാർ അവരെ ആശ്രയിച്ചിരിക്കുന്ന പ്രജകൾക്കുവേണ്ടി ക്ലേശിക്കുന്നത്. വൃക്ഷം വെയിൽ കൊണ്ടുംകൊണ്ടാണ് മറ്റുള്ളവൎക്ക തണലുണ്ടാക്കി കൊടുക്കുന്നത്. ഈ വാസ്തവം തണലിലിരുന്നു സുഖിക്കുന്നവർ ഓൎക്കേണ്ടതല്ലേ? "ജനമോദത്തിനു വേണ്ടി കനിവു സുഖം സ്നേഹമാക്കിലിതുമല്ല, ജനകാത്മജയെപ്പോലും മനമരിലഴലില്ലനിക്കുപേക്ഷിപ്പാൻ," എന്നു ശ്രീരാമൻ പറഞ്ഞിരിക്കുന്നതിൽ നിന്ന് ഒരു രാജാവു പ്രജാപരിപാലനത്തിന്നായി സ്വാത്മമായ സകല സുഖാനുഭവങ്ങളും ഉപേക്ഷിക്കുവാൻ തയാറാണെന്നു തെളിയുന്നുണ്ടല്ലോ. ഇത്ര ഭാരമേറിയ ഒരു പദവിയാണ് രാജത്വം. ഈ പ്രകൃതിയുടെ വികൃതികൊണ്ടും മററും ഉണ്ടായതല്ല.

ഇതിലും വിശേഷിച്ചു നാം രാജാവിനെ ഉദ്ദേശിച്ച് ഉപയോഗിക്കുന്ന "ഭൂവല്ലഭൻ" എന്ന പൎയ്യായവും പരമാൎത്ഥമാകുന്നു. "രാജാക്കന്മാൎക്ക് അനേകം ഭാൎയ്യമാരുണ്ടായിരിക്കുമല്ലൊ; അതുകൊണ്ടു ഞങ്ങളുടെ പ്രിയതോഴിയെ ഏതുനിലയിലാണ് അങ്ങു വിചാരിക്കുന്നത്"? എന്നു ദുഷ്യന്തനോടു ശകുന്തളയുടെ സഖിമാർ ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ മറുപടി വളരെ സാരമേറിയതാകുന്നു. "ഉണ്ടെങ്കിലും ഭൂരികളത്രസംഗ്രഹം രണ്ടേകുലത്തിന്നു മമ പ്രതിഷ്ഠകൾ, ഒ

ന്നാളത്തെഴുഴികൾ ചൂഴമ്മൂഴിയും ഉണ്ടാമതി നിങ്ങടെ ഇഷ്ടഭാഴിയും” എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ ഒന്നാമത്തെ ഭാര്യ, അതായത് ഏററവും പ്രധാനമായ ഭാര്യ, രാജ്യമാണെന്നും അതു കഴിഞ്ഞാൽ പിന്നെ പ്രധാന്യം കൊടുക്കുന്നതു ശകുന്തളയ്ക്കാണെന്നുമല്ലെ സാരം? “പ്രജ” എന്ന പദത്തിന്നു സന്താനം എന്നും രാജ്യനിവാസി എന്നും അർത്ഥമുണ്ടല്ലൊ. അതുകൊണ്ട് ഒരു രാജ്യത്തെ പ്രജകൾ ആ രാജാവിന്റെ സന്താനങ്ങളാണെന്നുതന്നെ പറയാം. മനുഷ്യപ്രകൃതി ആലോചിച്ചു നോക്കുമ്പോൾ, പ്രധാനഭാര്യയിൽ പ്രീതിയധികമുണ്ടായിരിക്കുന്ന അവസ്ഥയ്ക്ക് അവളിൽനിന്നു ജനിക്കുന്നപ്രജകളിൽ മററുള്ളവരിലേക്കാൾ അധികം പ്രീതിയുള്ളതായികാണാം. അതുകൊണ്ടു ശ്രീരാമൻ ജനാപവാദത്തിനുവേണ്ടി ജനകജയെ ഉപേക്ഷിച്ചതു തീരെ അപ്രകൃതമായെന്നുപറഞ്ഞുകൂട. അവനവന്റെ സന്താനങ്ങളുടെ സുഖാവസ്ഥയിൽ സുഖമുണ്ടാകുന്നതും സ്വാഭാവികമാകുന്നു. ഒരു രാജാവു ‘സുഖദസൃചി’യാണെന്നു പറയുന്നതും ഇതുകൊണ്ടുതന്നെയാണ്. ഇങ്ങിനെയുള്ള ഒരു മഹാത്മാവിങ്കലാണ് നാം ഭക്തിയുള്ളവരായിരിക്കേണമെന്നു പറയുന്നത്.

‘സ്വർഗ്ഗത്തിൽ പോണെങ്കിൽ വാക്കത്തിവേണം’ എന്ന് ഒരു പാതിരി സായ്പു പറകയുണ്ടായി. സായ്പിന്റെ ഭക്തി വാക്കത്തിയായിരിക്കുന്നേയുള്ളൂ. പാശ്ചാത്യന്മാരിൽ പല രാജ്യക്കാരുടേയും ഇടയിൽ നമ്മുടെ പാതിരി സായ്പിന്റെ ഭക്തിയാണ് ഇക്കാലത്തു രാജഭക്തിയായിത്തീർന്നിരിക്കുന്നത്. എന്നാൽ നമ്മുടെ ഇടയി

ലും ചിലരുടെ ഭക്തി 'വഴിപാടിനു' മാത്രമായിത്തീൎന്നി ട്ടില്ലെന്നുമില്ല. ഇതൊന്നുമല്ലാ ഭക്തി. സ്നേഹം, വിശ്വാ സം, ഭയം എന്നീ മൂന്നു ഗുണങ്ങളുടേയും സംയോഗ ത്താൽ ഉണ്ടാകുന്ന വികാരത്തിന്റെ പരമാവധിയാകു ന്നു വാസ്തവമായ ഭക്തി. നമുക്കു നന്മചെയ്യുന്നതുകൊ ണ്ടുണ്ടാകുന്ന സ്നേഹവും നമുക്കു ദോഷം ചെയ്യുകയി ല്ലെന്നുള്ള വിശ്വാസവും നാം തെറ്റുചെയ്താൽ നമ്മെ ശിക്ഷിക്കുമെന്നുള്ള ഭയവും കലൎന്ന വികാരത്തോടു കൂടി നാം ഒരുവനെ ബഹുമാനിക്കുന്നതു നമുക്കു് ആ ആളി ലുള്ള ഭക്തികൊണ്ടാകുന്നു. ഇതു കേവലം വഴിവാടു്ഭ ക്തിയല്ല. ഇതു ശ്രേഷ്ഠവും സ്ഥിരവുമാകുന്നു. രാജാക്ക ന്മാരിൽ നാം ഇങ്ങിനെയുള്ള ഭക്തിയോടുകൂടിയാണി രിക്കേണ്ടതു്.

നാം ദൈവത്തിൽ ഭക്തിയുള്ളവരല്ലേ? ദൈവം നമുക്കു നന്മകൾ ചെയ്യുന്നതുകൊണ്ടു നാം അദ്ദേഹ ത്തെ സ്നേഹിക്കുന്നില്ലേ? അദ്ദേഹം നമുക്കു് എല്ലായ്പോ ഴും ഗുണമേ ചെയ്യുകയുള്ളൂ എന്നല്ലേ നമ്മുടെ വിശ്വാ സം? നാം തെറ്റുകൾ ചെയ്താൽ അദ്ദേഹം നമ്മെ യ ഥോചിതം ശിക്ഷിക്കുമെന്നുള്ള ഭയം നമുക്കില്ലേ? ഈ വ ക വിചാരങ്ങൾ തന്നെയല്ലേ നമ്മളെ ഈശ്വരഭക്ത ന്മാരാക്കിത്തീൎക്കുന്നതു്? രാജാക്കന്മാർ അദ്ദേഹത്തി ന്റെ ശാസനകൾ നടത്തുവാൻ നിയോഗിക്കപ്പെട്ടിരി ക്കുന്ന പ്രതിനിധികളാകയാൽ, നാം അദ്ദേഹത്തിനെ എന്നപോലെതന്നെ, അവരേയും ആദരിക്കേണ്ടതാ ണെന്നതിനു സംശയമില്ല. നാം നമ്മുടെ പിതാക്ക ന്മാരെ സ്നേഹിക്കുകയും വിശ്വസിക്കുകയും ഭയപ്പെടുക

യും ചെയ്യുന്നുണ്ട്. അതുകൊണ്ടു നാം പിതൃഭക്തന്മാരാകുന്നു. നിങ്ങളിൽ ആരെങ്കിലും പിതൃദ്രോഹികളാകുവാൻ വിചാരിക്കുമോ? ഇല്ല. ഒരിക്കലുമില്ല. നമ്മുടെ പിതാക്കന്മാരുടെയും പിതാവല്ലെ രാജാവ്? അതുകൊണ്ടു പിതൃഭക്തന്മാരായ നാം അവശ്യം രാജഭക്തന്മാരുമായിരിക്കണം. അല്ലെങ്കിൽ, അച്ഛനെ സ്നേഹിച്ച മുത്തച്ഛന്റെ ഗുരുത്വക്കേടു വാങ്ങുന്ന മക്കളെപ്പോലെയാവും. നാം രാജാക്കന്മാരുടേയും മഹാരാജാവായ ദൈവത്തിൽ ഭക്തിയുള്ളവരാകുന്നു; രാജാക്കന്മാരുടെ പ്രജകളായ നമ്മുടെ പിതാക്കന്മാരിലും നാം ഭക്തിയുള്ളവരാകുന്നു. ഇങ്ങിനെ ഈശ്വരഭക്തന്മാരും പിതൃഭക്തന്മാരുമായ നാം നിശ്ചയമായും രാജഭക്തന്മാരുമായിരിക്കണം. അതുകൊണ്ടു രാജഭക്തിയില്ലാത്ത ഒരുവൻ പിതൃദ്രോഹിയും ദൈവദ്രോഹിയുമാണെന്നതിനും സംശയമില്ല. പിതൃഭക്തി രാജഭക്തിക്കും രാജഭക്തി ഈശ്വരഭക്തിക്കും തൻമൂലമായ മുക്തിക്കും മാർഗ്ഗമാകുന്നു.

ഒരു രാജാവിന്റെ സ്ഥിതി ഇന്നവിധമാണെന്നു പറഞ്ഞുവല്ലോ. സാധാരണന്മാക്ക് അദ്ദേഹം വളരെ സുഖവാനാണെന്നു തോന്നുമായിരിക്കാം. പക്ഷെ വാസ്തവം അങ്ങിനെയല്ല. അദ്ദേഹത്തിനു ക്ലേശമൊഴിഞ്ഞിട്ടുള്ള സമയമുണ്ടെങ്കിൽ, അതു പ്രജകൾ സുഖമായിരിക്കുന്നു എന്നു കാണുമ്പോൾ മാത്രമാകുന്നു. ഒരു രാജാവായി വാഴുന്നതിനേക്കാൾ സുഖം ഒരു സാധാരണ മനുഷ്യനായി കാലക്ഷേപം ചെയ്യുന്നതാണെന്നു ജനകമഹാരാജാവിനു തോന്നീട്ടുണ്ട്. ആംഗ്ലേയ രാജാവായ ആറാമത്തെ ഹെൻറി എന്ന മഹാരാജാവും

ഇപ്രകാരംതന്നെ പ്രസ്താവിച്ചതായി കാണുന്നുണ്ട്. "ക്ലേശവും, അവിശ്വാസവും, സ്വാമിദ്രോഹവും ചു റ്റുമിരിക്കുന്ന ഒരു രാജാവിന്റെ പ്രതാപവും സൌഖ്യ വും കുന്നിന്റെ മുകളിൽ കാലികളെ മേച്ചുനടക്കുന്ന ഒ രു ഇടയന്റെ അവസ്ഥയേക്കാൾ മോശമാകുന്നു". എ ന്നാണ് അദ്ദേഹം രാജത്വത്തെക്കുറിച്ചു പറഞ്ഞിരിക്കു ന്നത്. ഈ വാസ്തവം വിശദമാക്കുവാൻ വളരെ പ്ര യാസമില്ല. മരുമക്കത്തായ കുടുംബത്തിലെ കാരണവ ന്മാരോടു ചോദിച്ചാൽ അറിയാം. പത്തിരുപതു് അം ഗങ്ങളുള്ള ഓരോ തറവാട്ടിലെ കാരണവന്മാർ അനന്ത രവന്മാരുടെ മുഞ്ഞി കറുക്കാതെയും തങ്ങളുടെ കൊന്നി തെറിക്കാതെയും കഴിച്ചുകൂട്ടാൻ കിടന്നു കുഴങ്ങുന്നതു ന മ്മളിൽ മിക്കവരും കണ്ടിട്ടുണ്ടായിരിക്കുമല്ലോ. ഒരു കു ടുംബം ഭരിക്കാൻ പ്രയാസപ്പെടുന്നതിന്റെ തോതനു സരിച്ചു കണക്കാക്കിയാൽ, അനേകം കുടുംബങ്ങൾ ചേർന്ന രാജ്യം ഭരിക്കുവാനുള്ള കഷ്ടപ്പാട് എത്രത്തോള മുണ്ടെന്നു മനസ്സിലാക്കാം. ഒരു കുടുംബത്തിന്റെ അ ഭ്യുദയവും ക്ഷേമവും അതിലെ അംഗങ്ങൾതമ്മിൽ സ്നേ ഹവും വിശ്വാസവുമുള്ളവരായിരിക്കുന്നതിനാലും അ വർ കാരണവനിൽ ഭക്തിയോടും ബഹുമാനത്തോടും കൂടി വർത്തിക്കുന്നതിനാലും മാത്രമേ ഉണ്ടാകുന്നുള്ളു. നേരെ മറിച്ചു, കാരണവനെ കെട്ടകാര്യസ്ഥനാക്കു വാൻ ശ്രമിക്കുന്ന അനന്തരവന്മാരുള്ള കുടുംബങ്ങളിൽ ഒരിക്കലും സുഖമുണ്ടാകുന്നതല്ല. എന്തുകൊണ്ടെ ന്നാൽ, മുത്തപ്പനു കുത്തിയ പാളതന്നെയാണ് അപ്പ നും വെച്ചിരിക്കുന്നത്. ഇതുകൊണ്ട് ആ കുടുംബത്തി

ന്ന ദോഷം നേരിടുകയും അതിലെ അംഗങ്ങളെക്കുറിച്ചു മററുള്ളവക്ക ബഹുമാനം കുറയുകയും ചെയ്യും. ഒരു കുടുംബത്തിന്റെ സ്ഥിതി ഇങ്ങിനെയാകുമ്പോൾ, അനേകം കുടുംബങ്ങൾ ചേന്ന ഒരു രാജ്യത്തിന്റെ ഉന്നതിക്ക് അതിലെ കാരണവസ്ഥാനം വഹിക്കുന്ന രാജാവിൽ പ്രജകൾ ഭക്തിയുള്ളവരായിരിക്കേണമെന്നതിന്ന സംശയമില്ലല്ലോ.

ഇക്കാലത്തു രാജദ്രോഹം നടക്കുന്നതു വളരെ വിലപിടിച്ച പുതപ്പും പുതച്ചുകൊണ്ടാണ്. ഇന്ത്യാരാജ്യത്തു പുരാതനകാലത്തു വിശേഷതരമായ വസ്ത്രങ്ങൾ നെയ്യിരുന്നു; ഇപ്പോൾ അവയെല്ലാം നാമാവശേഷമായി; നല്ല വസ്ത്രങ്ങളും മററും പാശ്ചാത്യരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യാണ് ഇപ്പോൾ ഉപയോഗിച്ചു വരുന്നത്; ഇതെല്ലാം നമുക്കു നല്ലവണ്ണം അറിയാമല്ലോ. എന്നാൽ പണ്ടെയ്ക്കുംപണ്ടേ ഇന്ത്യാരാജ്യത്തു കേട്ടുകേൾവിപോലും ഇല്ലാത്ത ഒരുതരം പുതപ്പാണ് മേല്പറഞ്ഞത്. ദേശഭേദം, കാലഭേദം മുതലായവയെ അനുസരിച്ചായിരിക്കണം വസ്ത്രധാരണം. അതുകൊണ്ടു പാശ്ചാത്യന്മാർ അവരുടെ രാജ്യത്തിന്റെ സ്ഥിതിയനുസരിച്ചു ധരിക്കുന്ന വസ്ത്രങ്ങളെല്ലാം നമുക്ക് ഇവിടെ ആവശ്യമില്ലെന്നു മാത്രമല്ലാ, പലപ്പോഴും പരിഹാസകാരണവും ആപൽകരവുമായിരിക്കും. കോട്ടും, കോളറും, ടൈയും, ഹാററും, സ്റ്റോക്കിങ്ങ്സും, ബൂട്ട്സ്സും ധരിച്ചതിനു ശേഷം ഒരു ജഗന്നാഥൻമുണ്ടോ ചായവേഷ്ടിയൊ ഉടുത്താൽ, ഒരു മനുഷ്യന്റെ വേഷം എന്തായിരിക്കും? തണുപ്പുള്ള രാജ്യങ്ങളിൽ രോ

മംകൊണ്ടുണ്ടാക്കിയ കുപ്പായം ധരിക്കുന്നതു കണ്ടു് ഉഷ്ണമുള്ളരാജ്യങ്ങളിലും അതേമാതിരി വസ്ത്രം ധരിക്കുന്നതു 'കാട്ടിയതു കാട്ടി കഴുവിന്മേൽ കയറുക'യല്ലേ? ഈ കൂട്ടത്തിൽ ഒന്നാണ് മേല്പറഞ്ഞ പുതപ്പും. ഈ പുതപ്പു ചളികൊണ്ടുണ്ടാക്കിയ 'അശ്വത്ഥാമാവാണ്'! പേരു കേട്ടാൽ ആരും ഭ്രമിക്കും. വാസ്തവം അറിയുമ്പോൾ എല്ലാവരും വെറുക്കുകയും ചെയ്യും. രാജദ്രോഹത്തെ പുതപ്പിച്ചു കൊണ്ടുനടക്കുന്ന ആ പുതപ്പിനു പേർ "സ്വദേശസ്നേഹം", എന്നാണത്രെ! രാജാക്കന്മാരോടെതൃക്കുന്നതും നിയമങ്ങളെ നിന്ദിക്കുന്നതും ഒരു "സ്വദേശി"യുടെ മുറയാണുപോൽ! ഈ വിചാരത്തോടു കൂടിയവരാണ് മനുഷ്യരെ കൊല്ലുന്ന മുറിവൈദ്യന്മാർ!

ആകട്ടെ! ഈ കൂട്ടരുടെ പരിശ്രമത്തിന്റെ ഫലം എന്താണെന്നു നോക്കാം! ആംഗ്ലേയരാജ്യചരിത്രം വായിച്ചിട്ടുള്ളവർ വിചാരിക്കുന്നതു ചാർൾസ് മഹാരാജാവിനെ ജനപ്രതിനിധികൾ കൊല്ലുവാൻ വിധിച്ചില്ലേ എന്നാണ്! പരന്ത്രീസുകാർ അവരുടെ രാജവംശത്തെ നാടുകടത്തി എന്നും, അമേരിക്കക്കാർ അവരുടെ രാജാവിനെ വഴങ്ങാതിരുന്നതിനാൽ സ്വതന്ത്രന്മാരായി എന്നും, പോർത്തുഗീസുകാർ ഇയ്യിടെ അവരുടെ രാജാവിനെ കൈക്കില കൂടാതെ വാങ്ങി എറിഞ്ഞു എന്നും മററുമാണ് മേല്പറഞ്ഞ മുറിക്കുന്തക്കാർ ധരിക്കുന്നത്. ഇവർ ഒരുമാതിരി അട്ടകളാണ്. ദുഷ്ടുള്ളിടത്തു മാത്രമേ പിടിക്കയുള്ളു. നല്ലതൊന്നും അവർ ഗ്രഹിക്കുകയില്ല. ആംഗ്ലേയർ അവരുടെ ഒരു മഹാരാജാവിനെ ദ്രോഹിച്ചു എന്നതുകൊണ്ടു് അവർ അതിനു

മുമ്പും പിമ്പും രാജദ്രോഹികളായിട്ടില്ല. രാജഭക്തിയും സ്വദേശസ്നേഹവും ആംഗ്ലേയരോളം മററവല്ല രാജ്യക്കാൎക്കും ഉണ്ടോ എന്നുതന്നെ സംശയമാണു്. രാജഭക്തിക്കു് അധീനമായ സ്വദേശസ്നേഹമാണു് ആംഗ്ലേയരുടെ മഹത്തായ ഒരു നന്മ. ആംഗ്ലേയർ ആസ്ത്രേലിയ മുതലായ അനേകം ദ്വീപാന്തരങ്ങളിൽ കുടിയേറിപ്പാൎക്കുന്നുണ്ടു്. അതാതു സ്ഥലങ്ങളിലെ രാജ്യകാൎയ്യങ്ങളെല്ലാം അവർ സ്വതന്ത്രമായിട്ടാണു് ചെയ്യുന്നതു്. എന്നാലും അവരുടെ മാതൃഭൂമി ഇംഗ്ലണ്ടാണെന്നുള്ള അഭിമാനം അതികലശലാണു്. അതുപോലെതന്നെ, അവരുടെ ആംഗ്ലേയ മഹാരാജാവിനെ കുറിച്ചുള്ള ഭക്തിയും സ്തുത്യൎഹമാകുന്നു. മാതൃഭൂമിക്കും രാജാവിനും എന്തെങ്കിലും ഒരു ആപത്തു നേരിടുമ്പോഴാണു് അവരുടെ രാജഭക്തിയും മററും കാണേണ്ടതു്. 'അവനവന്റെ പാടേതൊഴിലു്' എന്നുകരുതി സ്വാതന്ത്ര്യമായി കാലക്ഷേപം ചെയ്യുന്ന ഇവർ എന്തുകൊണ്ടാണു് നമ്മുടെ ചക്രവൎത്തിയെ ബഹുമാനിക്കുന്നതു്? സഹജമായ രാജഭക്തികൊണ്ടല്ലാതെ മററൊന്നുമല്ല. ഇത്രകാലമായിട്ടും നമ്മുടെ ആംഗ്ലേയ മഹാരാജാക്കന്മാരിൽ ആരെയെങ്കിലും കൊല്ലുവാൻ ഒരു ആംഗ്ലേയൻ ശ്രമിച്ചിട്ടുണ്ടോ? അമേരിക്കയിലെ കല്പിതരാജാക്കന്മാരായ എത്ര പ്രസിഡേണ്ടന്മാരെയാണു് കൊന്നിരിക്കുന്നതു്! പരന്ത്രീസുകാരുടെ ഇടയിലും അങ്ങിനെതന്നെ! ഇതിൽനിന്നു നാം ഗ്രഹിക്കേണ്ടതു് എന്താണു്? സാധാരണമനുഷ്യരുടെ ഇടയിൽനിന്നു് ഒരാളെ തിരഞ്ഞുപിടിച്ചു രാജാവാണെന്നു സങ്കല്പിക്കുന്നതുകൊണ്ടു ജനങ്ങൾക്കു്

അയാളിൽ സ്വാഭാവികമായ രാജഭക്തിയുണ്ടാകുന്നില്ലെന്നല്ലെ? മനുഷ്യരാൽ നിയോഗിക്കപ്പെട്ട രാജാവിന്ന ജനസാമാന്യത്തിൻെറ മനസ്സിൽ രാജഭക്തി ജനിപ്പിക്കത്തക്ക ദിവ്യത്വമില്ലെന്ന പ്രത്യക്ഷപ്പെടുന്നില്ലേ? ഒരു രാജാവിനാൽ നിയോഗിക്കപ്പെട്ട ഉപരാജാവിനെകുറിച്ചുണ്ടാകുന്ന ഭക്തിയോ ബഹുമാനമൊ ഈ വക കൃത്രിമരാജാക്കന്മാരിലുണ്ടാകുന്നില്ല. അത് എങ്ങിനെയുണ്ടാവും? കാക്ക കുളിച്ചാൽ കൊക്കാകുമൊ? എത്രയായാലും കാക്ക കാക്കതന്നെ, കൊക്ക കൊക്കതന്നെ!

രാജാവിൻെറ പ്രവൃത്തികൾ ജനങ്ങൾക്ക രുചിക്കാതെ വരുമ്പോഴാണ് രാജദ്രോഹം തുടങ്ങുന്നത് എന്ന പറയുന്ന ഒരുവകക്കാരുണ്ട്. പക്ഷെ, അവർ കാര്യത്തിൻെറ ഗൌരവം മനസ്സിലാക്കാത്തവരാണെന്നതിന്ന സംശയമില്ല. ഒരു രാജാവിന് എന്തെല്ലാം ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും മററും ധർമ്മബുദ്ധിയോടുകൂടി ആലോചിച്ചാൽ അവിവേകമായി യാതൊന്നും പ്രവൎത്തിക്കുവാൻ തോന്നുന്നതല്ല. പണ്ടു പരീക്ഷിത്തു മഹാരാജാവു നായാട്ടിന്ന പോയി; അദ്ദേഹം എയ്ത മൃഗത്തെ തിരഞ്ഞു കാട്ടിൽ സഞ്ചരിക്കുമ്പോൾ, മൌനവ്രതനായ ശമീകൻ എന്ന ഒരു മഹർഷിയെ കണ്ടു. സമാധിയിൽ ഇരിക്കുന്ന ഒരു മുനിയോടു വല്ലതും ചോദിക്കുന്നതിനേക്കാൾ ഭേദം, വല്ല കല്ലിനോടോ പുല്ലിനോടോ സംസാരിക്കുന്നതാണെന്ന് അദ്ദേഹത്തിന്ന നല്ലവണ്ണം അറിയാമായിരുന്നെങ്കിലും, തല്ക്കാലം അവിവേകമായി മുനിയോടു മൃഗത്തെ കണ്ടുവോ എന്ന

ചോദിച്ചു. ശമീകൻ മുനിയല്ലേ? മുനി മിണ്ടുമോ? കു
രുടൻ കാണുമോ? ഇതൊന്നും ആലോചിക്കാതെ ശമീ
കന്റെ മൌനം കണ്ടു രാജാവു കോപിച്ചു, സമീപത്ത്
ഒരു ചത്ത പാമ്പു കിടന്നിരുന്നതിനെ എടുത്തു മുനി
യുടെ കഴുത്തിലിട്ടു രാജാവു പോകയും ചെയ്തു. ശമീക
ന്റെ പുത്രനായ ശൃംഗി വന്നപ്പോൾ, അച്ഛനെ പ
ന്നഗാഭരണനായി കണ്ടു. മകന് അത് ഒട്ടും രസിച്ചി
ല്ല. കുട്ടിയല്ലേ? വിവേകമില്ലല്ലോ. ഉടനെ പാമ്പിനെ
എടുത്തു കളഞ്ഞ് "ഇതു ചെയ്തവനെ ഇന്നേക്കു നാല്പ
ത്തൊന്നാം ദിവസം തക്ഷകൻ കടിച്ചു കൊല്ലട്ടെ" എ
ന്നു ശപിച്ചു. മുനിയുടെ സമാധിയഴിഞ്ഞപ്പോൾ കഴി
ഞ്ഞ കാര്യമെല്ലാം ഗ്രഹിച്ചു. മകനെ വിളിച്ച് അദ്ദേ
ഹം ഇപ്രകാരം പറഞ്ഞു: "ഉണ്ണീ! ചെറുപ്പം നിനക്ക
റിവില്ലാട്ടും പുണ്യവാനാം ഗുണവാൻ മഹീപതി, സ
പ്തവ്യസനങ്ങളുണ്ടാം നൃപന്മാക്കതെപ്പൊഴുമോക്കിൽ പ്ര
ജകൾ പൊറുക്കണം"; എന്നുതന്നെയല്ല, മാറുള്ളവ
ക്ക് "ആപത്തിനായുള്ള സപ്തവ്യസനങ്ങൾ ശോഭിക്ക
യില്ലാ നൃപാത്മജന്മാക്കേതും." ഒന്നു ചീഞ്ഞാലേ, അ
തു മറ്റൊന്നിനു വളമാവൂ എന്ന് എല്ലാവരും ധരിക്ക
ണം. രാജാക്കന്മാർ അവരുടെ രാജധമ്മം പരിപാലി
ക്കുമ്പോൾ, പ്രജകൾക്കെല്ലാവക്കും ഒരുപോലെ ഹിത
മാകത്തക്കവണ്ണം കാര്യങ്ങൾ നടത്തുവാൻ പ്രയാസ
പ്പെടും. അങ്ങിനെ വരുമ്പോൾ, ശമീകന്റെ ഉപദേ
ശം ഓക്കേണ്ടതാകുന്നു.

നാം ഓരോ മഹാന്മാരുടെ ജീവചരിത്രം വായി
ക്കുമ്പോൾ, അവരുടെ നിമ്മലവും നിശ്ചലവുമായ രാജ

ഭക്തിയാണ് അവരെ മഹാന്മാരാക്കിയിരിക്കുന്നത് എ
ന്നു കാണാം. സ്വാമിദ്രോഹം അധർമ്മങ്ങളിൽ വെച്ച്
ഏററവും നിന്ദ്യമായിട്ടാണ് അവർ വിചാരിച്ചിരിക്കു
ന്നത്. ബാലിയെ കൊന്നു സുഗ്രീവൻ രാജാവായി. അം
ഗദൻ ബാലിയുടെ പുത്രനാണ്; എന്നുതന്നെയല്ല, അ
ടുത്ത രാജ്യാവകാശിയും എന്തിനും മതിയായവനുമായി
രുന്നു. സാധാരണ ലോകസ്വഭാവം ആലോചിക്കു
മ്പോൾ, സുഗ്രീവനെ ചെണ്ടകൊട്ടിക്കാൻ അംഗദൻ
ശ്രമിച്ചാൽ, അത് അധർമ്മമോ അപ്രകൃതമോ ആയി
പ്പോയി എന്ന് ആരും പറയുന്നതല്ല. എന്നാൽ അം
ഗദൻ ചെയ്തത് എന്താണ്? സുഗ്രീവനെ രാജാവാ
യി സ്വീകരിച്ചു ഭക്തിയോടെ സേവിച്ചതേയുള്ളു. ച
രിത്രപ്രസിദ്ധന്മാരായ മഹാന്മാരിൽ ആരും, രാജാവി
ന്റെ ദ്രോഹം അനുഭവിച്ചിട്ടും, രാജദ്രോഹികളായിട്ടി
ല്ലെന്നുമാത്രമല്ല, അവർ പൂർവ്വാധികം രാജഭക്തന്മാരാ
യി തീർന്നിട്ടുമുണ്ട്. കാർഡിനാൽ വുൾസിയെ കുറിച്ചു
കേൾക്കാത്തവർ ചുരുക്കമായിരിക്കുമല്ലോ. രാജാവ് അ
ദ്ദേഹത്തിനെ അധികാരഭ്രഷ്ടനാക്കി; എന്നുതന്നെയ
ല്ല, ഒരു രാജാവിന്റെ അപ്രീതിനിമിത്തം സംഭവിക്കാ
വുന്ന ദോഷങ്ങളെല്ലാം അദ്ദേഹത്തിനു സംഭവിക്കയും
ചെയ്തു. എന്നിട്ടും അദ്ദേഹത്തിന്റെ സെക്രട്ടറിയാ
യിരുന്ന ക്രോംവില്ലിനോടു പലതും ഉപദേശിച്ച കൂട്ട
ത്തിൽ അദ്ദേഹം പ്രധാനമായി പറഞ്ഞതു "രാജാവി
നെ സേവിക്കുക" എന്നാണ്. അദ്ദേഹത്തിന് അ
സാമാന്യമായ രാജഭക്തിയില്ലായിരുന്നെങ്കിൽ ആ അ
വസരത്തിൽ അങ്ങിനെ വിചാരിക്കുകയോ പറയുക

യോ ചെയ്യുമോ? രാജഭക്തി എന്ന നന്മ ഇങ്ങിനെയുള്ള മഹാന്മാരുടെ പ്രാണനാണ്. വെളിച്ചം, വായു, വെള്ളം എന്നീ മൂന്നു വസ്തുക്കൾ കൂടാതെ ഒരു മനുഷ്യന ജീവിക്കുവാൻ പാടില്ലെന്ന ശാസ്ത്രീയതത്വം പോലെ തന്നെ, രാജഭക്തികൂടാതെ യാതൊരു ജനങ്ങൾക്കും ജീവിക്കുവാൻ പാടില്ലെന്നാണ് ഇവരുടെ വിശ്വാസം. പ്രസിദ്ധസേനാനായകനായ വെല്ലിങ്ങ്ടൻ പ്രഭു വളരെ രാജഭക്തനായിരുന്നു എന്നുമാത്രമല്ല, രാജഭക്തി ഒരു മനുഷ്യന്റെ കർത്തവ്യകർമ്മങ്ങളിൽവെച്ച് ഏററവും പ്രധാനമായിട്ടുള്ളതാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഇന്ത്യയിൽ അനേകം സൈന്യങ്ങളുടെ മേലധികാരം ഭരിച്ച അദ്ദേഹം ഇംഗ്ലാണ്ടിലേക്കു മടങ്ങിച്ചെന്നപ്പോൾ, സസെക്സ് എന്ന സ്ഥലത്തെ ഒരു കാലാൾപ്പടയുടെ നായകനായിട്ടാണ് നിയമിക്കപ്പെട്ടത്. വാസ്തവത്തിൽ അനുചിതമെന്നു തോന്നുന്ന ഈ നിയമനം അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കു രസിച്ചില്ല. അനേകം സേനാനായകന്മാരുടെ നാഥനായിരുന്ന അദ്ദേഹം ഒരു ചെറിയ സേനയുടെ നായകത്വം സ്വീകരിച്ചതിനെ കുറിച്ചു സ്നേഹിതന്മാർ അദ്ദേഹത്തിനെ വളരെ ആക്ഷേപിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരമാണ് മറുപടി പറഞ്ഞത്: "ഞാൻ എന്റെ രാജാവിന്റെ ചോറാണ് തിന്നുന്നത്; ഞാൻ എന്തു പ്രവൃത്തിചെയ്യാൻ രാജാവു ആഗ്രഹിക്കുന്നുവോ, അതു ചെയ്യേണ്ടത് എന്റെ മുറയാകുന്നു." അദ്ദേഹത്തിന്റെ രാജഭക്തിയുടെ വിസ്താരം ഇത്രമാത്രമല്ല. 'ഒരു രാജ്യത്തെ രാജ്യഭരണം രാജാവിന്റെ അ

ധികാരമാകുന്നു. രാജസിംഹാസനം പ്രജകൾ അനുഭവിക്കുന്ന ബഹുമാനത്തിന്റെയും അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും ഉത്ഭവസ്ഥാനമാകുന്നു.'' എന്നുള്ള വിശ്വാസത്തോടുകൂടിയാണ് അദ്ദേഹം പ്രവൎത്തിച്ചിരുന്നത്. എന്നു തന്നെയുമല്ല, രാജാവിനുവേണ്ടി എന്തുംചെയ്വാൻ അദ്ദേഹം സന്നദ്ധനായിരുന്നു.

ഇങ്ങിനെ രാജാക്കന്മാൎക്കുവേണ്ടി സൎവ്വസ്വവും ഉപേക്ഷിച്ചിട്ടുള്ള അനേകം മഹാപുരുഷന്മാരെ കുറിച്ചു പുരാണങ്ങളിൽനിന്നും ചരിത്രങ്ങളിൽനിന്നും നാം അറിയുന്നുണ്ട്. ദുൎയ്യോധനൻ ദുഷ്ടനായിരുന്നു എന്നു ഭാരതം വായിച്ചിട്ടുള്ളവൎക്കെല്ലാം തോന്നുന്നതാണ്. ദുൎയ്യോധനന്റെ ദുസ്വഭാവംകൊണ്ടാണ് ഭയങ്കരമായ ഭാരതയുദ്ധം ഉണ്ടായതും അനേകം ആപത്തുകൾ സംഭവിച്ചതും. കൌരവസൈന്യം മുഴുവൻ നശിച്ചു. ദുൎയ്യോധനൻ മുറിവേററു മരിക്കാറമായി. ഈ അവസരത്തിൽ കൌരവകക്ഷികളിൽ ശേഷിച്ച അശ്വത്ഥാമാവും കൃപരും ഭോജനുംകൂടെ രാത്രിയിൽ ആസന്നമരണനായ ദുൎയ്യോധനന്റെ സമീപത്തു ചെന്നു. പാണ്ഡവന്മാരോടു പ്രതിക്രിയ ചെയ്വാൻ സാധിക്കില്ലെന്ന് അവൎക്ക ബോദ്ധ്യവുമുണ്ടായിരുന്നു. എങ്കിലും രാജഭക്തന്മാൎക്ക രാജപ്രീതിയൊഴിഞ്ഞുമറെറാന്നും വലുതല്ലല്ലൊ. അതുകൊണ്ടു ശേഷിച്ച ഈ മൂന്നുപേരും ആത്മനാശത്തെപ്പോലും ഭയപ്പെടാതെ രാജാവിന്റെ പ്രീതിക്കായി പാണ്ഡവന്മാരോടു യുദ്ധം ചെയ്തു തോററു. ഇങ്ങിനെ എത്ര മഹാന്മാരാണ് രാജഭക്തികൊണ്ടു സൎവ്വവും ഉപേക്ഷിച്ചിരിക്കുന്നത്! ബെയാൎഡ് പ്രഭു പ്രസിദ്ധ

നായ ഒരു പരന്ത്രീസുപടനായകനായിരുന്നു. അദ്ദേഹത്തിന്റെ യോഗ്യതയറിഞ്ഞിട്ടു 'ജൂലിയസ്' എന്നു പേരായ 'പാപ്പാ' ബെയാർഡ് പ്രഭുവിനു പള്ളിവക സകല സൈന്യത്തിന്റേയും നായകത്വം കൊടുക്കാമെന്നു പറഞ്ഞു. അപ്പോൾ പ്രഭു പറഞ്ഞ മറുപടി, "എനിക്കു പരലോകത്തിൽ ഒരു യജമാനൻ മാത്രമേയുള്ളു; അതു ദൈവമാണ്; ഇഹലോകത്തിൽ എന്റെ യജമാനൻ പരന്ത്രീസു രാജാവാണ്; ഞാൻ അദ്ദേഹത്തിനെ മാത്രമേ സേവിക്കയുള്ളൂ" എന്നായിരുന്നു. ഈ മഹാനുഭാവൻ പോർക്കളത്തിൽ മുറിവേററു മരിപ്പാൻ കിടക്കുമ്പോൾ, രാജാവിനെ ഉപേക്ഷിച്ചു ശത്രുകക്ഷിയിൽ ചേർന്ന ഒരു സേനാധിപതി അദ്ദേഹത്തിനോടു ഇപ്രകാരം പറഞ്ഞു: "ആ! ബെയാർഡ്! അങ്ങയുടെ ദീനാവസ്ഥയിൽ ഞാൻ വളരെ വ്യസനിക്കുന്നു!" ഇതു കേട്ടപ്പോൾ പ്രഭു എഴുനീററിരുന്നു ധീരതയോടെ ഇങ്ങിനെ മറുപടി പറഞ്ഞു: 'ഹേ! പ്രഭു! അങ്ങയുടെ മമതയ്ക്കു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എന്റെ അവസ്ഥയിൽ ഞാൻ ഒട്ടും വ്യസനിക്കുന്നില്ല. ഞാൻ ഒരു സത്യവാനായിട്ടാണ് മരിക്കുന്നത്. ഞാൻ മരിക്കുന്നതു് എന്റെ രാജാവിനുവേണ്ടിയാണ്. അങ്ങയെകുറിച്ചാണ് വ്യസനിക്കേണ്ടിയിരിക്കുന്നതു്; എന്തുകൊണ്ടെന്നാൽ, അങ്ങു അങ്ങയുടെ രാജാവിന്റേയും രാജ്യത്തിന്റേയും ശത്രുവിനെ ആശ്രയിച്ചു രാജദ്രോഹിയായല്ലോ!"

രാജഭക്തി എന്ന വിശിഷ്ടഗുണം പുരുഷന്മാരിൽ മാത്രമല്ല, സ്ത്രീകളിലുമുണ്ട്. സ്കോട്ടലാണ്ടിലെ രണ്ടാമത്തെ ജേയിംസ് മഹാരാജാവിനെ കൊല്ലുവാനായി ഒ

രുകൂട്ടം രാജദ്രോഹികൾ ശ്രമിച്ചു. രാജാവു 'പെർത്ത്' എന്ന സ്ഥലത്തുള്ള രാജധാനിയിൽ താമസിക്കുമ്പോൾ, ഒരു ദിവസം പെട്ടെന്നു രാജദ്രോഹികൾ അവിടെകയറിച്ചെന്നു. രാജദ്രോഹികളുടെ വരവു കണ്ടപ്പോൾ, കൊട്ടാരത്തിൽനിന്നു പുറത്തുചാടി ആത്മരക്ഷചെയ്യുവാൻ ഒരു മാൎഗ്ഗം മാത്രമേ രാജാവിന്നു തോന്നിയുള്ളു. രാജദ്രോഹികൾ ചെല്ലുന്ന വഴിക്കുണ്ടായിരുന്ന ഒരു അകത്തു സ്ത്രീകൾ ഇരിപ്പുണ്ടായിരുന്നു. അവരോടു ആ അകത്തിന്റെ വാതൽ അടച്ചുപൂട്ടുവാൻ പറഞ്ഞു. വാതലിന്റെ പൂട്ടും മറ്റും മുൻകൂട്ടിത്തന്നെ നശിപ്പിച്ചിരുന്നതുകൊണ്ടു സ്ത്രീകൾ വല്ലാതെ പരിഭ്രമിച്ചു. രാജദ്രോഹികൾ അകത്തേക്കു കടന്നു. രാജാവിന്റെ മുറിയിലേക്കു കടക്കുന്ന വാതലിന്റെ സാക്ഷയും നശിപ്പിച്ചിരുന്നു. ഈ അവസരത്തിൽ രാജഭക്തയും ധൈൎയ്യവതിയുമായ 'കാത്തറൈൻ ഡഗ്ലസ്' എന്ന സ്ത്രീ അവളുടെ കൈ സാക്ഷയിടുന്ന പഴുതിൽ കടത്തി കതകുകൾ അടച്ചു നിന്നു. ആ മഹതിയുടെ കൈ ഒടിച്ചു മാറുന്നതുവരെ ധീരതയോടെ അവിടെത്തന്നെ നിന്നതേയുള്ളു. ഒരുകൂട്ടം രാജദ്രോഹികളെ തടഞ്ഞുനിറുത്താൻ നിവൃത്തിയില്ലെന്നു ആ സ്ത്രീരത്നം അറിഞ്ഞിരുന്നില്ലേ? ഉവ്വ്! താമരത്തണ്ടുപോലെ ബലഹീനമായ ഒരു കൈകൊണ്ടു അകത്തിന്റെ വാതൽ അടച്ചുപിടിക്കാൻ കഴിയുമെന്നു വിചാരമുണ്ടായിരുന്നോ? ഒരിക്കലുമില്ല. പിന്നെ എന്തിനാണ് ആ സ്ത്രീരത്നം കൈ കളഞ്ഞത്? തന്റെ മഹാരാജാവിനെ രക്ഷിക്കാൻ മാത്രം! ആ സമയത്തു രാജദ്രോഹികളുടെ

ശക്തിയെകുറിച്ചോ തന്റെ അശക്തിയെ കുറിച്ചോ രാജഭക്തിയുള്ളവൎക്കു യാതൊരു ആലോചനയും ഉണ്ടാവുകയില്ല; തന്റെ ശ്രമം നിഷ്ഫലമാകുമെന്നോ, അതുകൊണ്ടു തനിക്കു ദോഷം നേരിടുമെന്നോ വിചാരിക്കുകയില്ല. ആ കൂട്ടരുടെ ഒരു വിചാരം മാത്രമേയുണ്ടായിരിക്കുള്ളൂ. അതു രാജാവിന്റെ ദേഹരക്ഷയാണ്. ഇങ്ങിനെ ആത്മരക്ഷപോലും നിസ്സാരമെന്നു കരുതി പ്രവൎത്തിപ്പാൻ പ്രേരിപ്പിക്കുന്ന മഹത്തായ ആ വികാരം രാജഭക്തിയാകുന്നു.

സ്വദേശസ്നേഹം എന്ന വ്യാജേന രാജദ്രോഹം നടക്കുന്നുണ്ടെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. എന്തുകൊണ്ടെന്നാൽ, രാജഭക്തി ആസ്പദമായ സ്വദേശസ്നേഹം മാത്രമേ നിൎവ്യാജമായ സ്വദേശസ്നേഹമാകുന്നുള്ളൂ. മറ്റെല്ലാം സ്വാൎത്ഥപ്രതിപത്തിനിമിത്തം വൎദ്ധിച്ച സ്വകാൎയ്യസ്നേഹമാകുന്നു. പിതാവിനെ ദ്വേഷിച്ച് മററുള്ളവരെ പുലൎത്തുന്ന ഒരുവൻ ധാൎമ്മികനാണെന്ന് ആരെങ്കിലും വിചാരിക്കുമോ? വാസ്തവത്തിൽ അയാളുടെ പ്രവൃത്തി ഔദാൎയ്യമാണോ? ഇതുപോലെയാണ് രാജദ്രോഹത്തോടു കൂടിയ സ്വദേശസ്നേഹം. ഇതാണ് ആദ്യം പ്രസ്താവിച്ച പുതപ്പ്. എന്നാൽ, വാസ്തവമായ സ്വദേശസ്നേഹം രാജഭക്തിയിൽ നിന്നുണ്ടായ കൃത്യബോധത്തിന്റെ വിസ്തൃതാവസ്ഥയാകുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച സ്വദേശസ്നേഹികളുടെ ശിരോലങ്കാരമായ ജോസെഫ് ഗാരിബാൾഡിയുടെ ചൊല്ലു് എന്താണ്? അനേകം യുദ്ധങ്ങൾ ജയിച്ച് രാജ്യങ്ങൾ പിടിച്ച ആ മഹാനുഭാവൻ നേപ്പിൾസ്സിൽ പ്രവേശിച്ചു

ത് ഒരു വഴിയാത്രക്കാരൻ വഴിയമ്പലത്തിൽ കയറി
ച്ചെല്ലുന്നതു പോലെയാണ്. അദ്ദേഹത്തിന്റെ സ്വ
ദേശസ്നേഹം ശത്രുക്കളിൽനിന്നു സ്വരാജ്യത്തെ വീണ്ടെ
ടുത്തു തന്റെ രാജാവിന്റെ സംരക്ഷണയിലാക്കുവാൻ
മാത്രമായിരുന്നു. 'വിക്ടർ ഇമാനുവൽ' എന്ന രാജാവി
ന്റെ സ്വദേശസ്നേഹവും ഗാരിബാൾഡി മുതലായവ
രുടെ രാജഭക്തിയുംകൂടെ യോജിച്ചപ്പോൾ ഛിന്നഭിന്ന
മായിരുന്ന ഇത്തലിയും ഒന്നായി യോജിച്ചു. ആസ്ത്രി
യക്കാരോടു യുദ്ധത്തിന്ന് ഒരുങ്ങിയ അവസരത്തിൽ വി
ക്ടർ ഇമാനുവൽ പരസ്യം ചെയ്ത ഒരു വിളംബരത്തിൽ
നിന്നു ആ രാജാവിന്റെയും പ്രജകളുടേയും ശ്രേഷ്ഠത
ഏറെക്കുറെ മനസ്സിലാക്കാം. "ആസ്ത്രിയക്കാർ അവ
രുടെ സൈന്യത്തിന്റെ സംഖ്യ വർദ്ധിപ്പിക്കുകയും ന
മ്മുടെ രാജ്യം പിടിച്ചടക്കുവാൻ ശ്രമിക്കയുമാണ് ചെ
യ്യുന്നത്. എന്തുകൊണ്ടെന്നാൽ, നമ്മുടെ രാജ്യത്തു
സ്വാതന്ത്ര്യം വാഴുന്നതു സമാധാനത്തോടു കൂടിയാകു
ന്നു; ഈ രാജ്യം ഭരിക്കുന്നതു കയ്യൂക്കുകൊണ്ടല്ല, രാജാ
വും പ്രജകളും തമ്മിലുള്ള സ്വരച്ചേർച്ചയും സ്നേഹവും
കൊണ്ടാണ്; ആത്മരക്ഷയ്ക്കുമാത്രമായി ആയുധം ധരി
ച്ചിരിക്കുന്ന നമ്മോട് ആയുധം വെച്ചു കീഴടങ്ങാനാ
ണ് ആസ്ത്രിയക്കാർ പറയുന്നത്. ആ നിന്ദാവഹമാ
യ ദൂതു ഞാൻ ഹാസ്യരസത്തോടുകൂടി അലക്ഷ്യമാക്കി.
ഭടന്മാരെ! നിങ്ങൾ ആയുധം ധരിക്കുവിൻ!" പ്രജകൾ
രാജഭക്തന്മാരല്ലായിരുന്നെങ്കിൽ അന്നു ഇത്തലി രാജ്യം
കൂട്ടിച്ചേർക്കപ്പെടുന്നതല്ലായിരുന്നു. രാജഭക്തന്മാരായ
പ്രജകളെ കാണിച്ചു രാജാക്കന്മാർക്കുണ്ടാകുന്ന വാത്സല്യ

വും അതുപോലെ തന്നെയാണ്. യുവാവായ വിക്ടർ ഇമാനുവലിനോടു സ്വേച്ഛാനുസൃതമായി രാജ്യം ഭരിക്കണം എന്ന് ഒരു പ്രധാന ഉദ്യോഗസ്ഥൻ ഉപദേശിച്ചപ്പോൾ, അദ്ദേഹം ഇപ്രകാരമാണ് മറുപടി പറഞ്ഞത്. "സാധാരണായി വംശക്കാർക്ക രാജ്യഭ്രംശം വന്നാൽ താമസിക്കുവാനുള്ള സ്ഥലത്തേക്കുള്ള വഴിയായിരിക്കും; എന്നാൽ അപമാനം സമ്പാദിക്കുവാനുള്ളവഴി അവലംബിക്കരുതു." അദ്ദേഹത്തിന് ഇങ്ങിനെ പറയുവാൻ തോന്നിയതു പ്രജകൾക്ക് അദ്ദേഹത്തിൽ അസാമാന്യമായ രാജഭക്തിയുണ്ടായിരുന്നതിനാലാകുന്നു.

രാജഭക്തിയിൽനിന്നു ജനിച്ച സ്വദേശസ്നേഹത്തിൻെറ മാഹാത്മ്യം ജപ്പാൻ രാജ്യത്തിൻെറ ഇപ്പോഴത്തെ സ്ഥിതിയിൽനിന്നു വിശദമാകുന്നതാണ്. ബോക്സർ കലഹമുണ്ടായ കാലത്തു ജപ്പാൻകാരുടെ യോഗ്യത പരസ്യപ്പെടുവാൻ തരമായില്ല. പല പാശ്ചാത്യസൈന്യങ്ങളുടെ കൂട്ടത്തിൽ ഓരോ യുദ്ധങ്ങൾ ജപ്പാന്മാർ ജയിച്ചെങ്കിലും, മററുള്ളവരുടെ പ്രാബല്യാധിക്യം നിമിത്തം അവരുടെ പൌരുഷം പ്രകാശിച്ചില്ല. അതു കഴിഞ്ഞു റഷ്യക്കാരോടു നേരിട്ടപ്പോഴാണ് എല്ലാവരും വാ പൊളിച്ചു മിഴിച്ചു നിന്നത്. ആനയെപ്പോലെ ഇരിക്കുന്ന റഷ്യക്കാരോടു പൂനയെപ്പോലിരിക്കുന്ന ജപ്പാൻകാർ എതൃത്തത് എങ്ങിനെ? വല്ല ജാലവിദ്യയാണൊ? അതൊ സ്വപ്നം കാണുകയാണൊ? എന്നും മററുമായിരുന്നു മററുള്ള മഹാനുഭാവന്മാരുടെ വിചാരം. പീരങ്കിയുടെ ശബ്ദം കേട്ടിട്ടും ആർത്തർ തുറമുഖത്തുള്ള കോട്ടകളുടെ ഓരോ ഭാഗം തകർന്നിട്ടും കൂടെ റഷ്യക്കാർ

ടെ വിചാരം അതെല്ലാം സ്വപ്നമാണെന്നായിരുന്നു. ഒടുക്കം എല്ലാവരും മൂരി നിവൎന്നു കണ്ണുതുടച്ചു നോക്കിയപ്പോഴാണ് അമ്പരന്നു പോയത്. ജപ്പാൻകാരുടെ ഐശ്വൎയ്യത്തിന്നും ശക്തിക്കും കാരണം എന്താണെന്ന് ഉടനെ അന്വേഷണം തുടങ്ങി. തിരഞ്ഞു പിടിച്ചു ചെന്നപ്പോഴല്ലെ കാൎയ്യം മനസ്സിലായത്! അവർ രാജഭക്തന്മാരാണ്! അവർ അവരുടെ ചക്രവൎത്തിയെ പ്രത്യക്ഷദൈവമായിട്ടാണ് പൂജിച്ചു പോരുന്നത്. ജപ്പാൻകാർ അവരുടെ കുട്ടികളെ ചെറുപ്പത്തിൽതന്നെ രാജഭക്തിയാണ് പഠിപ്പിക്കുന്നത്. അതുകൊണ്ട് അവർ അവരുടെ ചക്രവൎത്തിക്കു വേണ്ടി മരിക്കുവാനുംകൂടെ ഒരുക്കമാണ്. ജപ്പാൻ രാജ്യത്തുള്ള സകല ചരാചരങ്ങളും ചക്രവൎത്തിയുടേതാണെന്നും അതുകൊണ്ട് അവരുടെ സകല പ്രവൃത്തികളും ചക്രവൎത്തിക്കു വേണ്ടിയായിരിക്കേണമെന്നും അങ്ങിനെ ചെയ്യുന്നതു പ്രജകളുടെ മുഖ്യധൎമ്മമാകുന്നു ജപ്പാനിയരുടെ വിശ്വാസം. ഈ വിശ്വാസത്തോടുകൂടിയ പ്രവൃത്തികളാണ് അവരെ സ്വദേശസ്നേഹികളെന്നും കൃത്യബോധമുള്ളവരെന്നും മററുമുള്ളവൎക്കു പറവാൻ കാരണമാക്കിയത്. വാസ്തവം കണ്ടുപിടിച്ചപ്പോൾ, അതു നമ്മുടെതുതരത്തു പൂനയല്ല! ഹരി! ഹരി! എന്തായി.

നാം ഈശ്വരഭക്തന്മാരായിരിക്കുന്നത് എന്തിന്? ഐഹികമായ സുഖത്തിന്നും പാരത്രികമായ മോക്ഷത്തിന്നും വേണ്ടിയല്ലെ? ഭക്തിയില്ലാത്തവൎക്കു മുക്തിയുമില്ല. ഓരോ മതക്കാരും മുക്തിക്കായി പ്രയത്നിക്കുന്നതു അവരുടെ അവതാരപുരുഷന്മാരിലുള്ള ഭക്തിമുഖേന

യാകുന്നു. മുഹമ്മദീയർ മുഹമ്മദിനെയും ക്രിസ്ത്യാനിക
ൾ ഏശുക്രിസ്തുവിനെയും ഭക്തിയോടെ ഭജിക്കുന്നു; ആ
ദിവ്യന്മാരുടെ ഉപദേശത്തെ അനുസരിച്ചു പ്രവൎത്തി
ക്കുകയും ചെയ്യുന്നു. ഹിന്തുക്കളും ഇതുപോലെ തന്നെ
യാണ് വിശ്വസിക്കുന്നത്. ദൈവികമായ കാൎയ്യങ്ങളിൽ
നമുക്കു മദ്ധ്യസ്ഥന്മാർ ആവശ്യമുള്ളതുപോലെ തന്നെ
ലൌകികവിഷയങ്ങളിലും മദ്ധ്യസ്ഥന്മാർ വേണം. മനു
ഷ്യർ അവതാരപുരുഷന്മാരെ ഭജിച്ചു മോക്ഷം സ
മ്പാദിക്കുന്നതുപോലെ തന്നെ, ഒരു രാജ്യം മോക്ഷത്തെ
പ്രാപിക്കുന്നത് അവിടത്തെ രാജാവുമുഖേനയാണ്.
നേരെ മറിച്ചു "വാളെടുത്തവരെല്ലാം വെളിച്ചപ്പാടാ"
വുകയാണെങ്കിൽ, യാതൊന്നും കണക്കിലാവുന്നതല്ല
ല്ലൊ. രാജാവില്ലാത്ത അമേരിക്കാ മുതലായ രാജ്യങ്ങളി
ൽ ചെയ്യുന്നതെന്താണ്? ഒരു പ്രസിഡണ്ടിനെ നിയ
മിക്കുകയല്ലെ? എന്തിനാണ് പ്രസിഡണ്ട്? എല്ലാവൎക്കും
അവരവരുടെ കാൎയ്യം നോക്കരുതെ? അതു പോര! എല്ലാ
റ്റിനും നാഥനായിട്ടു ഒരുവൻ കൂടാതെ നിവൃത്തിയില്ല.
ആ ആളുടെ ശാസനയ്ക്കു കീഴടങ്ങാതെയും തരമില്ല. അ
തല്ലെങ്കിൽ, പാളയത്തിൽ പടയൊഴിഞ്ഞിട്ടുള്ള സമ
യമുണ്ടാവില്ല. ഇപ്പോൾ അമേരിക്കക്കൊന്നും മററം 'വാ
ലുപോയ കുരങ്ങനെ'പ്പോലെയാണിരിക്കുന്നത്. നമു
ക്കു ദൈവാനുഗ്രഹംകൊണ്ടു രാജവംശവും യോഗ്യരാ
യ രാജാക്കന്മാരുമുണ്ട്. നമ്മുടെ പൂൎവ്വന്മാർ രാജഭ
ക്തിക്കു കേൾവിപ്പെട്ടവരാണ് ഒരു രാജ്യത്തിൻെറ ഉ
ന്നതിക്കു പ്രജകളുടെ രാജഭക്തി, അത്യാവശ്യമാണെ
ന്നു നിത്യപരിചയംകൊണ്ടു നമുക്കു മനസ്സിലാകുന്നു

ണ്ട്. അതുകൊണ്ടു സ്വദേശാഭിമാനികളായ നാം എല്ലാവരും രാജഭക്തിയോടുകൂടി നമ്മുടെ മുറകൾ ചെയ്യാൻ സദാ സന്നദ്ധരായിരിക്കേണ്ടതാകുന്നു അതുകൊണ്ടു മാത്രമെ നമുക്കും നമ്മുടെ രാജ്യത്തിന്നും ശ്രേയസ്സുണ്ടാകയുള്ളു. നമ്മുടെ രാജാവിന്റേയും രാജ്യത്തിന്റേയും ഉന്നതിക്കായി പ്രയത്നിക്കേണ്ടതു നമ്മളിൽ ഓരോരുത്തന്റേയും മുറയാകുന്നു. ഒരു പ്രജയുടെ നിലയിൽ നമ്മുടെ മുറകളിൽ മുഖ്യമായതു രാജഭക്തിയാണെന്നുള്ള വിശ്വാസത്തോടുകൂടി നാം പ്രവൎത്തിക്കുന്നതായാൽ അന്യന്മാർ നമ്മെ ബഹുമാനിക്കുകയും നമ്മുടെ രാജ്യം ഉന്നതസ്ഥിതിയെ പ്രാപിക്കുകയും ചെയ്യും.

## മലയാളം പഠിപ്പിക്കൽ.

മാന്യസഹവാസികളെ!

അഭൂതപൂൎവ്വമായ അദ്ധ്യാപകസംഘങ്ങളുടെ ആവിൎഭാവം വിദ്യാഭ്യാസവകുപ്പിന്റെ ഭാഗ്യോദയമാണെന്നതിന്നു സംശയമില്ല. ഇതേവരെ മുക്കിലും മൂലയിലും ഇരുന്നു, കുരുടന്മാർ ആനയെ കണ്ടതുപോലെ, നാം ഓരോന്നു വിചാരിക്കുകയും പറയുകയും ചെയ്തിരുന്നതല്ലാതെ, അന്യോന്യം ഉണ്ടാകുന്ന അഭിപ്രായഭേദങ്ങളുടെ ഗുണദോഷനിരൂപണം ചെയ്യുന്നതിന്നു നമുക്കു സൌകൎയ്യം ഉണ്ടായിട്ടില്ല. നാം എല്ലാവരും ഉപാദ്ധ്യായന്മാരാണല്ലൊ. നാം അജ്ഞാനതിമിരം ചികിത്സിക്കുന്ന വൈദ്യന്മാരാകുന്നു. നമ്മുടെ വൈദ്യമുറയി

ലോ മരുന്നിലോ എന്തെങ്കിലും ന്യൂനതയുണ്ടെങ്കിൽ, രോഗം മാറുന്നതല്ലെന്നു മാത്രമല്ല, അനേകവിധമായ ആപത്തുകൾ ഉണ്ടാകുന്നതുമാണ്. ഉപാദ്ധ്യായന്മാരുടെ അറിവില്ലായ്മ അവരുടെ കുടുംബത്തെ മാത്രമല്ലാ ദോഷപ്പെടുത്തുന്നത്; അനേകം കുടുംബങ്ങളേയും അവരുടെ സന്തതികളേയും ദോഷപ്പെടുത്തുന്നതാകുന്നു. പരോപകാരികളുടെ കൂട്ടത്തിൽ സർവ്വോപരിഗണിക്കപ്പെടുന്ന ഉപാദ്ധ്യായന്മാർ അവരുടെ അല്പജ്ഞാനം ഹേതുവായിട്ടു അനേകായിരം നിർദ്ദോഷികളെ ചുക്കിനും ചുണ്ണാമ്പിനും കൊള്ളാതാക്കി വിടുന്നതുകൊണ്ടുണ്ടാകാവുന്ന പാപം തീർത്താൽ തീരാത്തതാകുന്നു. എന്നെക്കാൾ മാന്യന്മാരും കൃത്യബോധമുള്ളവരുമായ നിങ്ങളോടു ഞാൻ നമ്മുടെ ഭവാഹിതാത്തിന്റെ ഗൌരവത്തെപ്പററി പ്രസംഗിക്കുന്നത് അധികപ്രസംഗമാവില്ലെന്നു എനിക്കും വിചാരമില്ല. എങ്കിലും എന്റെ അനുഭവത്തിൽ പെട്ടിടത്തോളം സംഗതികളെ താരതമ്യപ്പെടുത്തി നോക്കിയതിൽ, നാം വെളുക്കുവാൻ തേക്കുന്ന മരുന്നുകൾ പലപ്പോഴും പാണ്ടിനെ ഉണ്ടാക്കുന്നതായി കാണുന്നതുകൊണ്ടാകുന്നു ഈ അവസരത്തിൽ ഇത്രയും പറയേണ്ടിവന്നത്.

നമ്മുടെ മാതൃഭാഷ, അല്ലെങ്കിൽ രാജഭാഷ, മലയാളമാണല്ലാ. മലയാളത്തിൽ നിവസിക്കുന്ന ജനങ്ങളിൽ, തമിഴ, ഹിന്തുസ്ഥാനി, തുളു മുതലായ അനേകം മാതൃഭാഷയുള്ള ജനങ്ങൾ ഉണ്ടെങ്കിലും, അവർ വിദ്യാഭ്യാസവിഷയത്തിൽ മലയാളഭാഷയെ മാതൃഭാഷപോലെയാണ് ഗണിച്ചുവരുന്നത്. ഇപ്പോൾ നമ്മു

ടെ ഇടയിൽനിന്നു പണ്ടത്തെ സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം തീരെ നശിച്ചുപോയി. പണ്ടത്തെ എഴുത്തച്ഛന്മാരുടെ അടുക്കൽ പഠിച്ചിട്ടുള്ളവരുണ്ടെങ്കിൽ, അവൎക്കു അന്നത്തെ രീതിയുടേയും ഇന്നത്തെ രീതിയുടേയും ഗുണദോഷങ്ങളെ താരതമ്യപ്പെടുത്താൻ കഴിയും. ഇപ്പോഴത്തെ സമ്പ്രദായം സുഖവഴിയാണു്. സുഖം കൂടുംതോറും ഗുണം കുറയുമെന്നതു് അനുഭവമാണല്ലോ.

മലയാളഭാഷയിൽ എത്ര അക്ഷരമുണ്ടെന്നുതന്നെ തീർച്ചയായി അറിഞ്ഞിട്ടുള്ളവർ നമ്മുടെ ഇടയിൽ അധികമില്ലെന്നു ഞാൻ പറഞ്ഞാൽ, അതു അന്യരെ അപമാനിക്കുകയാണെന്നു വിചാരിച്ചെങ്കിലൊ എന്നു സംശയിച്ചു് അതു ചെയ്യുന്നില്ല. 'അമ്പത്തൊന്നക്ഷരാളി' എന്നും മറ്റും മഹാന്മാർ പ്രയോഗിച്ചിട്ടുള്ളതിൽ നിന്നും സാധാരണ പറഞ്ഞുവരുന്നതിൽ നിന്നും മലയാളഭാഷയിൽ അക്ഷരങ്ങൾ അമ്പത്തൊന്നാണെന്നതിനു സംശയമില്ല 'സ്വരങ്ങൾ' എന്നും 'വ്യഞ്ജനങ്ങൾ' എന്നും രണ്ടായിട്ടാണു് അക്ഷരങ്ങളെ വേർതിരിച്ചിരിക്കുന്നതു്. ഇവയിൽ സ്വരങ്ങൾ പതിനാറും വ്യഞ്ജനങ്ങൾ മുപ്പത്തേഴുമാകുന്നു. രണ്ടുംകൂടെ കൂട്ടിനോക്കുമ്പോൾ, അമ്പത്തൊന്നിനുപകരം, അമ്പത്തിമൂന്നക്ഷരങ്ങൾ കാണുന്നുണ്ടു്. പഠിച്ചിരിക്കുന്ന സ്വരാക്ഷരങ്ങളെ മുഴുവൻ കണക്കാക്കി നോക്കുമ്പോൾ അവ പതിനെട്ടുണ്ടെന്നു കാണും; അതുപോലെതന്നെ വ്യഞ്ജനാക്ഷരങ്ങൾ മുപ്പത്തെട്ടുമുണ്ടായിരിക്കും; ഇവയെ കൂട്ടിയാൽ അക്ഷരങ്ങൾ അമ്പത്താറാണെന്നു പ

റയാതെ നിവൃത്തിയുണ്ടോ? ഇതിലും വിശേഷിച്ച്, ഏകദേശം അഞ്ഞൂററിൽപുറം കൂട്ടക്ഷരങ്ങളുമുണ്ട്. ഇത്ര വളരെ വൈഷമ്യമുള്ള ഈ ഭാഷയിലെ അക്ഷരങ്ങൾ പഠിപ്പിക്കുന്ന കാൎയ്യത്തിൽ സുഖവഴികളൊന്നും ഗുണകരമാകുന്നില്ലെന്നു, തൽക്കാലമല്ലാ, പിന്നീടാകുന്നു നമുക്ക് അനുഭവമാകുന്നത്.

നാം ഇപ്പോൾ അനുകരിച്ചുവരുന്നത് ഇംഗ്ലീഷ് രീതിയേയാണല്ലോ. ഇംഗ്ലീഷിൽ ആകപ്പാടെ ഇരുപത്താറക്ഷരങ്ങളേയുള്ളു. ഇംഗ്ലീഷിൽ ഒന്നോ അധികമോ അക്ഷരങ്ങൾ ചേൎന്ന് ഒരു സ്വരമുണ്ടാകുന്നു; എന്നാൽ മലയാളത്തിലാകട്ടെ, ഒരു സ്വരത്തിന്ന് ഒരു അക്ഷരമാണ്. ഇംഗ്ലീഷിൽ ചിലപ്പോൾ ചില അക്ഷരങ്ങൾക്ക് ഉച്ചാരണംതന്നെയില്ല; വേറെ ചില സ്ഥലങ്ങളിൽ ഒരക്ഷരത്തിനു വ്യത്യാസമായ ഉച്ചാരണവുമുണ്ടായിരിക്കും. ഇതു ആ ഭാഷയുടെ വ്യവസ്ഥക്കേടിനെ സൂചിപ്പിക്കുന്നുണ്ടെങ്കിലും, അക്ഷരങ്ങളെ സംബന്ധിച്ചിടത്തോളം മലയാളഭാഷയിലുള്ളതുപോലെ വൈഷമ്യങ്ങളില്ലെന്നതിന്നു സംശയമല്ല. മലയാളത്തിന്ന്, ഇപ്പോൾ നാം മാതൃകയായി വിചാരിച്ചുപോരുന്ന ഇംഗ്ലീഷുഭാഷാഗ്രന്ഥരീതിയെ അനുകരിക്കുന്നതുകൊണ്ടു, നേരിടുന്ന അസൌകൎയ്യങ്ങൾ മാന്യന്മാരായ ഉപാദ്ധ്യായന്മാരിൽ മിക്കവരും അനുഭവിച്ചിട്ടുള്ളതാണെങ്കിലും, ദൃഷ്ടാന്തത്തിന്നായി ചില സംഗതികൾ എടുത്തു കാണിക്കാം.

ഒന്നാമതായി ഇപ്പോഴത്തെ ശിശുപാഠം തന്നെ എടുക്കാം. പണ്ടത്തെ രീതിയും ഈ സന്ദൎഭത്തിൽ ഓ

ക്കേണ്ടതാണല്ലോ. പണ്ടു സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും പഠിപ്പിച്ചതിനു ശേഷം വിദ്യാൎത്ഥികളെ കൂട്ടക്ഷരങ്ങൾ പഠിപ്പിച്ചിരുന്നു. അന്നത്തെ നിലത്തെഴുത്തു കഴിയുന്നതോടുകൂടി മലയാളഭാഷയിലുള്ള സാധാരണ അക്ഷരങ്ങളെല്ലാം പഠിച്ചുകഴിയും. ഇന്നു ശിശുപാഠം മുഴുവൻ പഠിച്ചുകഴിഞ്ഞാലും, എന്നുവേണ്ടാ നാലാം ക്ലാസിൽനിന്നു കയററം കിട്ടിയാലും, ഒരു കുട്ടി മലയാളം വായിക്കുന്നതു മുൾപ്പടപ്പിൽ കൂടെനടക്കുന്നതുപോലെയാകുന്നു. ഇതിനുള്ള കാരണം പഠിപ്പിക്കുന്ന പുസ്തകത്തിൻേറയും രീതിയുടേയും ന്യൂനതയാണെന്നു പറയുന്നത് അല്പം അവിവേകമാണെങ്കിലും, അങ്ങിനെ ആവട്ടെ. പുതിയ ശാസ്ത്രീയരീതി ചിത്രം കാണിച്ച് അക്ഷരം പഠിപ്പിക്കുകയാകുന്നു. സ്വരങ്ങളുടെ ലാഘവഗൌരവങ്ങളെ അനുസരിച്ച് ഒരു ഭാഷയിലും അക്ഷരങ്ങളെ ക്രമപ്പെടുത്തിക്കാണുന്നില്ല. എന്തുകൊണ്ടെന്നാൽ, മലയാളത്തിലെ ആദ്യസ്വരമായ 'അ' എന്ന അക്ഷരം എഴുതുവാനാണ് അധികം പ്രയാസം. അതുപോലെതന്നെ ഇംഗ്ലീഷിലെ '*a*' എന്നുള്ള അക്ഷരവും മററ ചില അക്ഷരങ്ങളേക്കാൾ പ്രയാസമുള്ളതാകുന്നു. ഇതിലും വിശേഷിച്ച്, അക്ഷരങ്ങളുടെ ആകൃതി പ്രയാസം കുറഞ്ഞതിൽനിന്നു പ്രയാസം കൂടിയവയെ ഉണ്ടാക്കാവുന്ന ക്രമത്തിലുമല്ല. 'ഒ' എന്ന സ്വരാക്ഷരം 'ദ' എന്ന വ്യഞ്ജനാക്ഷരം പഠിച്ചതിനുശേഷം എഴുതുവാൻ എളുപ്പമുണ്ടെന്നതിനു സംശയമില്ലല്ലോ. ഇംഗ്ലീഷിലും ഇതുപോലെതന്നെ എഴുതുന്ന സംഗതിയിൽ സൌകൎയ്യക്കുറവുണ്ട്. 'N' എന്നു

കഴിഞ്ഞിട്ടാണ് 'M' എന്ന് എഴുതേണ്ടത് എങ്കിൽ എളുപ്പമുണ്ടായിരുന്നേനെ. അതുകൊണ്ട് ഈ വക സംഗതികളിൽ, മലയാളം പഠിപ്പിക്കുവാനുള്ള സൌകര്യത്തിനുവേണ്ടി ഇംഗ്ലീഷുഭാഷയെ ആശ്രയിക്കാമെന്നു കരുതുന്നത് 'ഉരല് ചെന്നു മദ്ദളത്തിനോട് ആവലാധിപറയുന്നതു'പോലെയായിരിക്കും. എന്നാൽ പിന്നെ ചിത്രത്തിന്റെ കാര്യമാണുള്ളത്. അതും വിചിത്രം തന്നെ എന്നു കാണാം.

ഇംഗ്ലീഷിൽ ആകെ ഇരുപത്താറ് അക്ഷരങ്ങൾ മാത്രമേയുള്ള എന്നു നമുക്കെല്ലാവക്കും അറിയാമല്ലോ. ആ അക്ഷരങ്ങൾ പഠിക്കുന്നതിന്ന് ആകെ ഇരുപത്താറ ചിത്രങ്ങൾ മാത്രം മതിയാവുന്നതുമാണ്. മലയാളത്തിലോ? മലയാളത്തിൽ, ഇരുപത്താറിന്റെ പത്തിരട്ടി ചിത്രങ്ങളുണ്ടെങ്കിലും, അവകൊണ്ടു മാത്രം, അക്ഷരങ്ങൾ മുഴുവൻ പഠിപ്പിക്കാമെന്നു വിചാരിപ്പാൻ തരമില്ല അതും പോട്ടെ! ചിത്രങ്ങൾ കണ്ടാൽ തിരിച്ചറിയാൻ കഴിയുന്നവിധം കുട്ടികൾ സാധാരണ കണ്ടു പരിചയിച്ചിട്ടുള്ള ചിത്രങ്ങൾക്കു മലയാളത്തിൽ പേരുകളുണ്ടോ? ഉണ്ടെന്നു തന്നെ വിചാരിക്കുന്നതായാലും, വടക്കേ മലയാളം, മദ്ധ്യമലയാളം, തെക്കേ മലയാളം എന്നീ മൂന്നു വിഭാഗങ്ങളിലും ഒരു വസ്തുവിന്നുപയോഗിക്കുന്ന പേർ ഒന്നു തന്നെയാണോ? അതു മല്ല. ഈ അസൌകര്യങ്ങളെ തെളിയിക്കുവാൻ ചില ഉദാഹരണങ്ങൾ പറയാം. 'ഘ', 'ഛ', 'ഝ' എന്നീ മൂന്നക്ഷരങ്ങൾ പഠിപ്പിക്കുവാനായി 'ഘണ്ട', 'ഛത്രം', 'ഝഷം' എന്നീ മൂന്നു വാക്കുകൾ എഴുതി

'മണി', 'കുട', 'മത്സ്യം' എന്നീ മൂന്നു വസ്തുക്കളുടെ ചിത്രം കൊടുക്കുന്നുണ്ടു. കുട്ടികൾ ഈ മൂന്നു വസ്തുക്കളും സാധാരണ കണ്ടു പരിചയിച്ചിട്ടുമുണ്ട്. ചിത്രം കണ്ടു ഉടനെ കുട്ടി പറയുന്ന പേരുകൾ മണി, കുട, മത്സ്യം എന്നായിരിക്കുമല്ലോ. ഇങ്ങിനെ ഇരിക്കെ ഘ, ഛ, ഝ എന്ന് ആ കുട്ടിയെ വേറെ വിധത്തിൽ പഠിപ്പിച്ചില്ലെങ്കിൽ, 'ഘ', 'ഝ' എന്നക്ഷരങ്ങൾ 'മ' എന്നും 'ഛ' എന്നക്ഷരം 'ക' എന്നും പഠിക്കുന്നതല്ലേ? ചിത്രങ്ങളുടെ ദൌർല്ലഭ്യംകൊണ്ടു സംഭവിക്കുന്ന ഒരു ന്യൂനതയാണിത്. ദേശഭാഷാവ്യത്യാസംകൊണ്ടു നേരിടുന്നതായി വേറെ വൈഷമ്യങ്ങളുമുണ്ട്. നാം ഇവിടെ 'താറാവ്' എന്നു പറയുന്ന പക്ഷിയെ വടക്കെമലയാളത്തിൽ 'വത്ത്' എന്നാണ് പറയുന്നത്. ഈ പക്ഷിയുടെ ചിത്രം കാണുമ്പോൾ വടക്കെ മലയാളത്തുകാരനായ ഒരു കുട്ടി 'വത്ത്' എന്നും മദ്ധ്യമലയാളത്തിലും മററുമുള്ള കുട്ടികൾ 'താറാവ്' എന്നും പറയും. ഗ്രന്ഥകർത്താവു വടക്കെ മലയാളത്തുകാരനാണെങ്കിൽ, മററുള്ള കുട്ടികൾ 'വ' എന്നക്ഷരം 'ത' എന്നും നേരെമറിച്ചു ഗ്രന്ഥകർത്താവു മദ്ധ്യമലയാളിയാണെങ്കിൽ വടക്കെമലയാളത്തിലെ കുട്ടികൾ 'ത' എന്നക്ഷരം 'വ' എന്നും പഠിക്കും. ഈ അപകടം നേരിടാതിരിക്കുന്നതിന്ന് എല്ലാ സ്ഥലങ്ങളിലും പൊതുവായി ഉപയോഗിക്കുന്ന പേർ ആ പക്ഷിക്കില്ലതാനും. ഇതുപോലെ അനേകം വാക്കുകളുണ്ട്. അതുകൊണ്ട് ഈ വിധം ചിത്രങ്ങൾ കാണിച്ച് അക്ഷരങ്ങൾ പഠിപ്പിക്കാമെന്നു വിചാരിക്കുന്നതു മലയാളഭാഷയെ ഒന്നു ഉടച്ചു

വക്കുന്നുവരെ, അതിമോഹമോ അവിവേകമോ ആയിരിക്കും. കുട്ടികളെ പുസ്തകങ്ങളിലേക്ക് ആകർഷിക്കുവാനോ ചിത്രം കണ്ടുകഴിയുമ്പോൾ അക്ഷരം ഓർമ്മയുണ്ടാവാനായുള്ള ഒരു മാർഗ്ഗം മാത്രമാണ് ചിത്രങ്ങളെന്നാണെങ്കിൽ, ഇപ്പോൾ പഠിപ്പിച്ചുവരുന്ന രീതിയിൽ അല്പം ഭേദഗതികൾ വരുത്താതെ നിവൃത്തിയില്ല. പണ്ടത്തെ ഓലക്കെട്ടും മണൽക്കൂട്ടുകളും വേണമെന്നല്ല ഞാൻ പറയുന്നത്. ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന സൂചവഴിയെ അനുസരിച്ചു, ഏതായാലും ചിത്രത്തിന്റെ സഹായം പേരിനു മാത്രമാകയാൽ, ശിശുക്കളെ മലയാളഭാഷയിൽ സാധാരണ ഉപയോഗിച്ചുവരുന്ന സകല അക്ഷരങ്ങളും പഠിപ്പിക്കേണ്ടത് അത്യാവശ്യമാകുന്നു. 'കാക്ക' എന്ന ചിത്രംകൊണ്ട് ആ രണ്ടക്ഷരങ്ങളും കുട്ടികൾ പഠിക്കുമല്ലോ. 'ക' എന്ന അക്ഷരത്തിന്റെ പെരുപ്പങ്ങൾ പഠിക്കുവാനായി വേറെ ഒരവസരം നോക്കിയിരിക്കേണ്ടുന്ന ആവശ്യമില്ല. ഇതിനും പുറമെ, ഓരോ അക്ഷരങ്ങളുടെ ഉല്പത്തിസ്ഥാനത്തെ പ്രത്യേകം ഗ്രഹിപ്പിക്കേണ്ടത് അത്യാവശ്യമാകുന്നു. അങ്ങിനെ ചെയ്യാത്തതുകൊണ്ടു സംഭവിക്കുന്ന ഉച്ചാരണവൈകല്യം നമുക്ക് അനുഭവമാണല്ലോ. ഇപ്പോഴത്തെ ചില പുതിയ നിയമങ്ങളെ അനുസരിച്ചു വ്യാകരണം പഠിപ്പിക്കേണ്ടാ എന്നു വന്നിട്ടുണ്ട്. വ്യാകരണപുസ്തകം കാണുമ്പോൾതന്നെ കുട്ടികളുടെ മുഖത്തിന്ന് അവണക്കെണ്ണ കാണുമ്പോഴത്തെ ഒരു ചുളിപ്പും മനസ്സിന്ന് ഒരു വെറുപ്പും ഉണ്ടാകുന്നതുമാണ്. ഉദ്ദേശിച്ച ദേഹപോഷണത്തിനും നല്ലതായ മരു

ന്നുകളിൽ കുട്ടികൾക്കു വെറുപ്പുതോന്നുന്നതു സ്വാഭാവികമാണല്ലോ. എങ്കിലും മാതാപിതാക്കന്മാർ ആവക മരുന്നുകൾ, വല്ല മധുരദ്രവ്യങ്ങൾ ചേർത്തിട്ടോ മറ്റുവല്ല വ്യാജേനയോ കുട്ടികളുടെ ഉള്ളിൽ കടത്തിവിടാതെയിരിക്കുന്നില്ല. അതുപോലെതന്നെ, വ്യാകരണസാരങ്ങളെ ഏതുവിധേനയെങ്കിലും കുട്ടികളുടെ ഉള്ളിൽ ചെലുത്താഞ്ഞാൽ അവക്കു ശബ്ദശുദ്ധിയും ഭാഷാഭിവൃദ്ധിയും ഉണ്ടാകുന്നതല്ല. ഇങ്ങനെ അല്പാല്പമായി ഒരുകൊല്ലംകൊണ്ടു ശിശുതരത്തിൽനിന്നുതന്നെ കുട്ടികൾക്ക് അക്ഷരജ്ഞാനമുണ്ടാകുവാൻ പ്രയാസമില്ല.

ഓരോ അക്ഷരങ്ങളുടെയും ഉല്പത്തിസ്ഥാനത്തെ മനസ്സിലാക്കാത്തതുകൊണ്ട് അക്ഷരങ്ങളെ ഉച്ചരിക്കുമ്പോൾ കുട്ടികൾ വളരെ അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നുണ്ട്. അതിഖരങ്ങളുടെയും ഘോഷങ്ങളുടെയും മുമ്പിൽ 'ഇ'കാര കൂടാതെ ഉച്ചരിക്കുന്നില്ല. 'ക' ഇഖ, ഗ, ഇഘ എന്നും കൂട്ടക്ഷരങ്ങളിൽ 'കുവ്വ, കിയ്യ' എന്നുംമാറും ഉച്ചാരണങ്ങൾ ഉണ്ടാകത്തുടങ്ങിയാൽ, കാലക്രമേണ കുട്ടികളുടെ പരിചയം ഏതുവിധമായിരിക്കുമെന്ന് അറിയാമല്ലോ. നമ്മുടെ ഇടയിൽ സാധാരണയായി എഴുത്തിൽ കണ്ടുവരുന്ന തെറ്റുകൾക്ക് അടിസ്ഥാനം ഉച്ചാരണദോഷമാകുന്നു. മലയാളത്തിൽ സകല സ്വരങ്ങൾക്കും പ്രത്യേകം പ്രത്യേകം അക്ഷരങ്ങളും സംജ്ഞകളും ഉള്ളതുകൊണ്ട് ആ സ്വരങ്ങളെത്തന്നെ തെറ്റായി ഉച്ചരിച്ചു ശീലിക്കുമ്പോഴാകുന്നു അക്ഷരപ്പിഴയുണ്ടാകുന്നത്. 'വ്യസനം, വ്യത്യാസം' മുതലായ വാക്കുകൾ സാധാരണയായി 'വെസനം, വിത്യാ

സം' എന്നു പറഞ്ഞു പരിചയിക്കുന്നതുകൊണ്ട് എഴുതുന്നതും, ഉച്ചരിക്കുന്നതുപോലെതന്നെ തെറ്റായിട്ടാകുന്നു. കുട്ടികൾ കേട്ടു പഠിച്ചിരിക്കുന്നതുപോലെ, വായിക്കുമ്പോഴും മററും വാക്കുകളെ തെറ്റായി ഉച്ചരിക്കുമ്പോൾ, ഉപാധ്യായന്മാർ അതാതുസമയം തെറുകൾ ചൂണ്ടിക്കാണിച്ച് അവരെക്കൊണ്ടു ശരിയായവിധത്തിൽ ഉച്ചരിപ്പിച്ചു ശീലിപ്പിക്കാത്തതുകൊണ്ടാകുന്നു നമ്മുടെ വിദ്യാത്ഥികളുടെ എഴുത്തിൽ ഇത്രവളരെ അക്ഷരപ്പിഴ വരുന്നത്. ഇംഗ്ലീഷ് എഴുതുമ്പോൾ ഉണ്ടാകുന്നതിനേക്കാൾ അധികം തെററുകൾ മലയാളം എഴുതുമ്പോൾ ഉണ്ടാക്കുന്നെങ്കിൽ, അതിനു കാരണം എന്തായിരിക്കണം ഇംഗ്ലീഷു വാക്കുകളുടെ അക്ഷരങ്ങളെല്ലാം നല്ലവണ്ണം പഠിക്കുന്നുണ്ട്. മലയാളത്തിൽ അതുപോലെ പഠിക്കേണ്ടുന്ന ആവശ്യമില്ലെന്നാണ് കുട്ടികളും മററും ധരിച്ചിരിക്കുന്നത്. എന്നാൽ, ഒരു വാക്കിലെ അക്ഷരങ്ങൾ പ്രത്യേകം പ്രത്യേകം പഠിക്കേണ്ടുന്ന ആവശ്യമില്ലെങ്കിലും, വാക്കുകളിലെ അക്ഷരങ്ങളുടെ ശബ്ദങ്ങൾ ശരിയായി ഉച്ചരിക്കേണ്ടതും ഉച്ചരിക്കുന്നതുപോലെതന്നെ എഴുതേണ്ടതുമാണെന്ന് അവർ ധരിക്കാത്തതുകൊണ്ടാകുന്നു അക്ഷരപ്പിഴകൾ വരുന്നത്: വാസ്തവത്തിൽ മലയാളംപോലെ അക്ഷരപ്പിഴകൂടാതെ എഴുതുവാൻ സൌകര്യമുള്ള വേറെ ഭാഷകൾ ഉണ്ടോ എന്നുതന്നെ സംശയമാകുന്നു. തമിഴ് മാതൃഭാഷയായിട്ടുള്ള കുട്ടികൾ, അവരുടെ ഭാഷയിൽ സാധാരണ സംസാരിക്കുന്നതുപോലെതന്നെ മലയാളശബ്ദങ്ങളെ തമിഴാക്കി എഴുതുന്നുണ്ട്. 'റ, ഞ്ഞ', എന്നീരണ്ടക്ഷര

ങ്ങൾക്കു പകരം 'ത്ത, ഞ്ച' എന്നീ രണ്ടക്ഷരങ്ങൾ ഉപയോഗിക്കുന്നതു സാധാരണയാകുന്നു. "നീതാടക്കയുടനൊത്താ കാത്തുവരുമ്പോരേത്തം" എന്നുപറയുന്ന കുട്ടികൾ ധാരാളമുണ്ട്. "പഞ്ചി"ക്കു "പഞ്ഞി" എന്നും "പഞ്ചാര"ക്കു "പഞ്ഞാര" എന്നും ഉപയോഗിക്കാറില്ലെന്നില്ല. ഈവക ന്യൂനതകൾ അപ്പപ്പോൾ തിരുത്തുകൊണ്ടാകുന്നു കുട്ടികൾ അവരുടെ തെറ്റുകൾ മനസ്സിലാക്കാതെ മേൽക്കുമേൽ തെറ്റിക്കൊണ്ടിരിക്കുന്നത്. തമിഴരെസംബന്ധിച്ച് വേറെ ഒരു ശബ്ദവൈകല്യം കാണുന്നതു "ന, ഞ" ഈ രണ്ടക്ഷരങ്ങളിലാണ്. മലയാളത്തിൽ ഈ രണ്ടു ശബ്ദങ്ങൾക്കും കൂടെ അക്ഷരം ഒന്നായുള്ളു. തമിഴിൽ "ൻ" എന്നല്ലാതെ "ന" എന്ന് ഒരു ശബ്ദംതന്നെയില്ല. അതുകൊണ്ട് ഈ ശബ്ദങ്ങളുടേയും സ്ഥാനഭേദത്തെ പറഞ്ഞു മനസ്സിലാക്കാതെ കുട്ടികൾ അവയെ ശരിയായി ഉച്ചരിക്കുന്നതല്ല. ഒരു വാക്കിന്റെ ആദ്യം ആ അക്ഷരം വന്നാൽ അതിന്റെ ഉച്ചാരണം "ന" എന്നും വാക്കിന്റെ ആദ്യമല്ലാതെ വന്നാൽ 'ൻ' എന്നും ശബ്ദിക്കേണ്ടതാകുന്നു. ഒരു കൂട്ടക്ഷരത്തിന്റെ മുമ്പു വരുന്നതായാൽ 'ണ' എന്നും പിന്നിൽ വരുന്നതായാൽ 'ന' എന്നും ശബ്ദിക്കണം. ഇത് ഒരു സാമാന്യനിയമമാകുന്നു. "വിഘ്നം, തന്നി" എന്നിവ ദൃഷ്ടാന്തങ്ങളാകുന്നു.

ഉച്ചാരണദോഷംകൊണ്ടു വരുന്ന തെറ്റുകളാണല്ലോ മേല്പറഞ്ഞവയെല്ലാം. ഇനി വേറെ ഒരുതരം തെറ്റുകൂടെ സാധാരണയായി കാണുന്നുണ്ട്. ഇത് അധികമായും പഴയ രീതിയിൽ എഴുത്തുപഠിച്ചിരിക്കു

ന്നവരിലാണ് കാണുന്നത്. "അമ്മ" എന്നും "നന്മ" എന്നുമുള്ള രണ്ടു വാക്കുകളിലെ 'മ'കാരം തീരെ തെറ്റായിട്ടാണ് ഉപയോഗിക്കുന്നത്. ആദ്യത്തെ വാക്കിലെ 'മ'കാരം 'അംബ' എന്നതിലെ 'ബ'കാരം ദുഷിച്ചുണ്ടായ 'മ'കാരമാകുന്നു. 'അം + മ' എന്നതാണ് "അമ്മ" എന്നായിരിക്കുന്നത്. അതുകൊണ്ട് അവിടെ 'മ'കാരം ഇരട്ടിക്കുകയാണ് ചെയ്യുന്നത്. എന്നാൽ "നന്മ" എന്നതിൽ അങ്ങിനെയല്ല. 'നൽ+മ' എന്നാണിരിക്കുന്നത്. അനുനാസികത്തിന്റെ മുമ്പിരിക്കുന്ന 'ൽ' 'ന'കാരമായി മാറുന്നതുകൊണ്ടു 'നൽ+മ' എന്നതു 'നന്മ' എന്നായിത്തീർന്നതാകുന്നു. എന്നാൽ ഈ രണ്ടക്ഷരങ്ങളേയും ഉച്ചരിക്കുന്നതിൽ തെറ്റുകാണുന്നില്ലതാനും. എഴുതുമ്പോൾമാത്രം ഈ അബദ്ധം പ്രയോഗിക്കുന്നതു സൂക്ഷ്മക്കുറവുകൊണ്ടു മാത്രമാകുന്നു. ഇനി വേറെ രണ്ടക്ഷരങ്ങളുള്ളവ, 'വ, പ', എന്നവയാകുന്നു. ഈ രണ്ടക്ഷരങ്ങളേയും ഭേദംകൂടാതെ ഒന്നുകിൽ 'വ' പോലെയൊ, അല്ലെങ്കിൽ 'പ'പോലെയൊ ഉപയോഗിക്കുന്നതു തീരെ തെറ്റാകുന്നു. വിദ്യാർത്ഥികളിൽ ഈ തെറ്റു സ്ഥായിയായി കാണുന്നത് ഉപാദ്ധ്യായന്മാരുടെ ഉദാസീനതകൊണ്ടാണെന്നു പറയാതെ നിവൃത്തിയില്ല. എന്നാൽ, വിദ്യാർത്ഥികളും വാദ്ധ്യാന്മാരും അച്ചുകൂടക്കാരെ തെറ്റുപറയുന്നതായ വേറെ ചില തെറ്റുകളും എഴുതി കാണുന്നുണ്ട്. ഒന്നാമതായി അച്ചു നിരത്തുന്നവർക്ക് ഇവരോളം അക്ഷരജ്ഞാനം ഉണ്ടായിരിക്കുന്നതല്ലെന്നുള്ള സംഗതി ഇവർ തീരെ വിസ്മരിക്കുന്നു. അതിലും വിശേഷിച്ചു മലയാളഭാഷയിലെ അ

ക്ഷരങ്ങളുടെ ബാഹുല്യം നിമിത്തം ഓരോ കൂട്ടക്ഷരങ്ങൾ
ക്കും പ്രത്യേകം ചെമ്പുകൾ ഉണ്ടാക്കുക എന്നത് അ
സാദ്ധ്യവും അനാവശ്യചിലവും ആകുന്നു. അതുകൊ
ണ്ട് അച്ചുകൂടക്കാർ അവരുടെ സൌകര്യത്തിന്നായി
ചില അക്ഷരങ്ങൾ ശരിയല്ലാത്തവിധത്തിൽ വാർത്തു
ചേർക്കുന്നുണ്ട്. "കുട്ടികൾക്കു" എന്ന വാക്കിൽ 'കു
ട്ടി' എന്ന പ്രകൃതിയോടു 'കൾ' എന്ന ബഹുവച
നപ്രത്യയവും അതിനുശേഷം 'ക്കു' എന്ന ചതുർത്ഥി
പ്രത്യയവുമാണല്ലൊ ചേർത്തിരിക്കുന്നത്. ഇതിൽ 'ൾക്ക'
എന്നു കൂട്ടി എഴുതുന്ന ഒരു സമ്പ്രദായം കാണു
ന്നുണ്ട്. ഇതു പ്രത്യേകിച്ചും ബേസൽ മിഷ്യൻകാരു
ടെ പുസ്തകങ്ങളിലാണ് കാണുന്നത്. ഇങ്ങിനെ ഒരു
രീതം ഉണ്ടാകുന്നതിനു ന്യായമില്ലെന്നു മാത്രമല്ല, മ
ലയാളാക്ഷരങ്ങളുടെ നിയമത്തെ സംബന്ധിച്ചിടത്തോ
ളം അതു തെററാണെന്നുതന്നെ പറയണം. ഇതുപോ
ലെ തന്നെ "അവൻെറ" എന്നതിലെ "ൻെറ" എ
ന്ന ശബ്ദം 'ന്റ' എന്നു എഴുതിക്കാണുന്നുണ്ട്. മേൽ
പറഞ്ഞതുപോലെ തന്നെ ഈ അക്ഷരവും വേറെ എ
ഴുതേണ്ടതാകുന്നു. വേറെ ഒരു കൂട്ടക്ഷരം തെററായി എ
ഴുതി വരുന്നതു "ങ്ങ" എന്നതാണ്. ഇതു രണ്ടു 'ങ'
എന്നാണ് എന്നതിനു സംശയമില്ലല്ലൊ. മലയാള
ത്തിലെ കൂട്ടക്ഷരങ്ങളുടെ രീതിയെ നോക്കുന്നതായാൽ
എങ്കിലും ഒരക്ഷരം മുഴുവനും ഒന്നിൻെറ പ്രധാന
ഭാഗവുംകൂടെ കൂട്ടിച്ചേർക്കേണ്ടതാണെന്നു കാണാം. അ
തുകൊണ്ടു ആദ്യത്തെ 'ങ'യെന്നതിലെ പുള്ളിയും ര
ണ്ടാമത്തെ 'ങ' മുഴുവനും ചേരുന്നതായാൽ 'ങ്ങ' എ

ന്നക്ഷരം ഉണ്ടാകുന്നതാണ്. അതിനു പകരം ആദ്യത്തെ 'ങ' എന്നതിലെ കുനിയൊഴിച്ചു ബാക്കിയുള്ളതു മുഴുവൻ രണ്ടാമത്തെ ങ യെന്നക്ഷരത്തോടു ചേർത്തു "ങ്ങ" എന്നെഴുതുന്നത് അനാവശ്യമാണെന്നതിനു പുറമെ, തെറ്റാണെന്നുകൂടെ പറയണം. അതുകൊണ്ട് ആദ്യംതന്നെ അക്ഷരങ്ങൾ ശരിയായവിധത്തിൽ എഴുതി ശീലിപ്പിക്കേണ്ടതാണെന്നതിനു സംശയമില്ല.

എഴുത്തിനേയും ഉച്ചാരണത്തേയും സംബന്ധിച്ച വേറെ ഒരു സംഗതി പറയുവാനുള്ളതു ദീർഘപ്പുള്ളിയുടേയും മീത്തലിന്റേയും കാര്യമാകുന്നു. ശരിയായ വിധത്തിൽ ഉച്ചരിച്ചു തെറ്റി എഴുതുന്നത് ഈ സംഗതിയിലാകുന്നു. ഇപ്പോഴത്തെ വിദ്യാർത്ഥികളിൽ മിക്കവരും ദീർഘപ്പുള്ളി എഴുതി പരിചയിച്ചിട്ടുള്ളവരാകയാൽ അതു വേണമെന്ന് അവർ ഗ്രഹിച്ചിട്ടുണ്ട് എന്നറിയാം. പക്ഷെ, ദീർഘവും ഹ്രസ്വവും മിക്കപ്പോഴും വകതിരിവുകൂടാതെ ഉപയോഗിക്കുന്നുണ്ടെന്നേയുള്ളൂ. അതിനു കാരണം ഏതാനും ഉച്ചാരണദൂഷ്യവും ഏതാനും പരിചയക്കുറവുമാകുന്നു. ഈ ന്യൂനത എളുപ്പത്തിൽ തീർക്കാവുന്നതാണ്. ഇനി മീത്തൽ, അല്ലെങ്കിൽ അരയുകാരം, അല്ലെങ്കിൽ സംവൃതോകാരം എന്ന അടയാളത്തെ ഉപയോഗിക്കുന്ന കാര്യത്തിലാണ് അധികം തെറ്റു കാണുന്നതും അധികം മനസ്സിരുത്തേണ്ടതും. ഈ ഒരു അടയാളത്തെപ്പറ്റി യോഗ്യന്മാരുടെ ഇടയിൽ വളരെ ഭിന്നാഭിപ്രായമുണ്ട്. മീത്തൽ എന്ന അടയാളം അർദ്ധസ്വരത്തെ കാണിക്കുന്നതാണല്ലോ. ഈ അർദ്ധസ്വരം 'അ'കാരത്തിന്റെ പകുതിയാകുന്ന

ന്നും "ഉ"കാരത്തിന്റെ കുറിയാണെന്നാകുന്നു വാദം. രണ്ടുപക്ഷക്കാൎക്കും ശരിയായ ന്യായങ്ങളില്ലെന്നില്ല. 'അ'കാരാൎദ്ധമാണ് സ്വരം എന്നു വാദിക്കുന്നവർ മീത്തൽ മാത്രം മതിയെന്നും 'ഉ'കാരാൎദ്ധമാണ് സ്വരം എന്നു വാദിക്കുന്നവർ 'ഉ'കാരവും മീത്തലും വേണമെന്നുമാകുന്നു മുറുകെപിടിക്കുന്നത്. രണ്ടു കൂട്ടക്കാരും ഒരു അടയാളം അത്യാവശ്യമാണെന്നു സമ്മതിക്കുന്നതുമുണ്ട്. മലയാളരാജ്യം മൂന്നായി വിഭാഗിക്കാം. അതായതു വടക്കെ മലയാളം, മദ്ധ്യമലയാളം, തെക്കെ മലയാളം എന്നാകുന്നു. ഇതിൽ വടക്കെ മലയാളത്തിലെ ഭാഷക്കു തുളു മുതലായ ഭാഷകളോടുള്ള സമ്പൎക്കം നിമിത്തവും തെക്കെ മലയാളത്തിലെ ഭാഷക്കു തമിഴിനോടുള്ള സമ്പൎക്കം നിമിത്തവും ദേശഭാഷകളിൽ അല്പാല്പം വ്യത്യാസവും വൈകല്യവും സംഭവിച്ചിട്ടുണ്ട്. മദ്ധ്യമലയാളത്തിലെ ഭാഷക്ക് ഈവക ദോഷങ്ങളില്ലാത്തതുകൊണ്ട് അതാണ് അധികം ശുദ്ധമായതെന്നാകുന്നു വിദ്വാന്മാരുടെ അഭിപ്രായം. ഒരു ഭാഷയുടെ ശുദ്ധി അതിലെ വാക്കുകളുടെ ഉച്ചാരണത്തെയാണല്ലൊ അധികം ആശ്രയിക്കുന്നത്. അതുകൊണ്ട് ഈ അൎദ്ധസ്വരത്തെ സംബന്ധിച്ചിടത്തോളം മദ്ധ്യമലയാളത്തെത്തന്നെ മാതൃകയായി എടുക്കേണ്ടതാകുന്നു. അൎദ്ധസ്വരത്തെ കാണിക്കുന്നതിന് ഒരു അടയാളം കൂടാതെയും നിവൃത്തിയില്ല. ഈ അൎദ്ധസ്വരത്തെത്തന്നെ 'ഇ'കാരാൎദ്ധമായി ഉച്ചരിക്കുന്നവരും ഉള്ളതിനാൽ, ഉച്ചാരണത്തോട് അടുത്ത സ്വരത്തിനു മീത്തൽ ചേൎക്കുന്നതാണ് ശരിയായ നിയമം

എന്നു വരുമ്പോൾ, അകാരം, ഇകാരം, ഉകാരം എ ന്നി മൂന്നു സ്വരങ്ങളോടും തരംപോലെ മീത്തൽ ചേ ക്കേണ്ടതായി വരും. അങ്ങിനെ ചെയ്യുന്നതു നിയമ ത്തിന്റെ വ്യവസ്ഥയ്ക്കു പോരായ്മയാണല്ലോ. അതുകൊ ണ്ട് ഈ മീത്തൽ അർദ്ധസ്വരത്തെ കാണിക്കുന്ന ഒരു അടയാളം മാത്രമാണെന്നു സങ്കല്പിച്ച് അക്ഷരങ്ങളോ ടു ചേർക്കുന്നതാകുന്നു അധികം നല്ലത്. ഈ അടയാ ളം ഇല്ലാഞ്ഞാലും തെററായി ഉപയോഗിച്ചാലും വള രെ സംശയങ്ങൾക്കു കാരണമാകുന്നതാണ്. "രാമൻ ഉണ്ട്, 'രാമൻ ഉണ്ടു, 'രാമൻ ഉണ്ട" എന്നിങ്ങിനെ മൂന്നുവിധത്തിൽ അർത്ഥം ജനിക്കുവാനായി എഴുതുന്ന തുകൊണ്ടു സംശയം ജനിക്കുന്നതാകുന്നു. ഈ അർദ്ധ സ്വരത്തെ കാണിക്കുവാൻ 'ഉ'കാരം മാത്രം ചേർത്തു "രാമൻ ഉണ്ടു" എന്നെഴുതിയാൽ ധ്വനിക്കുന്ന അ ർത്ഥം എന്താണെന്ന് എല്ലാവർക്കും അറിയാമല്ലൊ. 'ഉ' കാരവും മീത്തലും ഒന്നും ഇല്ലാതെ ഉപയോഗിക്കു മ്പോൾ, "രാമൻ ഉണ്ട്" എന്നർത്ഥം മനസ്സിലാക്കേ ണ്ടതിനു പകരം "രാമൻ ഉണ്ട"യാണെന്നു മനസ്സി ലാക്കുമെന്നതിനും സംശയമില്ലല്ലോ. അതുകൊണ്ട് ഈ അർദ്ധസ്വരത്തെ ശരിയായി ഉപയോഗിക്കാൻ പ ഠിപ്പിക്കേണ്ടതാകുന്നു. ഈ അർദ്ധസ്വരത്തെ കാണി ക്കുവാൻ ഉകാരം മാത്രം പോരെന്നു തീർച്ചയാണ്; ഉ കാരവും മീത്തലുംകൂടെ ചേർത്തെഴുതുന്നത് അനാവശ്യ വുമാകുന്നു. അതുകൊണ്ട് അക്ഷരങ്ങളോടു മീത്തൽ മാത്രം ചേർത്താൽമതി. അങ്ങിനെ ചേർക്കുന്നത് എ വിടെയൊക്കെയാണ് എന്നാണിനി ആലോചിക്കേ

ണ്ടത്. ഒരു വാക്യത്തിന്റെയോ വാചകത്തിന്റെയോ അന്ത്യത്തിൽ അർദ്ധസ്വരം വരുന്നതായാൽ ആ അന്ത്യവർണ്ണത്തിന്നു മീത്തൽ അത്യാവശ്യമാകുന്നു. സ്വരാക്ഷരങ്ങളുടെ മുമ്പിൽ അർദ്ധസ്വരം വരുന്ന വർണ്ണങ്ങൾക്കു സന്ധിചെയ്യാത്തപക്ഷം മീത്തൽ വേണം. അല്പവിരാമം, അർദ്ധവിരാമം മുതലായ ചിഹ്നങ്ങളിൽ അവസാനിക്കുന്ന വാക്യങ്ങളുടെ അന്ത്യവർണ്ണങ്ങൾക്കും മീത്തൽ വേണം. മിക്ക സ്ഥലങ്ങളിലും 'ന്'കാരം അർദ്ധസ്വരമായി വരുന്നത് അല്പവിരാമത്തെപ്പോലെ ഒരു നിർത്തൽ വേണ്ടതായി വരുമ്പോഴാകയാൽ, എല്ലായിടത്തും 'ന്ന'കാരത്തോടു മീത്തൽ ചേർക്കേണ്ടതാകുന്നു. വാചകത്തിന്റെ സ്വരഭംഗിക്കായി മററുള്ള സ്ഥലങ്ങളിലെല്ലാം 'ഉ'കാരം ചേർത്തെഴുതുന്നതാണ് അധികം നല്ലത്. ഈ സംഗതിയിൽ "പാട്ടിൽ മുററകാരംപോലെത്തന്നെ" ഉപയോഗിക്കാമെന്നു ഗാർത്ത്വേററസായ്പ് പറഞ്ഞിരിക്കുന്നതു സ്വീകാരയോഗ്യമാകുന്നു.

നമ്മുടെ വിദ്യാർത്ഥികൾ ഗദ്യങ്ങൾ വായിക്കുന്നതും പദ്യങ്ങൾ കാണാതെ ചൊല്ലുന്നതും ഒന്നുകിൽ കുറ്റിന്റെ മാററത്ത് അല്ലെങ്കിൽ കളരിക്കുപുറത്ത് എന്നു പറയുന്ന പഴഞ്ചൊല്ലുപോലെയാണ്. ഗദ്യങ്ങളിലേയും പദ്യങ്ങളിലേയും പദങ്ങളുടെ അന്യോന്യസംബന്ധത്തെ അനുസരിച്ച് അതാതു സ്ഥലങ്ങളിൽ നിർത്തിയും നിറുത്താതെയും വായിക്കേണ്ടതാകുന്നു. മലയാളഭാഷയിൽ, ഇംഗ്ലീഷിലെപ്പോലെ ഉച്ചാ*രണം[1], ഉച്ചാരണചിഹ്നം[2], സ്വരഭേദം[3] മുതലായ

* 1. Pronounciation. 2. Accent. 3. Intonation.

നിയമങ്ങളില്ലെന്നാണ് മിക്കവരും വിചാരിക്കുന്നത്. വാക്കുകളുടേയും വാക്യങ്ങളുടേയും അർത്ഥം വിശദമാവേണമെങ്കിൽ, സംസാരിക്കുന്ന സകല ഭാഷകളിലും മേൽപറഞ്ഞ മൂന്നു സംഗതികളും അത്യാവശ്യമാകുന്നു. 'പ്രയാസം, എന്നും, അപ്രകാരം, എന്നുമുള്ള രണ്ടു പദങ്ങളിലേയും, 'പ്ര'കാരങ്ങൾ രണ്ടുപ്രകാരത്തിലാണ് ഉച്ചരിക്കുന്നത് എന്നതിനു സംശയമില്ലല്ലോ. ഇങ്ങിനെ അക്ഷരങ്ങളിലെ സ്വരങ്ങളെ സ്ഥാനഭേദത്തെ അനുസരിച്ചു വ്യത്യാസമായി ഉച്ചരിക്കുന്നതിന്നാണ് 'ഉച്ചാരണചിഹ്നം' എന്നു പറയുന്നത്. 'തെക്കെ തെലക്കലെ ത്തരിവുകളെ' എന്നതു സ്വരഭേദം കൂടാതെ ഉച്ചരിക്കുന്നതായാൽ 'തെക്കെത്തലക്കലെ ത്തരിപ്പുക്കളെ' എന്നായി തീരുന്നതും ആ വാക്യത്തിന്റെ അർത്ഥം തെററിപ്പോകുന്നതുമാണല്ലോ. അതുകൊണ്ടു പദ്യങ്ങളും ഗദ്യങ്ങളും പഠിപ്പിക്കുമ്പോൾ മേല്പറഞ്ഞ സംഗതികളിൽ പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

നമ്മുടെ വിദ്യാലയങ്ങളിൽ കേട്ടെഴുത്ത് എന്ന ഒരു സമ്പ്രദായം നടപ്പുണ്ടല്ലോ. അക്ഷരപ്പിഴ കൂടാതെ എഴുതി പരിചയിക്കുന്നതിന്ന് ഈ സമ്പ്രദായം അത്യാവശ്യമാകുന്നു. ഈ സമ്പ്രദായം വിദ്യാർത്ഥികൾക്കു വേഗത്തിൽ എഴുതി പരിചയിക്കുവാനും നന്ന്. വിദ്യാർത്ഥികളുടെ എഴുത്തിൽ അക്ഷരപ്പിഴകൾ 'ഒഴിയാബാധകളാ'യിക്കാണുന്നതിന്നു പ്രത്യേകം ചില കാരണങ്ങളുണ്ട്. അക്ഷരങ്ങളുടെ ഉച്ചാരണം തന്നെ തെററായി പഠിച്ചു പരിചയിച്ചു പോരുന്നതുകൊണ്ട് അക്ഷരപ്പിഴ

വരുന്നതാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഇതു പ്രധാനമായ കാരണമാകുന്നു. എഴുത്തിലെ തെറ്റുകൾ പരിശോധിക്കുന്നവരുടെ ഉദാസീനതയാകുന്നു മറ്റൊരു കാരണം. ഇംഗ്ലീഷിൽ ഒരു വാക്കിന്ന് ഒരു തെറ്റു വീതമാണ് സങ്കല്പിച്ചിരിക്കുന്നത്. ഇംഗ്ലീഷിലെ വാക്കുകൾക്കു പല അക്ഷരങ്ങളും കൂടിയാണ് ഒരു ശബ്ദമുണ്ടാകുന്നതെന്നും ചില വാക്കുകളിൽ ചില അക്ഷരങ്ങൾക്കു തീരെ ഉച്ചാരണമില്ലെന്നും പറഞ്ഞിട്ടുണ്ടല്ലോ. മലയാളത്തിൽ ഓരോ സ്വരങ്ങൾക്കും ഓരോ അക്ഷരവും അടയാളവുമുള്ളതുകൊണ്ട് ഒരു വാക്കിലെ സ്വരങ്ങൾ മുഴുവൻ അക്ഷരങ്ങളായും അടയാളങ്ങളായും വെവ്വേറെ നില്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഒരു വാക്കിൽ വരുന്ന ഓരോ അക്ഷരങ്ങളെയും പ്രത്യേകം പ്രത്യേകം തെറ്റുകളായി ഗണിക്കേണ്ടതാകുന്നു. കോട്ടയത്തിൽ ഇത്രയും നിഷ്കർഷയുണ്ടാകുന്നതായാൽ അല്പകാലത്തിനുള്ളിൽ, അതായത് ഏകദേശം രണ്ടാംക്ലാസ്സിലെ പഠിത്തം കഴിയുന്നതോടുകൂടി, വിദ്യാർത്ഥികൾക്ക് അക്ഷരപ്പിഴ കൂടാതെ എഴുതാറാകും. ഓരോ അക്ഷരവും ശരിയായ ആകൃതിയിലല്ലെങ്കിൽ, ഓരോന്നിന്റെയും ന്യൂനത അതാതുസമയം ചൂണ്ടിക്കാണിച്ചു പരിഹരിക്കേണ്ടതാകുന്നു. നിഷ്പ്രയാസമായ ഈ സംഗതിയിൽ ആദ്യം മുതല്ക്കുതന്നെ അശ്രദ്ധ കാണിക്കുന്നതു നിമിത്തം വിദ്യാർത്ഥികളുടെ "ചൊട്ടയിലെ ശീലം ചുടലവരെ" നിലനിന്നുകാണുന്നുണ്ട്. അതുകൊണ്ട് ഈവക കാര്യങ്ങളിൽ ഉപാദ്ധ്യായന്മാർ പ്രത്യേകം മനസ്സിരുത്തേണ്ടതാണെന്നതിനു സംശയമില്ല.

ഈ പ്രകൃതത്തിൽ വേറെ ഒരു സംഗതി പറവാനുള്ളതു "കയ്യെഴുത്ത്, അല്ലെങ്കിൽ കൈയെഴുത്ത്," എന്നു പറയുന്നതിനെക്കുറിച്ചാകുന്നു. ഇംഗ്ലീഷിൽ, കയ്യെഴുത്തിന്റെ വടിവിനെ വ്യവസ്ഥപ്പെടുത്തുന്നതിന്നു പലതരം കോപ്പിബുക്കുകളുണ്ടു്. മലയാളത്തിൽ നല്ലതായ ഒരു കോപ്പിബുക്കില്ലാത്തതുകൊണ്ടു വിദ്യാർത്ഥികളുടെ മലയാളം കയ്യെഴുത്തിന്റെ കാര്യം വളരെ പരുങ്ങലാണ്. ഭംഗിയെന്നു പറയുന്നത് ഒരു വസ്തുവിന്റെ ഓരോ ഭാഗങ്ങൾക്കും അന്യോന്യമുള്ള യോജിപ്പാണല്ലോ. അക്ഷരങ്ങളുടെ കാര്യങ്ങളിലും ഇതൊരു സാധാരണ നിയമമാകുന്നു. ഓരോ അക്ഷരങ്ങളുടേയും ആകൃതിക്കു ന്യൂനതയില്ലാതിരിക്കേണ്ടതിന്നു പുറമെ, അക്ഷരങ്ങൾ തമ്മിൽ യോജിപ്പുമുണ്ടായിരിക്കണം. അക്ഷരങ്ങൾ തമ്മിൽ ഇംഗ്ലീഷ് രീതിപോലെ, ഒന്നോടൊന്നു തൊടാതിരിക്കരുത്. രണ്ടക്ഷരങ്ങൾ തമ്മിലുള്ള അകലത്തിന്റെ ഇരട്ടിയായിരിക്കേണം രണ്ടു വാക്കുകൾ തമ്മിലുള്ള അകലം. ആദ്യകാലങ്ങളിൽ അക്ഷരങ്ങൾ തമ്മിലുള്ള അകലത്തിന്റെ മൂന്നിരട്ടിയോ നാലിരട്ടിയോ അകലം വാക്കുകൾ തമ്മിലുണ്ടായിരിക്കുന്നതു നല്ലതാകുന്നു. ഇങ്ങിനെ അക്ഷരങ്ങളും വാക്കുകളും ശരിയായ അകലത്തിൽ എഴുതുന്നതായാൽ, എഴുത്തിന്റെ വടിവിന്നു വളരെ വിശേഷമായ ഗുണമൊന്നുമുണ്ടായില്ലെങ്കിലും, ആകപ്പാടെ ഒരു "ആനച്ചന്തം"ഉണ്ടായിരിക്കുന്നതാണ്. ഇങ്ങിനെ മനസ്സിരുത്തി എഴുതി ശീലിക്കുന്ന ഒരു വിദ്യാർത്ഥിയുടെ കയ്യക്ഷരം കാലക്രമേണ നന്നാവാതെ നിവൃത്തിയില്ല.

ഇക്കാലത്തു മലയാളം ഗദ്യമെഴുത്തിന്ന് അധികം പ്രാധാന്യം കൊടുത്തിരിക്കുന്നതുകൊണ്ടു വിദ്യാർത്ഥികളെ ആദ്യകാലം മുതൽക്കുതന്നെ ആ വിഷയത്തിൽ പരിചയിപ്പിക്കേണ്ടതാകുന്നു. ഗദ്യമെഴുതാനുള്ള പരിചയത്തിന്നു മൂന്നാംക്ലാസിൽനിന്നുതന്നെ അസ്തിഭാരമിടേണ്ടതാകുന്നു. അന്നന്നു പഠിക്കുന്ന പാഠത്തിന്റെ സാരം ചുരുക്കത്തിൽ അവരോടു പറയുകയും ആ പറഞ്ഞ സംഗതികൾ മാത്രം അവരുടെ സ്വന്തവാചകത്തിൽ, അവരായതു സംസാരിക്കുന്ന രീതിയിൽ, എഴുതിക്കുകയും വേണം. നാലാംക്ലാസിലെ വിദ്യാർത്ഥികളെക്കൊണ്ടു ഓരോ പാഠത്തിലെ കഥയും അവരുടെ സ്വന്തവാചകത്തിൽ ചുരുക്കമായി എഴുതിക്കണം. വാചകങ്ങളിലെ വാക്കുകൾ സാധാരണ കുട്ടികൾ ഉപയോഗിക്കുന്നവയായിരിക്കേണമെന്നതിന്നു പുറമെ, ഏറിയാൽ ഏഴോ പത്തോ വാക്കുകൾ മാത്രമേ ഒരു വാചകത്തിൽ ഉപയോഗിച്ചുകൂട്ടു എന്നും നിർബ്ബന്ധമുണ്ടായിരിക്കണം. ഇങ്ങിനെ എഴുതുമ്പോൾ കഥയിലെ പ്രധാനമായ വല്ല സംഗതികളും വിട്ടുകളയുകയോ അനാവശ്യമായ സംഗതികളെ എഴുതിച്ചേർക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ആ വക ന്യൂനതകൾ ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതാകുന്നു. പാഠപുസ്തകത്തിലെ കഥകൾ എഴുതിക്കുന്നതുകൊണ്ട് അവൎക്കു വാചകങ്ങൾ എഴുതുവാനുള്ള പരിചയമുണ്ടാകുന്നതാണ്. ഒരു വിഷയത്തെപ്പറ്റി പ്രബന്ധം എഴുതേണ്ടതായിവരുമ്പോൾ, അവൎക്ക് അന്വേഷണശീലം എന്ന ഒരു നന്മയുണ്ടായിരിക്കേണ്ടതാണല്ലൊ. കുട്ടികളെ സാധനപാഠങ്ങൾ പഠിപ്പിക്കുന്നതിൽനിന്ന്

ഈ ഒരു ശീലം അവൎക്ക സിദ്ധിക്കുന്നതാണ്. ഓരോ സാധനപാഠങ്ങളേയും കുറിച്ചു ചുരുക്കമായി എഴുതുവാൻ ശീലിപ്പിക്കുന്നതായാൽ, വിദ്യാൎത്ഥികൾക്ക പ്രബന്ധമെഴുതേണ്ടുന്ന വിഷയത്തിലെ പ്രധാനസംഗതികൾ ഇന്നിന്നവയാണെന്നും അവയെ ക്രമപ്പെടുത്തേണ്ടതു് ഇന്ന വിധത്തിലാണെന്നും മനസ്സിലാകും. അതുകൊണ്ടു മൂന്നും നാലും ക്ലാസ്സുകളിൽനിന്നുതന്നെ വിദ്യാൎത്ഥികളെ പ്രബന്ധമെഴുതാനുള്ള വഴിയിലേക്കു തിരിച്ചു വിടേണ്ടതാകുന്നു.

ഇനിയത്തെ അവസരത്തിൽ ഉയൎന്ന തരം ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കേണ്ടുന്ന സമ്പ്രദായത്തെപ്പറ്റി പ്രസ്താവിക്കാമെന്നു കരുതി ഇപ്പോൾ ഈ വിഷയത്തെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

---

## വിദ്യാൎത്ഥികളും വിനോദങ്ങളും.

---

മാന്യസഭാവാസികളെ!

മനുഷ്യരുടെ പരിണാമദശകളെ പരിശോധിക്കുന്നതായാൽ, അവർ ആബാലവൃദ്ധം വിനോദരസികന്മാരാണെന്നു കാണാം. പക്ഷെ, പ്രായത്തേയും പ്രകൃതിയേയും അനുസരിച്ച് അവരുടെ വിനോദങ്ങൾ വ്യത്യസ്തങ്ങളായിരിക്കുമെന്നേയുള്ളു. ശിശുക്കൾ മലൎന്നു കിടക്കുന്ന പ്രായത്തിൽ പോലും കയ്യും കാലും കുടഞ്ഞു കളിക്കുന്നതു നാം കാണുന്നുണ്ടല്ലൊ. കരയുമ്പൊഴും അവർ കയ്യും കാലും കുടയുന്നില്ലെ എന്നു വല്ലവരും

ചോദിച്ചുകാം. കളിക്കുമ്പോഴും കരയുമ്പോഴും കുട്ടികളുടെ അവയവങ്ങൾക്കു ചലനമുണ്ടാകുന്നതു വാസ്തവമാണെങ്കിലും, പ്രത്യേകം മനസ്സിരുത്തി പരിശോധിക്കുന്നതായാൽ, സന്തോഷവും സന്താപവുമുള്ള അവസരങ്ങളിൽ അവരുടെ അവയവചേഷ്ടകൾ വ്യത്യസ്തങ്ങളായിരിക്കുമെന്നു വിശദമാകും. ശരീരസുഖമുള്ള കുട്ടികൾ ഉന്മേഷത്തോടുകൂടി കളിക്കുന്നതും, നേരെ മറിച്ച് ആരോഗ്യക്കുറവുനിമിത്തം കുട്ടികൾ മാന്ദ്യത്തോടെ കിടക്കുന്നതും നാം കാണുന്നില്ലേ? "കുട്ടി കളിച്ചു കിടക്കുന്നില്ലേ? കുട്ടി കരഞ്ഞു കിടക്കുന്നില്ലേ?" എന്നു മമതയോടുകൂടി സ്ത്രീകൾ ചോദിക്കുന്നതു സാധാരണയാകുന്നു. ഈ രണ്ടു ചോദ്യങ്ങളും കേൾവിക്കു വിപരീതാർത്ഥത്തോടുകൂടിയവയാണെങ്കിലും, ഇവയുടെ ആന്തരമായ ഉദ്ദേശാർത്ഥം ഒന്നുതന്നെയാണ്. കുട്ടി കരഞ്ഞു കിടക്കുന്നതു, ചോദിക്കുന്ന സ്ത്രീക്കു സന്തോഷമായ ഒരു കാര്യമാണെന്ന് ആരും സംശയിക്കേണ്ട. ആരോഗ്യമില്ലാത്ത കുട്ടികൾ കളിക്കുകയും ആവശ്യങ്ങൾക്കു കരയുകയും ചെയ്യുന്നതല്ല; ഈ രണ്ടവസ്ഥകളും കുട്ടികളുടെ ദേഹസുഖത്തെ സൂചിപ്പിക്കുന്നതിനാൽ, അവയില്ലേ? എന്നാണ് മേല്പറഞ്ഞ ചോദ്യത്തിന്റെ സാരം. കരചരണാദ്യവയവങ്ങളുടെ ചലനം ജീവികളുടെ സുഖാവസ്ഥയ്ക്ക് അത്യാവശ്യമാണെന്നു പ്രകൃതിയെ സംബന്ധിച്ച ഒരു സാമാന്യനിയമമാകുന്നു. കുട്ടികളുടെ മനസ്സിന്ന് അധികം സന്തോഷമുള്ളപ്പോൾ, അവരുടെ അവയവങ്ങൾ സാമാന്യത്തിലധികം ചലിക്കുന്നതാണ്: ഓടുക, ചാടുക, കൂക്കിവിളിക്കുക മുതലായ

പ്രവൃത്തികൾ അവരുടെ മനസ്സന്തോഷംകൊണ്ടു സ്വാഭാവികമായി ഉണ്ടാകുന്ന അവയവചേഷ്ടകളാകുന്നു. പ്രകൃതിയുടെ പ്രേരണയെ മാത്രം അനുസരിച്ച് ചാടുകയും ഓടുകയും മററും ചെയ്യുന്ന ആട്ടിൻകുട്ടികളും പശുക്കുട്ടികളും പട്ടിക്കുട്ടികളും വിശേഷജ്ഞാനമുള്ള മനുഷ്യരെപ്പോലെ തന്നെ കളിയിൽ താല്പര്യമുള്ളവയായി കാണുന്നതിൽ നിന്നു ന്യായമായുണ്ടാകുന്ന അനുമാനം, വിനോദം, ജീവികൾക്കു സ്വഭാവസിദ്ധമായ ഒരു ഗുണമെന്നാണല്ലോ. അതുകൊണ്ടു ജീവികൾക്ക്, ആഹാരംപോലെതന്നെ, വിനോദവും അത്യാവശ്യമായ സംഗതിയാണെന്നു തെളിയുന്നുണ്ട്. എന്നുതന്നെയല്ല, വിനോദത്തിൽ നിന്നുണ്ടാകുന്ന "സന്തോഷം സകല രോഗങ്ങൾക്കും ദൈവകല്പിതമായ ഒരു ഔഷധവുമാകുന്നു".

വിനോദങ്ങൾ പ്രധാനമായി രണ്ടുവിധമാണ് — മാനസികവും കായികവും. വായന, ചതുരംഗം, ശീട്ടുകളി മുതലായവ മാനസികവിനോദങ്ങളാകുന്നു. ഇവകൊണ്ടു കായികമായ ചില ദോഷങ്ങൾ സംഭവിക്കുന്നതാകയാൽ, ആരോഗ്യത്തെ നിലനിറുത്തുവാൻ തക്കവണ്ണം വല്ല വ്യായാമവും കൂടാതെ കഴിയുന്നതല്ല. വിദ്യാത്ഥികൾക്കു വായന ഒരു നിർബ്ബന്ധിതകൃത്യമാകയാൽ, അതു കേവലം ഒരു വിനോദമായിത്തീരുമോ എന്നു സംശയമാണ്. കത്തവ്യമായ കമ്മത്തെ നിവ്വഹിക്കുവാൻ വേണ്ടി ക്ഷീണിപ്പിച്ച മനസ്സിനെ വിഷയഭേദംകൊണ്ടു വിനോദിപ്പിക്കുവാൻ വീണ്ടും വായനയിൽതന്നെ പ്രവത്തിപ്പിക്കുന്നത് അനാവശ്യമായ ശ്രമ

മാകുന്നു. ചതുരംഗം മുതലായ മററ വിനോദങ്ങളിലും മനസ്സ വീണ്ടും ക്ലേശിക്കുന്നതേയുള്ളു. മാനസികാദ്ധ്യാനംകൊണ്ടു മനസ്സിന്റെ ക്ഷയിച്ച ഓജസ്സ വീണ്ടും വൎദ്ധിപ്പിക്കുവാൻ, അവയവങ്ങളുടെ വ്യാപാരത്തോടുകൂടിയ വ്യായാമത്തിൽ രസിച്ചുകൊണ്ടുള്ള വിശ്രമം അത്യാവശ്യമാകുന്നു. "നെയ്യപ്പം തിന്നാൽ രണ്ടുണ്ടു കാൎയ്യം" എന്ന് എല്ലാവരും കേട്ടിട്ടുണ്ടല്ലോ. അതുകൊണ്ടു വിദ്യാൎത്ഥികൾ ശരീരായാസമുണ്ടാവുന്ന വിനോദങ്ങളിൽ പരിശ്രമിക്കുന്നതായാൽ, അവക്കു രണ്ടു കാൎയ്യവും ഒരേ സമയത്തുതന്നെ നിഷ്പ്രയാസേന സാധിക്കുവാൻ കഴിയും.

നമ്മുടെ വിദ്യാൎത്ഥികളിൽ അധികഭാഗവും വിനോദരസികന്മാരല്ല. "ഇക്കാലത്തു നമ്മുടെ കുട്ടികളെ ചായകൊണ്ടും പന്തുകളികൊണ്ടുമാണ് വളൎത്തുന്നത്" എന്ന് ആക്ഷേപമായി റോസ്‌ബറി പ്രഭു പറയുകയുണ്ടായി. കുട്ടികൾ പുരുഷയോഗ്യമായ പന്തുകളിയിൽ അതിരുകവിഞ്ഞു പരിശ്രമിക്കുന്നു എന്നല്ലാ അദ്ദേഹത്തിന്റെ ആക്ഷേപം; കുട്ടികളിൽ അധികഭാഗവും ആ കളി കണ്ടു രസിക്കുവാൻ മാത്രമേ ശ്രമിക്കുന്നുള്ളു എന്നാണ്. ഈ വിഷയത്തിൽ നമ്മുടെ വിദ്യാൎത്ഥികളുടെ കഥ അദ്ദേഹം ഗ്രഹിച്ചിരുന്നു എങ്കിൽ, ആംഗ്ലേയയുവാക്കൾക്കു കളികൾ കാണുവാൻ മോഹമുള്ള അവസ്ഥ ഒരു വലിയ അനുഗ്രഹമാണെന്ന് അദ്ദേഹം സമാധാനപ്പെട്ടുമായിരുന്നു. 'ചെറുപ്പകാലങ്ങളിലുള്ളശീല'മാണ് നമ്മുടെ വിദ്യാൎത്ഥികളെ ഈ വക വിനോദങ്ങളിൽ വിമുഖന്മാരാക്കിയിരിക്കുന്നത്. പാ

ശാലയിലെ പഠിത്തം കഴിഞ്ഞു വൈകുന്നേരം വീട്ടിൽ വന്നതിനു ശേഷം വിദ്യാൎത്ഥികൾ പ്രകൃതിയുടെ നിബ്ബന്ധം മൂലം നിൎദ്ദോഷമായ വല്ല വിനോദങ്ങളിലും ഏൎപ്പെട്ടിരിക്കുന്നതായി രക്ഷകൎത്താക്കന്മാർ കണ്ടാൽ, ആ സമയവും കൂടെ പുസ്തകമെടുത്തു വായിക്കുന്നതുകൊണ്ട് അത്രയും അറിവു വൎദ്ധിക്കുമല്ലോ എന്ന വിചാരത്തോടുകൂടി കുട്ടികളെ ശാസിക്കുന്നതു സാധാരണയാകുന്നു. ഇതിനാൽ വിദ്യാൎത്ഥികൾക്കു വിനോദങ്ങളിൽ അവശ്യം വേണ്ടതായ സ്വാതന്ത്ര്യത്തെ നിരോധിക്കുന്നതുകൊണ്ട് അവർ പ്രായേണ അവയിൽ വൈമനസ്യമുള്ളവരായും തന്നിമിത്തം ശരീരായാസക്കുറവുകൊണ്ടു മന്ദബുദ്ധികളായും തീരുന്നു. നമ്മുടെ വിദ്യാൎത്ഥികളുടെ ആകത്തുകയിൽ പതിനൊന്നുവീതമെങ്കിലും ശ്രദ്ധയോടെ വിനോദങ്ങളിൽ പ്രവേശിക്കുന്നില്ല; കളികൾ കാണുവാൻ ആഗ്രഹിക്കുന്നവരായി പത്തിനു രണ്ടുവീതമെങ്കിലും ഉണ്ടോ എന്നു സംശയമാണ്. ഇപ്രകാരം നോക്കുന്നതായാൽ, പത്തിനേഴുവീതം ബാക്കിയുള്ള വിദ്യാൎത്ഥികളിൽ ഒരു ഭാഗം ശരീരത്തിന്റെ ശക്തിക്ഷയം നിമിത്തം അപ്രാപ്തന്മാരായും മറ്റൊരുഭാഗം മനസ്സിന്റെ മാന്ദ്യം നിമിത്തം വിമുഖന്മാരായുമാണ് കാണപ്പെടുന്നത്. വിദ്യാൎത്ഥികൾക്കു വിനോദങ്ങളിൽ വൈമനസ്യം ജനിക്കുന്നതുകൊണ്ടു വാസ്തവത്തിൽ അവരുടേയും അവർ മൂലം ആ രാജ്യത്തിന്റേയും മുൻഗതി പിന്തിരിയുകയാകുന്നു.

കളികളിൽനിന്നു സിദ്ധിക്കുന്ന രണ്ടു പ്രത്യക്ഷഗുണങ്ങൾ മനസ്സന്തോഷവും ശരീരായാസവുമാകുന്നു.

ശരീരത്തിന്ന് ആയാസമുണ്ടാകുന്ന മററു പ്രവൃത്തികളും കളികളും തമ്മിലുള്ള വ്യത്യാസംതന്നെ മനസ്സിന്റെ വികാരഭേദമാണ. നമ്മുടെ വിദ്യാലയങ്ങളിൽ ഡ്രില്‍ ഒരു നിര്‍ബ്ബന്ധിതകൃത്യമായിരിക്കുന്നതിനാൽ, സ്വാതന്ത്ര്യമായ മനോവ്യാപാരത്തിന്ന് ഹാനി സംഭവിക്കുക നിമിത്തം വിദ്യാൎത്ഥികൾക്ക് അതിലുള്ള വൈമനസ്യം സ്വാഭാവികമാകുന്നു. പാഠങ്ങളിൽ പരിശ്രമിച്ചുകൊണ്ടിരുന്ന മനസ്സിന്നു വിഷയഭേദത്താൽ വിനോദവും വിശ്രമവും ഉണ്ടാക്കേണ്ടതിന്നും മിക്കവാറും ചലനമില്ലാതിരുന്ന അവയവങ്ങൾക്കു ക്രമമായ വ്യാപാരമുണ്ടാക്കേണ്ടതിന്നുമാണ് ഡ്രില്‍ മററു പാഠങ്ങളുടെ കൂട്ടത്തിൽ ഒന്നായി ഗണിച്ചിരിക്കുന്നത്. ഇതിൽനിന്നു പ്രത്യക്ഷമായും അപ്രത്യക്ഷമായും പല ഗുണങ്ങളുമുണ്ടാകുന്നുണ്ട്. പക്ഷെ, അത് അവർ അറിയുന്നില്ല. പട്ടാളക്കാരേയും മററും ഡ്രില്‍ ശീലിപ്പിക്കുന്നതു കണ്ടു രസിച്ചുകൊണ്ടു നില്ക്കുകയും വീട്ടിൽ ചെന്ന് അതുപോലെ ഓരോന്നു കാണിക്കുകയും ചെയ്യുന്ന വിദ്യാൎത്ഥികൾ ഡ്രില്‍ഷെഡ്ഡിൽ ചെല്ലുമ്പോൾ ഉദാസീനന്മാരായിത്തീരുന്നതിന്നു പ്രത്യേകം കാരണം എന്ത്? ശാസനയാൽ നിയന്ത്രിതമായ നിയമങ്ങളെ സ്വീകരിക്കുന്നതിൽ, ഉദാരമായ കൃത്യബോധം എന്ന ഗുണത്തിന്നു നമ്മളിൽ നിത്യതയുണ്ടാകുന്നതുവരെ, മനസ്സിന്നുണ്ടാകുന്ന അസ്വാതന്ത്ര്യത നിമിത്തം സ്വേച്ഛാനുസൃതമായ പ്രവൃത്തിയിൽ നിന്നു സ്വഭാവേനയുണ്ടാകുന്ന മനസ്സന്തോഷത്തിന്നു കുറവു വരുന്നതിനാൽ, ആ വക പ്രവൃത്തികൾ വിനോദകരമായിത്തീരു

ന്നില്ല. സന്തോഷരഹിതമായ വ്യായാമങ്ങൾ, കൂലിവേലകൾപോലെ ദേഹാദ്ധ്വാനം മാത്രമായി പരിണമിക്കുന്നതുകൊണ്ട്, അവ ഗുണപ്രദമാകാതെ ദോഷകരമായിത്തീരുന്നേയുള്ളു. വിനോദങ്ങൾ നിയമപ്രകാരം നിർബ്ബന്ധിതകൃത്യമാക്കി വെക്കുന്നതായാലും, വിദ്യാർത്ഥികൾക്ക് അവയിൽ ഉത്സാഹം ജനിക്കത്തക്കവണ്ണം ഏർപ്പെടുത്തിയിരിക്കണം. എന്നാൽ, സാധാരണ വിദ്യാർത്ഥികൾ നിസ്സാരമെന്നു കരുതിപ്പോരുന്ന ഡ്രില്ലുകൊണ്ടു നമ്മുടെ അവയവങ്ങൾക്കു ദാർഢ്യവും ലാഘവവും സിദ്ധിക്കുന്നതാണ് അതിൽനിന്നുണ്ടാകുന്ന പ്രത്യക്ഷഗുണം; അനുസരണശീലം, അനുകരണശക്തി, പ്രവൃത്തികളിൽ മനസ്സിനെ ഏകാഗ്രമാക്കുവാനുള്ള പരിചയം മുതലായവയാകുന്നു അതിൽനിന്നു സിദ്ധിക്കുന്ന അപ്രത്യക്ഷമായ ഗുണങ്ങൾ. പക്ഷേ ഡ്രില്ലിനെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികൾക്ക് അതു വിനോദങ്ങളുടെ കൂട്ടത്തിൽ ഒന്നായി ഗണിക്കപ്പെടത്തക്ക സ്വാതന്ത്ര്യമില്ല; എങ്കിലും, അതിൽനിന്നു പ്രത്യക്ഷമായും അപ്രത്യക്ഷമായും സിദ്ധിക്കുന്ന ഗുണങ്ങൾ മനുഷ്യരുടെ ജീവിതമത്സരത്തിൽ അത്യാവശ്യമായിത്തീരുന്നതിനാൽ, അത് അവർ അവശ്യം ശീലിക്കേണ്ടതായ ഒരു പാഠമാകുന്നു.

പുതിയ പരിഷ്കാരപ്രകാരം പുരുഷയോഗ്യമായ പലതരം പന്തുകളികളുണ്ട്. ഇവ പഴയരീതിയിൽനിന്നു വളരെ വ്യത്യസ്തവുമാണ്. പുതിയ സമ്പ്രദായത്തിലുള്ളവ ഫുട്ട്ബാൾ, ക്രിക്കെററ്, ടെനിസ്സ്, ബാററ്മിണ്ടൻ മുതലായവയാകുന്നു. ഇവയെല്ലാം പാശ്ചാ

ത്യപരിഷ്കാരത്തോടുകൂടി ആവിർഭവിച്ചവയാണ്. പണ്ടു നമ്മുടെ ഇടയിലും ഈ മാതിരി പല കളികളും ഉണ്ടായിരുന്നു എന്നുമാത്രമല്ല, കുട്ടികൾ സശ്രദ്ധം അവയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. നമ്മുടെ ഇടയിൽ ആയുധാഭ്യാസവും കളരികളും ഉണ്ടായിരുന്ന കാലത്തു പുരുഷയോഗ്യമായ സകല കളികൾക്കും പ്രാബല്യമുണ്ടായിരുന്നു എന്നതിനു സംശയമില്ല. അപകടങ്ങളെ നേരിടുവാനുള്ള ധൈര്യവും അവയിൽനിന്നു നിവർത്തിക്കുവാനുള്ള മെയ്സ്വാധീനവും സാമർത്ഥ്യവും യോദ്ധാക്കളായ നമ്മുടെ പൂർവ്വന്മാർക്കുണ്ടായിരുന്നത് അവരുടെ അഭ്യാസബലവും പരിചയവും കൊണ്ടാകുന്നു. ആവക ഗുണങ്ങൾ അനാവശ്യമാണെന്നു വന്നതോടുകൂടി ആ നന്മകളുടെ ഉത്ഭവസ്ഥാനമായ കളികളും സ്വാഭാവികമായി നശിച്ചു. പക്ഷെ, തലപ്പന്തും തമ്മിത്തല്ലും ഇപ്പോഴും ജീവിച്ചിരിപ്പില്ലെന്നില്ല. ദോഷകരമായ വിനോദങ്ങളിൽ ഏർപ്പെടുന്നതിനേക്കാൾ നല്ലതു തീരെ കളിക്കാതിരിക്കുന്നതാണ്.

നെപ്പോളിയൻ അദ്ദേഹത്തിന്റെ പ്രതാപകാലത്ത് ആംഗ്ലേയരെക്കുറിച്ച് "ഒരുകൂട്ടം കച്ചവടക്കാർ" എന്ന് ആക്ഷേപമായി പറഞ്ഞു. ആ ആക്ഷേപത്തിന്റെ സാരം അവർ പുരുഷയോഗ്യമായ കായികാഭ്യാസങ്ങളിൽ ഉദാസീനന്മാരാകയാൽ, യുദ്ധസാമർത്ഥ്യമില്ലാത്തവരാണെന്നായിരുന്നു. പിന്നീട് ഈ അസാമാന്യപുരുഷനെ കീഴടക്കിയ വെല്ലിങ്ടൻ പ്രഭു ഒരു അവസരത്തിൽ "ഞാൻ വാട്ടർലൂയുദ്ധം ജയിച്ചത് ഈറ്റൻ കോളേജിലെ കളിസ്ഥലത്തിൽനിന്നു പഠിച്ച

ഷ്ടാഠം കൊണ്ടാണ്'' എന്നു പറയുകയുണ്ടായി. യൂറോപ്പുഖണ്ഡം മുഴുവൻ വിറപ്പിച്ചുകൊണ്ടിരുന്ന ഒരു സൈന്യാധിപനെ ജയിച്ചതു താൻ വിദ്യാൎത്ഥിയായിരുന്ന കാലത്തു കളികളെത്തിൽനിന്നു സമ്പാദിച്ച സാമൎത്ഥ്യംകൊണ്ടാണെന്നു നിൎവ്വ്യാജമായി പറഞ്ഞ ആ മഹാനു കുട്ടികളുടെ വിദ്യാഭ്യാസകാലത്തെ കളികളെക്കുറിച്ച് എത്ര ബഹുമാനിച്ചിരുന്നു എന്നു വിശദമാകുന്നുണ്ടല്ലോ. ''വിനോദങ്ങളുടെ പ്രധാനമായ ഗുണാംശങ്ങളിൽ പന്തുകളിമുതലായവ രസകരങ്ങളാകുന്നു; എന്നാൽ, ഇതിനുംപുറമെ, ഇവ നമ്മുടെ ഉദ്യമങ്ങളിൽ, എന്നു വേണ്ടാ നിത്യവൃത്തിയിൽപോലും വളരെ വിലയേറിയ ഒരു സദാചാരനിരതയെ പ്രദൎശിപ്പിക്കും'' എന്നു സർ. ജേംസ് പേജററ് പറഞ്ഞിരിക്കുന്നതിനോടു യോജിച്ചതന്നെയാണ് 'ലക്കി'യും പറയുന്നത്. ''കായികാഭ്യാസങ്ങൾ നിന്ദിക്കത്തക്കവയല്ല; അവയിൽനിന്നു നേരെ നിൎദ്ദോഷമായ മനസ്സന്തോഷം സിദ്ധിക്കുന്നതിന്നു പുറമെ, പ്രധാനമായ വേറെ പല അപ്രത്യക്ഷഗുണങ്ങളും ഉണ്ടാകുന്നുണ്ട്; അവ ശരീരശക്തിയേയും ആരോഗ്യത്തെയും വൎദ്ധിപ്പിക്കുകയും ഇരുന്നു വേല ചെയ്യുന്നതുകൊണ്ടും രോഗംകൊണ്ടും സംഭവിക്കുന്ന സ്വഭാവമാന്ദ്യത്തെ നശിപ്പിക്കുകയും ചെയ്യുന്നു എന്നുതന്നെയല്ല, നിത്യമായ സുഖത്തെയും പ്രദാനം ചെയ്യുന്നു. അവ ബാല്യദശയുടേയും യൌവനദശയുടേയും മദ്ധ്യേ ആൎജ്ജിക്കുന്ന സൽഫലങ്ങളിൽ പ്രധാനമായ സൌഹാൎദ്ദത്തെ സമ്പാദിക്കുവാനും കാരണമാകുന്നുണ്ട്. അവയിൽ ചിലതു ധൈൎയ്യം, സ്ഥിരത

ത്സാഹം, ഊർജ്ജിതം, ആത്മസംയമനം മുതലായവയെ ശീലിപ്പിക്കുന്നു; മററു ചിലതു സുസ്ഥിരമായ സ്വഭാവമുണ്ടാകുവാൻ ആശാഭംഗത്തിലും പരാജയത്തിലും അത്യാവശ്യമായ പ്രസന്നതയ്ക്കും കാരണമാകയാൽ, അവ ദ്യൂതംമുതലായ ദുർവ്വിഷയങ്ങളിലേക്കു തിരിയാതിരിക്കുകയാണെങ്കിൽ, യുവാക്കളെ ദോഷകരമായ വിനോദങ്ങളിൽനിന്നു നിവർത്തിപ്പിക്കുവാൻ തക്കമാർഗ്ഗങ്ങളായിത്തീരുന്നതുമാണ്". 'ലക്കി'യുടെ ഈ അഭിപ്രായം അനുഭവസ്ഥന്മാർക്കു സ്വീകരിക്കാതെ തരമില്ല.

അരോഗദൃഢഗാത്രന്മാരും, സ്വതന്ത്രന്മാരും, ആത്മവിശ്വാസമുള്ളവരുമായിത്തീരേണ്ടുന്ന നമ്മുടെ വിദ്യാർത്ഥികളിൽ എത്ര പേരാണ് അവരുടെ പഠിപ്പുനിറുത്തി ഓരോ ഉദ്യോഗങ്ങളിൽ പ്രവേശിക്കാറാവുമ്പോൾ, ബലഹീനന്മാരും അസ്വതന്ത്രന്മാരും ആത്മവിശ്വാസമില്ലാത്തവരുമായി ജീവസന്ധാരണംതന്നെ ഒരു ശാപമാണെന്നു കരുതി കഷ്ടപ്പെടുന്നത്? വിദ്യാഭ്യാസകാലത്തു വളരെ സമർത്ഥന്മാരെന്നു സമ്മതിക്കപ്പെട്ട അനേകം യുവാക്കൾ വിദ്യാഭ്യാസാനന്തരം അവർ പ്രവേശിക്കുന്ന ഉദ്യോഗങ്ങളിൽ പരാജിതന്മാരായിത്തീരുന്നതു കണ്ട് അത്യന്തം അത്ഭുതപ്പെടുന്ന നാം അല്പം സൂക്ഷ്മതയോടെ അവരുടെ വിദ്യാലയജീവിതത്തെ പരിശോധിക്കുന്നതായാൽ, അവരുടെ അപജയത്തിന്റെ ഗൂഢകാരണം പ്രത്യക്ഷപ്പെടുന്നതാണ്. ആകസ്മികമായ അപകടങ്ങളിൽ സമയോചിതമായി പ്രവർത്തിക്കുവാനുള്ള ശക്തിയും ബുദ്ധിയും നമ്മുടെ പുസ്തകങ്ങളിൽനിന്നല്ലാ, നിത്യപരിചയത്തിൽനിന്നാണ് ഉണ്ടാകുന്ന

ത്. ജീവഹാനി സംഭവിക്കത്തക്ക അപകടത്തിൽപ്പെട്ട ഒരുവനെ രക്ഷിക്കുവാൻ തുനിയുന്ന മറ്റൊരുവന്റെ ശ്രമം ആപല്ക്കരമായി പരിണമിക്കും എന്നു പ്രത്യക്ഷമായ സംഗതികളിൽ, നമ്മളിൽ അധികം പേരും മമതയുള്ള ഭീരുക്കളായി നോക്കിക്കൊണ്ടുനിന്നു മറ്റൊരു സമസൃഷ്ടിയുടെ നാശത്തെ കുറിച്ചു വ്യസനിക്കുകയല്ലാതെ, ആത്മവിശ്വാസത്തിൽനിന്നുണ്ടാകുന്ന ധൈൎയ്യത്തോടും സാമൎത്ഥ്യത്തോടുംകൂടി അയാളെ രക്ഷിക്കുവാൻ ശ്രമിക്കാത്തത് എന്തുകൊണ്ട്? "വന്നതുവരട്ടെ, ചെയ്യേണ്ടതു ചെയ്യണം" എന്നു തോന്നത്തക്ക ധൈൎയ്യവും സാമൎത്ഥ്യവും നമുക്കില്ലാത്തതുകൊണ്ടാകുന്നു. "അവൻ ധീരനാണ്. എന്തുകൊണ്ടെന്നാൽ, അവൻ സംഭവിക്കാനിരിക്കുന്ന ആപത്തിനെ കുറിച്ചു ഗ്രഹിക്കാതെയല്ലാ അവൻ അതിനു തുനിഞ്ഞത്" എന്നു വെല്ലിങ്ടൻ പ്രഭു ഒരു ഭടനെ കുറിച്ചു പറഞ്ഞതിൽനിന്നു നാം ഗ്രഹിക്കുന്നതു പ്രത്യക്ഷമായ ആപത്തിൽപോലും കൎത്തവ്യമായ മുറ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ചിത്തവൃത്തിയാകുന്ന ധീരത എന്നാണല്ലൊ. ഇതിനുള്ള സാമൎത്ഥ്യം നമുക്കു പരിചയംകൊണ്ടു മാത്രമേ സിദ്ധിക്കുന്നതുമുള്ളു.

നമ്മുടെ വിദ്യാൎത്ഥികളുടെ ഇടയിൽ ഇക്കാലത്തു സാധാരണമായ പന്തുകളിയെക്കുറിച്ചുതന്നെ ആദ്യമായി ആലോചിക്കാം. ഈ കളി ന്യായമായി നടത്തുന്നതിന്നു പല നിയമങ്ങളും ആചരിക്കേണ്ടതുണ്ട്. ആ നിയമങ്ങൾ ക്രമപ്രകാരം നടത്തുന്നതിന്ന് ഒരു നായകൻ അത്യാവശ്യമാകുന്നു. എന്നാൽ ആ നായകൻ ആഭിജാ

ത്യം, ദീർഘദൃഷ്ടി, വിദഗ്ദ്ധത മുതലായവകൊണ്ടു മററ വിദ്യാർത്ഥികളെക്കാൾകൂട്ടം മേലെയായിരിക്കണമെന്നില്ല; നേരെമറിച്ചു, തീരെ താണ ഒരു സ്ഥിതിയിലായെന്നും വരുന്നേക്കാം. നമ്മുടെ ഇന്ത്യാചക്രവത്തി ഒരു കാലത്തു നാവികസൈന്യത്തിൽ ചേന്ന് ഒരു സാധാരണ നാവികനെപ്പോലെ പണി പരിചയിച്ചിരുന്നു എന്നു കേൾക്കുമ്പോൾ, ഓരോ പ്രത്യേക തൊഴിലുകളിലും സമത്ഥരായവരുടെ കീഴിൽ അതിനെ സംബന്ധിച്ച നിയമങ്ങൾക്ക് അധീനപ്പെട്ടിരുന്നാൽ മാത്രമേ അതിൽ നൈപുണ്യമുണ്ടാവുള്ളൂ എന്നറിയാമല്ലോ. കളിയുടെ കാര്യത്തിൽ നായകൻ മററുള്ളവരേക്കാൾ യോഗ്യനായിരിക്കുന്നതുകൊണ്ട് അയാളുടെ ശാസനയ്ക്കു കീഴടങ്ങി പ്രവൃത്തിക്കേണ്ടതു ശേഷമുള്ളവരുടെ മുറയാകുന്നു. നായകന്റെ ആജ്ഞയ്ക്ക് അനുസരണമായി പ്രവത്തിച്ചില്ലെങ്കിൽ കളി ക്രമമായി നടക്കുന്നതല്ല. അനുസരണത്തോടുകൂടി കളിക്കുന്ന ഭാഗക്കാർ മാത്രമേ മത്സരങ്ങളിൽ വിജയികളാവുള്ളൂ. അങ്ങിനെയല്ലാതെ, 'വാളെടുത്തവരെല്ലാം വെളിച്ചപ്പാടായി' സ്വച്ഛാനുസൃതം പ്രവത്തിക്കുന്നതായാൽ, സഹകരണത്തിൽനിന്നുണ്ടാകേണ്ടുന്ന യോഗബലം ക്ഷയിച്ച് കാര്യങ്ങൾക്കു തടസ്ഥങ്ങൾ നേരിടും. മനുഷ്യർ യോഗമായി ചെയ്യുന്ന കാര്യങ്ങളുടെ സാദ്ധ്യത്തിന്ന് അനുസരണം അത്യാവശ്യമാണെന്നു പ്രായേണ ഓരോരുത്തനും അനുഭവമാകുന്നതും പിൻകാലങ്ങളിൽ അത് അവരുടെ ഒരു സ്വഭാവവിശേഷമായിത്തീരുന്നതുമാണ്. വലിയ യുദ്ധങ്ങളിൽ വിജയം സിദ്ധിക്കുന്നതു ഭടന്മാരുടെ അനുസരണശീ

ലംകൊണ്ടുണ്ടാകുന്ന സഹകരണശക്തി മൂലമാകുന്നു. ഓരോ ഉദ്യമങ്ങളിൽ പ്രവേശിക്കുന്നവരുടെ അനുസരണത്തോടുകൂടിയ സഹകരണംതന്നെയാണു് ഐക്യമത്യം എന്നു പറയപ്പെടുന്നതു്. ഈ നന്മകളില്ലാത്ത മനുഷ്യനാകട്ടെ, സമുദായത്തിന്നാകട്ടെ അഭിവൃദ്ധിയുണ്ടാവുന്നതല്ല. എന്നാൽ ഈ നന്മകളെപ്പററി നാം അറിഞ്ഞിരുന്നാൽ മാത്രം പോരാ. ഇവ നമ്മുടെ സ്വഭാവമായിത്തീരണം; അതിന്നു പരിചയവും അനുഭവവും അത്യാവശ്യമാകുന്നു. മേല്പറഞ്ഞ ഗുണങ്ങൾ രണ്ടുവിധമാണു്:ഒന്നു നിർബ്ബന്ധിതവും മറെറാന്നു സ്വതന്ത്രവുമാകുന്നു. വിദ്യാർത്ഥികൾ അദ്ധ്യാപകന്മാരുടെ സമക്ഷത്തിൽ പലതും പരിചയിക്കുന്നുണ്ടെങ്കിലും, അവൎക്കു സ്വാതന്ത്ര്യം സിദ്ധിക്കുന്നതോടുകൂടി ആ പരിചയങ്ങൾ മിക്കവാറും സ്വപ്നപ്രായമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ, അവരുടെ അന്നത്തെ പരിചയം ഏറെക്കുറെ വൈമനസ്യത്തോടുകൂടിയതായിരുന്നതിനാൽ, അതിൽനിന്നു സ്ഥിരമായ ഒരു അനുഭവം അവൎക്കുണ്ടായിട്ടില്ല. നേരെമറിച്ചു, കളിയിൽനിന്നു് അവർ സമ്പാദിക്കുന്ന പരിചയം സ്വതന്ത്രമാകയാൽ അതിന്നു സ്വാഭാവികമായ ഒരു സുസ്ഥിരതയുണ്ടു്. ഇങ്ങിനെ സിദ്ധിച്ച സ്വഭാവഗുണമാണു് നമ്മെ ഓരോ ഉദ്യമങ്ങളിൽ സ്ഥിരോത്സാഹികളും കാലാന്തരംകൊണ്ടു വിജയികളുമാക്കിത്തീൎക്കുന്നതു്.

പന്തുകളിയിൽ ഒരു ഭാഗക്കാർ പന്തു് എതിർകക്ഷിയുടെ ഗോളിന്നു സമീപംവരെ തട്ടിക്കൊണ്ടു ചെന്നു എന്നു വിചാരിക്കുക. ഈ സന്ദൎഭത്തിൽ അടുത്ത

വന്ന ശത്രുക്കളെ ഭയപ്പെട്ടു നേരെ നില്ക്കുന്ന ആൾ പിന്മാറുന്നതായാൽ, പന്തു ഗോളിൽകൂടെ കടന്നുപോകുമെന്നും, മുട്ടി എത്തിയ ഒരുവനു യോഗമായി രോധിക്കുന്ന ശത്രുക്കളെ ഒററക്കു തടുത്തു നിറുത്തുവാൻ സാധിക്കുന്നതല്ലെന്നും തീർച്ചയായ ആ സന്ദർഭത്തിൽ, തന്റെ ഉദാസീനതകൊണ്ടു് അപജയം സംഭവിച്ചെങ്കിലൊ എന്ന ഉൽക്കണ്ഠയാലും തനിക്കു സംഭവിക്കാവുന്ന ആപത്തിനെ ഗണ്യമാക്കാതെ ആസന്നമായ അപകടത്തിൽനിന്നു തന്റെ ഭാഗം രക്ഷപ്പെടുവാനുള്ള നിവൃത്തിമാർഗ്ഗം താൻ തന്നെയുള്ളൂ എന്ന ബോദ്ധ്യത്തോടുംകൂടി പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്ന വികാരം ധീരതയാകുന്നു. ഈ സ്വഭാവഗുണം ചിലക്കു സഹജമാണെങ്കിലും, ഇങ്ങിനെയുള്ള കളികളിൽനിന്നു സിദ്ധിച്ച പരിചയം മാത്രമേ അവരുടെ ജീവിതമത്സരത്തിൽ ആകസ്മികസംഭവങ്ങളിൽ യഥാവസരം പ്രവർത്തിപ്പാൻ അവരെ ശക്തരാക്കിത്തീർക്കുന്നുള്ളൂ. ഗോളിന്റെ സമീപംവരെ തട്ടിക്കൊണ്ടുവന്ന പന്തു് എതിരാളി തട്ടി മാറുന്നതുകൊണ്ടു കളിക്കാരുടെ ബുദ്ധി ക്ഷയിക്കാതെ, പൂർവ്വാധികം ശൌര്യത്തോടെ വീണ്ടും പന്തു തട്ടി ഗോളിലേക്കു കൊണ്ടുപോകുവാൻ അവർ ഉത്സാഹിക്കും. ആദ്യത്തെ ശ്രമം ഫലിക്കാതെ വരുമ്പോൾ, വാശിയും ഉത്സാഹവും ഉപര്യുപരി വർദ്ധിച്ചു പിന്നെയും പിന്നെയും കാര്യസാദ്ധ്യത്തിനായി ശ്രമിക്കുന്ന ഈ സ്വഭാവമല്ലേ സ്ഥിരോത്സാഹം! ഈ ശീലഗുണം സഹജമെന്നപോലെ സുസ്ഥിരമായിത്തീരത്തക്കവണ്ണം പരിചയിക്കുന്നതിനു കളികളെങ്ങളേക്കാൾ നല്ല കളരി മറേറതാണു്?

"തട്ടുകൊണ്ടേ തടവുപഠിക്കൂ" എന്ന പണ്ടത്തെ പണിക്കാർ പറഞ്ഞിരിക്കുന്നതു വെറുതെയല്ല. ഒരുവന്റെ നിത്യവൃത്തിൽ സംഭവിക്കുന്ന പരാജയങ്ങൾപോലെ വിജയപ്രാപ്തിക്ക് ആവശ്യമായ പാഠങ്ങൾ മററൊന്നുമില്ല. "പ്രകൃതി നമ്മുടെ മാർഗ്ഗത്തിൽ അപകടങ്ങൾ കൊണ്ടുവന്നിടുമ്പോൾ, നമുക്കു തലച്ചോറും കൂട്ടിത്തരുന്നു" എന്ന് എമർസൻ പറഞ്ഞിരിക്കുന്നതിന്റെ സാരം, നമ്മുടെ ഉദ്ദേശസാദ്ധ്യത്തിന്നു നേരിടുന്ന വിഘ്നങ്ങളെ നിവാരണം ചെയ്യാനുള്ള ആലോചനശക്തിയും നമുക്ക് അവശ്യം ഉണ്ടായിക്കൊള്ളുമെന്നാണല്ലോ. "അപകടങ്ങളെ നിവാരണം ചെയ്യാനുള്ള കഷ്ടപ്പാടുകളിൽനിന്നാണ് വിജയത്തിന്റെ ഉത്ഭവം" എന്നു സ്മൈയിൽസ് പറഞ്ഞിരിക്കുന്നതിൽനിന്നു നമ്മുടെ ഉദ്യമങ്ങൾക്ക് ഊർജ്ജിതം ഉണ്ടാക്കുന്നതും വിജയത്തിന്നുള്ള മാർഗ്ഗം കണ്ടുപിടിപ്പാൻ നമ്മെ പഠിപ്പിക്കുന്നതും പരാജയമാണെന്നു തെളിയുന്നുണ്ട്. "മനുഷ്യരിൽ പ്രത്യക്ഷപ്പെടാതെ കിടക്കുന്ന ശക്തികളെ പ്രയോഗിക്കുവാനായി ദൈവം നമ്മുടെ ചുററും അപകടങ്ങൾ ഉണ്ടാക്കുന്നു" എന്ന് അഡിസൻ പറഞ്ഞതിന്റെ താല്പര്യം, മനുഷ്യന്റെ മുൻഗതിക്ക് അത്യാവശ്യമായ നമുക്കും സ്വയമേവ സമ്പാദിക്കേണമെന്നാകുന്നു. "അപജയം നിർദ്ദയനായ ഒരു ഉപദേഷ്ടാവായിട്ടാണ് ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നത്; അദ്ദേഹത്തിനു നമ്മെ കുറിച്ചു നാം അറിയുന്നതിനേക്കാൾ അധികം അറിയാം; എന്നു മാത്രവുമല്ല, നമ്മെ അദ്ദേഹം നമ്മേക്കാൾ അധികം സ്നേഹിക്കുകയും ചെയ്യുന്നു. നമ്മെ ഉ

തുട്ടിപ്പിടിക്കുന്നവർ നമ്മുടെ ശരീരശക്തിയെ വൎദ്ധിപ്പിക്കുകയും നമ്മുടെ കൌശലങ്ങൾക്കു കൂൎമ്മതയുണ്ടാക്കുകയും ചെയ്യുന്നു. നമ്മുടെ എതിരാളി നമ്മുടെ സഹായിയാണ്. ബുദ്ധിമുട്ടുകളോടുള്ള ഏതാദൃശമത്സരം നമ്മുടെ ഉദ്ദേശത്തോടു നമ്മെ പരിചിതരാക്കുകയും അതിനെ സംബന്ധിച്ച സകല സംഗതികളേയുംകുറിച്ച് ആലോചിക്കുവാൻ നമ്മെ നിൎബ്ബന്ധിക്കുകയും ചെയ്യുന്നു.” എന്ന് എഡ്മണ്ട് ബൎക്ക് പറഞ്ഞിട്ടുണ്ട്. കളികളിൽ നമ്മുടെ മനസ്സ് അനൎഗ്ഗളമായ സ്വാതന്ത്ര്യം നിമിത്തം അപജയങ്ങൾക്ക് അധീനപ്പെടാതെ വിജയപ്രാപ്തിക്കനുകൂലമായ അശ്രാന്തതയോടെ പ്രവൎത്തിപ്പാൻ പ്രോത്സാഹിച്ചുകൊണ്ടിരിക്കുന്നതിനാൽ, നിത്യപരിചയംകൊണ്ട് ഈവക തത്വങ്ങൾ നമുക്കു അനുഭവപ്പെടുവാനുള്ള നല്ല പാഠശാലകൾ കളിക്കളങ്ങളാണെന്നതിനു സംശയമില്ല.

പുസ്തകപ്പുഴുക്കളും വിനോദരസികന്മാരുമായ വിദ്യാൎത്ഥികൾ തമ്മിൽ ലൌകികവിഷയങ്ങളിൽ വലിയ വ്യത്യാസമുണ്ട്. ക്ലാസിൽ എല്ലായ്പോഴും ഒന്നാമനായിരിക്കുകയും പരീക്ഷകളിൽ എല്ലായ്പോഴും ജയിക്കുകയും ചെയ്യുന്ന ഒരു വിദ്യാൎത്ഥിയെക്കാൾ സഹപാഠികൾ അധികം ബഹുമാനിക്കുന്നതു കളികളിൽ സമൎത്ഥനായ ഒരു വിദ്യാൎത്ഥിയെയാകുന്നു. എന്നു തന്നെയല്ല, വിദ്യാഭ്യാസാനന്തരം ഇവർ രണ്ടുപേരും ലോകരംഗത്തിൽ പ്രവേശിക്കുമ്പോൾ, ജീവിതമത്സരത്തിൽ വിജയിയാകുന്നതും അധികഭാഗവും വിനോദരസികൻ തന്നെയാണെന്നു കാണാം. ഇതു നമ്മുടെ നിത്യപരിചയത്തിൽപെട്ട ഒരു വാസ്തവമാണെങ്കിലും, പ്രത്യക്ഷ

മായ ഈ വ്യത്യാസത്തിന്ന് ആസ്പദമായ മുഖ്യകാരണം എന്താണെന്ന് അധികംപേരും ആലോചിക്കാറില്ല. മനുഷ്യന്റെ മനസ്സിനെ ആകൎഷിക്കുന്നതു മനസ്സുതന്നെയാണ്. നമ്മുടെ മുഖം മനോവികാരങ്ങൾ പ്രതിഫലിക്കുന്ന ഒരു ദൎപ്പണമാകുന്നു. പഠിപ്പിൽ പടുവായ ഒരു വിദ്യാൎത്ഥിയുടെ വിജ്ഞാനത്തിന്റെ ഫലമായ വികാരങ്ങൾ ലളിതവും അവ പ്രതിഫലിക്കുവാനുള്ള മുഖദൎപ്പണം ഗുരുവുമാകയാൽ, പ്രതിബിംബം പ്രത്യക്ഷത്തിൽ സൂക്ഷ്മപ്രകാശമായിരിക്കും. നേരെ മറിച്ച്, വിനോദരസികന്മാരുടെ മനോവികാരങ്ങൾക്കു കായികാഭ്യാസംകൊണ്ടു സിദ്ധിച്ച പ്രസരിപ്പ് അവരുടെ സകല ചേഷ്ടകളിലും വ്യക്തമായി പ്രത്യക്ഷപ്പെടുന്നതാണ്. ഒരു വൃക്ഷം അതിന്റെ ബാഹ്യമായ രമ്യതമൂലം മനുഷ്യന്റെ മനസ്സിനെ ആകൎഷിക്കുന്നതുപോലെയാണ് വിനോദരസികന്മാരുടെ ആകൃതിവിശേഷം ആദ്യമായി മററുള്ളവരുടെ മനസ്സിനെ വശീകരിക്കുന്നത്. പുസ്തകങ്ങളിൽനിന്നു ഗ്രഹിച്ച മാനസികഗുണങ്ങൾ പഴക്കവും പരിചയവുംകൊണ്ടു മാത്രമേ പുറത്തു പ്രകാശിക്കുകയുള്ളു. നേരെ മറിച്ച്, കളികളിൽനിന്നു സിദ്ധിക്കുന്ന നന്മകൾ, പരിചയംകൊണ്ടുള്ള അനുഭവത്തിൽനിന്നു സ്വഭാവമായിത്തീൎന്നവയാകയാൽ, ഒരുവന്റെ സകല ചേഷ്ടകളിലും പ്രകാശിച്ചുകൊണ്ടിരിക്കും. ഇതാകുന്നു മേല്പറഞ്ഞ വ്യത്യാസത്തിന്നു മുഖ്യമായ കാരണം. പക്ഷെ, കളികളിൽനിന്ന് ആന്തരമായ നന്മകൾ സമ്പാദിക്കാതെ, അവയിൽ താല്ക്കാലികമായ നൈപുണ്യം മാത്രം പ്രദൎശിപ്പി

ക്കുന്ന. ഒരു വിദ്യാൎത്ഥിയുടെ ബഹുമാനത്തിന്റെ ഉദയവും അസ്തമനവും വിദ്യാലയത്തിൽ വെച്ചുതന്നെ കഴിയും. എന്തുകൊണ്ടെന്നാൽ, മനസ്സും ശരീരവും അന്യോന്യം ആശ്രയിച്ചാണിരിക്കുന്നതെങ്കിലും, കളികളിലെ പരിചയം, അതാതുസമയങ്ങളിലായി മനോവികാരങ്ങളിൽ ലയിച്ചു, മനശ്ശരീരങ്ങളുടെ പരസ്പരസമ്മേളനംകൊണ്ടു സുസ്ഥിരമായിത്തീൎന്നാൽ മാത്രമേ പ്രശസ്തമായ പ്രകൃതിയായി പരിണമിക്കയുള്ളൂ. ഇങ്ങിനെ വിദ്യാലയങ്ങളിലെ വിനോദരംഗങ്ങളിൽ സാമൎത്ഥ്യം പ്രദൎശിപ്പിച്ചിട്ടുള്ളവരാണ് അവരുടെ ചെങ്ങാതിമാരെ അതിശയിച്ചു ജീവിതമത്സരത്തിൽ വിജയികളായിത്തീരുന്നത്.

മനുഷ്യർ തമ്മിൽ സൌഹാൎദ്ദം വൎദ്ധിക്കുന്നതിനു കളികൾ നല്ലൊരുമാൎഗ്ഗമാകുന്നു. അന്യോന്യവിഭാവനകളുടെ ഐകരൂപ്യംകൊണ്ടാകുന്നു മനുഷ്യർ തമ്മിൽ മമതയുണ്ടാകുന്നത്. ഒരു വിദ്യാലയത്തിലെ പന്തുകളിസംഘം മറെറാരുസംഘക്കാരാൽ മത്സരത്തിന്നു ക്ഷണിക്കപ്പെടുകയും തന്മൂലം അവർ തമ്മിൽ മമതയുള്ളവരായിത്തീരുകയും ചെയ്യും. ഇവർ കളിക്കളത്തിൽ ശക്തിയുള്ള രണ്ടു ശത്രുക്കളായിരിക്കുമെങ്കിലും, ജയാപജയം നിൎണ്ണയിച്ചു കഴിഞ്ഞ ഉടനെ സഹോദരന്മാരെപ്പോലെ സന്തോഷത്തോടും സൌഹാൎദ്ദത്തോടും പെരുമാറുന്നതു കാണുമ്പോൾ, ഇവർ തമ്മിൽ ഒരു മത്സരം നടന്നില്ലെന്നുകൂടെ സംശയിച്ചുപോകും. കളരിയും കച്ചകെട്ടും കായികാഭ്യാസങ്ങളും പ്രബലപ്പെട്ടിരുന്ന കാലത്തു നമ്മുടെ യോദ്ധാക്കളുടെ ഇടയിലും ഈ മമത സ

വ്വ സാധാരണമായിരുന്നു. ഒരു ദിവസത്തെ യുദ്ധം കലാശിച്ചതിന്നുശേഷം ഇരുഭാഗത്തുമുള്ള ഭടന്മാർ ഒരുമിച്ചു കളിച്ചുണ്ണുകയും ഒരേ കൈനിലയിരുന്നു കിടന്നുറങ്ങുകയും പുലച്ചെഴുന്നേററ് അതാതു സൈന്യത്തിൽ ചേർന്നു യുദ്ധം ചെയ്യുകയും പതിവായിരുന്നു. ഈ മര്യാദ മനുഷ്യരുടെ അഭിവൃദ്ധിക്കും ഗൌരവമുള്ള കാര്യസാദ്ധ്യങ്ങൾക്കും അത്യാവശ്യമാകുന്നു. ആസ്ത്രേലിയാ, കനഡ മുതലായ രാജ്യങ്ങളിൽ താമസിക്കുന്ന ആംഗ്ലേയരുടെ മാതൃഭൂമിസ്നേഹവും ബഹുമാനവും നിലനിന്നുപോരുന്നതു ക്രിക്കെററ മുതലായ വിനോദങ്ങളിൽ പരസ്പരം പ്രദർശിപ്പിക്കുന്ന ജാഗ്രതയും തന്നിമിത്തമായ സൌഹാർദ്ദവും കൊണ്ടാണെന്ന് ഒരു വിനോദരസികൻ പറഞ്ഞിരിക്കുന്നതു കേവലം ഒരു മുട്ടയുക്തി മാത്രമല്ല. മത്സരക്കളികളിൽ ജ്യേഷ്ഠാനുജന്മാർ പോലും എതിർകക്ഷികളായിത്തീരുന്നതായാൽ, അവനവന്റെ ഭാഗം ജയിക്കേണമെന്നു സ്വാഭാവികമായുണ്ടാകുന്ന വാശിനിമിത്തം മത്സരമദ്ധ്യത്തിൽ സഹജമായ സഹോദരസ്നേഹം കർത്തവ്യാനുഷ്ഠാനനിരതയാൽ ആച്ഛാദിതപ്പെട്ടു പോകുന്നു. മററുള്ള സ്ഥലങ്ങളിലും സമയങ്ങളിലും ഇങ്ങിനെ ഒരു വികാരഭേദം നമ്മളിൽ ഉണ്ടാകുന്നില്ല ഈ വികാരഭേദം തന്നെയാണ് അത്യുത്തമമായ കൃത്യബോധം എന്ന നന്മ. ഈ നന്മയില്ലാത്ത ഒരുവനും ഒരു കാലത്തും ഒരു കാര്യത്തിലും വിജയിയാകുന്നതല്ല; ഇതുണ്ടെങ്കിൽ, മററുള്ള ചില നന്മകളുടെ അഭാവംപോലും ഇതിന്റെ പ്രാബല്യം കൊണ്ടു പ്രകാശിക്കുകയുമില്ല. അനേകം യുദ്ധങ്ങളിൽ

വിജയംപ്രാപിച്ച് "അയഃപ്രഭു", അതായത് ഇരിമ്പുപോലെ ദൃഢചിത്തൻ, എന്നു സുപ്രസിദ്ധനായ വെല്ലിങ്ങ്ടൻ പ്രഭുവിന്റെ തല പരിശോധിച്ച ഒരു ശരീരശാസ്ത്രജ്ഞൻ "അവിടത്തെ അവയവങ്ങളിൽ ധൈൎയ്യം എന്ന ഗുണം വളൎന്നു കാണുന്നില്ല" എന്നു പറഞ്ഞപ്പോൾ, "എന്റെ കൃത്യബോധം ഒന്നുകൊണ്ടുമാത്രമല്ലായിരുന്നെങ്കിൽ, ഞാൻ ആദ്യത്തെ യുദ്ധം ആരംഭിക്കുന്നതിനു മുമ്പു തന്നെ ഒളിച്ചോടിപ്പോകുമായിരുന്നു" എന്നാണ് അദ്ദേഹം സമാധാനം പറഞ്ഞത്. കുട്ടികളുടെ കളികളെക്കുറിച്ച് ഈ മഹാപുരുഷൻ എത്ര ബഹുമാനിച്ചിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു നമ്മുടെ മത്സരം കൃത്യബോധത്തോടുകൂടിയ കാൎയ്യനിൎവ്വഹണത്തിനു മാത്രമായിരിക്കണമെന്നും സാംസൎഗ്ഗികവും സാന്മാൎഗ്ഗികവുമായ ആചാരങ്ങളെ ബാധിക്കരുതെന്നും പരിചയംകൊണ്ടു നമുക്ക് അനുഭവപ്പെടുന്നതിനാൽ മത്സരക്കളികൾ വളരെ നല്ലതാകുന്നു.

വിനോദകരമായ കളികൾ നമ്മുടെ ആരോഗ്യത്തെ വൎദ്ധിപ്പിക്കുമെന്നത് അനുഭവസിദ്ധമായ ഒരു വാസ്തവമാണല്ലോ. കളികൾകൊണ്ടു പുരുഷന്മാൎക്കുമാത്രമല്ല, സ്ത്രീകൾക്കും ഗുണമുണ്ടാകും. സൌന്ദൎയ്യത്തിന്റെ അടിസ്ഥാനം ആരോഗ്യമാകുന്നു. വ്യായാമംകൊണ്ട് അവയവങ്ങൾക്കു പ്രായേണ സിദ്ധിക്കുന്ന ദാൎഢ്യവും മാംസളതയും ശരീരത്തിന്റെ ആകപ്പാടെയുള്ള സൌന്ദൎയ്യത്തെ വൎദ്ധിപ്പിക്കുന്നതാണ്. സൌന്ദൎയ്യത്തിന്റെ കാൎയ്യത്തിൽ പുരുഷന്മാരെക്കാൾ അധികം മനസ്സുവെ

ക്കുന്നതു സ്ത്രീകളാണെങ്കിലും നല്ലത് ആൎക്കും ചീത്തയല്ല. "സൌന്ദൎയ്യത്തിന്നു സുപ്രസിദ്ധകളായ യവനയുവതികൾ നിയമേന വ്യായാമം ചെയ്തിരുന്നു" എന്നു കിങ്ങ്സിലി പറയുന്നുണ്ട്. നമ്മുടെ ഇന്ത്യയിലെ സ്ത്രീകളും പുരാതനകാലത്തു കുതിരസ്സവാരി മുതലായ വിനോദങ്ങളിൽ പ്രവേശിച്ചിരുന്നു എന്നു ചരിത്രകഥകൾ ദൃഷ്ടാന്തപ്പെടുത്തുന്നുണ്ടല്ലോ. സ്ത്രീകൾക്കും അവരുടെ ആരോഗ്യത്തിന്ന് ഓരോതരം കളികൾ അത്യാവശ്യമാകുന്നു. ചവിട്ടുവണ്ടി നടപ്പായ ആദ്യകാലത്ത് ഒരു സ്ത്രീ ചവിട്ടുവണ്ടി ഓടിക്കുന്നതു കണ്ട ഒരു മഹാൻ ആ സ്ത്രീയോട് "നിങ്ങളുടെ ഈ പ്രവൃത്തി സ്ത്രീവൎഗ്ഗത്തിന്ന് അപമാനകരമാകുന്നു" എന്നു പറഞ്ഞ് ആക്ഷേപിക്കുകയുണ്ടായി. എന്നാൽ, വൈദ്യന്മാരുടെ അഭിപ്രായം ഇതു ദോഷകരമല്ലെന്നു മാത്രമല്ല, ഇതുകൊണ്ട് ആന്തരമായ ഗുണമുണ്ടെന്നുമാകുന്നു. "വിനോദകരമായ വ്യായാമങ്ങൾ ചെയ്യുന്ന സ്ത്രീകൾ ആരോഗ്യവും ബുദ്ധിശക്തിയുമുള്ളവരായും അവരുടെ സന്താനങ്ങളും ആ വക ഗുണങ്ങളോടുകൂടിയവരായും കാണപ്പെടുന്നു" എന്നു ഡാക്ടർമാർ സൂക്ഷ്മമായി പരിശോധിച്ചറിഞ്ഞിട്ടുണ്ട്. ആംഗ്ലേയരുടെ ഇടയിൽ, സ്ത്രീകൾ പുറത്തിറങ്ങി വിനോദകരമായ കളികളിൽ പ്രവേശിച്ചു തുടങ്ങിയതിൽപിന്നെ, പണ്ടത്തെക്കാൾ ആരോഗ്യം വൎദ്ധിച്ചിട്ടുണ്ടെന്നാണ് വൈദ്യപണ്ഡിതന്മാരുടെ അഭിപ്രായം. പക്ഷേ, 'മേറി കൊറലി' മുതലായ മഹതികൾ സ്ത്രീകളുടെ വിനോദവിഷയങ്ങളെക്കുറിച്ച് ആക്ഷേപിക്കാതിരിക്കുന്നില്ലെങ്കിലും ദോഷരഹിതമായ

വിനോദങ്ങൾ ഗുണകരമാണെന്നു പറയാതെ നിവൃത്തിയില്ല.

സർ ഐസക് ന്യൂട്ടൻ എന്ന വിശ്വവിശ്രുതനായ ശാസ്ത്രജ്ഞന്റെ ശാസ്ത്രീയതത്വങ്ങളെക്കുറിച്ചുള്ള വിഭാവനകളുടെ ഉത്ഭവം വാസ്തവത്തിൽ കളികളിൽനിന്നാണെന്നു പറയുമ്പോൾ, ആർക്കാണ് അത്ഭുതം തോന്നാത്തത്? നമ്മുടെ കുട്ടികൾ സാധാരണയായി പടംപറപ്പിക്കുകയും കാററാടിയുണ്ടാക്കി കളിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, പടങ്ങൾ പറക്കുന്നതിൽനിന്നും കാററാടി തിരിയുന്നതിൽനിന്നും ന്യൂട്ടൻ കണ്ടുപിടിച്ച തത്വങ്ങൾ ലോകോപകാരമായിത്തീന്നു. ഈ വക വിനോദങ്ങളിൽ അദ്ദേഹത്തിനു രസമുണ്ടായിരുന്നില്ലെങ്കിൽ, അവയിൽനിന്നുത്ഭവിച്ച വിഭാവനകളുടെ ഫലമായ ശാസ്ത്രതത്വങ്ങൾ ഇന്നും വെളിപ്പെടാതെ കിടക്കുമായിരുന്നു എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

കൃതനചതുരനായ നെപ്പോളിയന്റെ യുദ്ധതന്ത്രനൈപുണ്യം ചതുരംഗക്കളിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യത്തിനും സാമർത്ഥ്യത്തിനും കടപ്പെട്ടിരുന്നു. ഇതുപോലെതന്നെ "ധാത്രീസംഘത്തിന്റെ" ജനയിത്രി എന്നു ഗണിക്കപ്പെടുന്ന മിസ്സ് ഫ്ലാറൻസ് നൈററിംഗേയിൽ ശൈശവത്തിൽ പാവകളുടെ സങ്കല്പിതവ്രണങ്ങൾ തേച്ചുകഴുകി മരുന്നുവെച്ചു കെട്ടി കളിച്ചിരുന്നില്ലെങ്കിൽ, ഇപ്പോൾ സകല ഭൂഭാഗങ്ങളിലും പ്രചരിച്ചിരിക്കുന്ന ധാത്രികളുടെ സംഘം ഉണ്ടാകുന്നതല്ലായിരുന്നു. ഈ മഹതിയുടെ ബാ

ല്യത്തിൽ ഏററവും രസകരമായ വിനോദം മുറിവേററ പക്ഷിമൃഗാദികളെ ശുശ്രൂഷിച്ചു ഭേദപ്പെടുത്തുകയായിരുന്നു എന്നു കേൾക്കുമ്പോൾ, ആ ബാലികയുടെ വിനോദങ്ങൾ യൌവനത്തിൽ പരോപകാരപ്രദമായ ഒരു ഉദാരകൃത്യമായി പരിണമിച്ചു എന്നറിയാമല്ലോ. ഇങ്ങിനെ മനുഷ്യന്റെ ബാല്യകാലത്തെ വിനോദങ്ങൾ അയാളുടെ ജീവാവസാനം വരെ സ്ഥായിയായ ഒരു ശീലഗുണമായിത്തീരുന്നുണ്ട് എന്ന് ഓരോരുത്തന്റേയും അഭിരുചികളേയും സ്വഭാവത്തേയും സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാവുന്നതാണ്.

നമ്മുടെ ഇടയിൽ ആരും തന്നെ കളി ഒരു ഉദ്യോഗമായി സ്വീകരിക്കുന്നില്ല. എന്നാൽ ശീട്ടുകളി, പാശികളി മുതലായ ചില ആപൽക്കരമായ വിനോദങ്ങൾ തൊഴിലാക്കി നശിച്ചുപോകുന്നവരെ ഉദ്ദേശിച്ചല്ലാ ഞാൻ പറയുന്നത്. ദ്യൂതം ഏതു മനുഷ്യനും ദോഷകരമാകുന്നു. അതുകൊണ്ടു സാന്മാർഗ്ഗികസിദ്ധാന്തങ്ങൾക്കു വിപരീതമായ യാതൊരു വിനോദവും സ്വീകാര്യമല്ല. പാശ്ചാത്യന്മാരുടെ ഇടയിൽ ക്രിക്കെറ്റ്, ടെനിസ്സ്, ബില്യയഡ്സ് മുതലായ കളികൾ ഓരോരുത്തരുടെ ഉപജീവനമാർഗ്ഗമായ ഉദ്യോഗങ്ങളായിത്തീർന്നിട്ടുണ്ട്. ഈ കളികളിൽനിന്ന് അവർ ക്ലേശംകൂടാതെ അസംഖ്യം ദ്രവ്യവും സമ്പാദിക്കുന്നുണ്ട്. 'വില്ക്കി കൊളിൻസ്' പാശ്ചാത്യരുടെ ഇടയിലുള്ള ഓരോ വിനോദങ്ങളെ കുറിച്ച് ആക്ഷേപിക്കുവാൻ കാരണം ഈ വക കളിക്കാരുടെ വഞ്ചനയാണ്. കളികളുടെ ഉദ്ദേശം ദ്രവ്യലാഭമാണെന്നു വരുമ്പോൾ

കളിക്കാരിൽ അവയുടെ ആന്തരമായ ഗൌരവം പ്രായേണ ക്ഷയിക്കുകയും മററുള്ളവക്ക് ആവക കളികളിൽ ജനിക്കുന്ന താല്പൎയ്യം 'കോഴികൊത്തും' മററും കാണുവാനുണ്ടാകുന്ന താല്ക്കാലികരസം ആയിതീരുകയും ചെയ്യും. ഇതു വളരെ ദോഷകരമായ ഒരവസ്ഥയാണെന്നു പറയാതെ നിവൃത്തിയില്ല. പാശ്ചാത്യന്മാരുടെ ഇടയിൽ ഇപ്പോഴുള്ളതുപോലെ, പണ്ടത്തെ കാലത്തു നമ്മുടെ രാജ്യങ്ങളിലും ഓരോ കളികൾക്കായി കച്ചകെട്ടി നടന്നിരുന്നവർ ഉണ്ടായിരുന്നു. 'കയ്യാങ്കളി' കൊണ്ടു നിത്യവൃത്തി കഴിച്ചുകൂട്ടിയിരുന്ന ഓരോരുത്തർ ഓരോ ഭാഗക്കാൎക്കുവേണ്ടി ചേരിയിലിറങ്ങി തല്ലി സമ്മാനം മേടിക്കുന്ന സമ്പ്രദായം അടുത്തകാലംവരെ ഉണ്ടായിരുന്നു. പക്ഷെ, ഇവരുടെ ഇടയിൽ ഭൂരിപക്ഷവും യൌവനദശ അവസാനിക്കുന്നതിനുമുമ്പായിത്തന്നെ സ്ഥായിയായ ചില രോഗങ്ങൾനിമിത്തം അകാലമൃത്യുവിന്ന് അടിമപ്പെടുന്നുണ്ട്. ഈ കാൎയ്യത്തെകുറിച്ചു ചില വൈദ്യപണ്ഡിതന്മാരുടെ അഭിപ്രായം എന്താണെന്നുകൂടെ പ്രസ്താവിക്കുന്നതു് ഈ അവസരത്തിൽ അനുചിതമായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. അടുത്ത കാലത്തിനിടയിൽ അമേരിക്കയിലെ നാവികസൈന്യത്തെ പരിശോധിച്ച വൈദ്യന്മാരുടെ റിപ്പോൎട്ടിൽ 'കായികാഭ്യാസങ്ങളിൽ അധികമായി പരിശ്രമിക്കുന്നവരെ ഉദ്യോഗത്തിനു കൊള്ളില്ല' എന്നു പ്രസ്താവിച്ചിട്ടുണ്ട്. ഓരോ കളികളിൽ "നൈപുണ്യം സമ്പാദിക്കുവാൻ" മാത്രമായി പ്രയത്നിക്കുന്നതിന്റെ ഫലം ദോഷകരമാകുന്നു. അമേരിക്കയിലെ നാ

വികവിദ്യാലയത്തിൽ പഠിക്കുന്ന 625 വിദ്യാൎത്ഥികളെ പരിശോധിച്ചതിൽ 198 പേർ തീരെ രോഗികളായും ബാക്കിയുള്ളവരിൽ അധികഭാഗവും അവനവന്റെ ജോലികൾ ക്രമമായി ചെയ്യത്തക്ക ആരോഗ്യമില്ലാത്തവരായും കണ്ടിരിക്കുന്നു എന്നു "ലാൻസെററ്" എന്ന വൈദ്യമാസികയിൽ പ്രസ്താവിച്ചിട്ടുണ്ട്. കാൽനാഴിക, അരനാഴിക, ഒരുനാഴിക മുതലായ അകലം ഓടി ജയിക്കുവാൻ പരിചയിക്കുന്നവരിൽ ഹൃദ്രോഗം സാധാരണയാകുന്നു. ഫുട്ബാൾ മുതലായ പന്തുകളികളിൽ അതിരുകവിഞ്ഞു പരിശ്രമിക്കുന്നവൎക്ക് ആന്ത്രത്തെ സംബന്ധിച്ച പല രോഗങ്ങളും സംഭവിക്കുന്നുണ്ട്. ഇവയ്ക്കുംപുറമെ, കളികളിൽ അധികമായി പ്രയത്നിക്കുന്നവൎക്കു ലഹരിദ്രവ്യങ്ങളിൽ അസാമാന്യമായ ആസക്തി ജനിക്കുന്നതു മറ്റൊരു ദോഷമാകുന്നു. അതുകൊണ്ട് "അതി, സൎവ്വത്ര വൎജ്ജയേൽ" എന്ന പ്രമാണം എല്ലാ വിഷയങ്ങളിലും ആചരിക്കേണ്ടതാണെന്നതിനു സംശയമില്ല.

വിദ്യാൎത്ഥികളുടെ വിനോദങ്ങളെ കുറിച്ചു സവിസ്താരമായി ഇനിയും പലതും പറവാനുണ്ടെങ്കിലും, തല്ക്കാലം അങ്ങിനെ ചെയ്യുന്നതു സദാവാസികളുടെ ക്ഷമയെ പരീക്ഷിക്കുകയായെങ്കിലൊ എന്ന ഭയം ഹേതുവായിട്ട്, ഈ വിഷയത്തെക്കുറിച്ച്, അധികം നീട്ടിപ്പിടിക്കാതെ, രണ്ടു വാക്കുകൂടെ പറഞ്ഞ് അവസാനിപ്പിച്ചുകളയാം.

വിനോദകരമായ ഓരോ കായികാഭ്യാസങ്ങളിൽ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതു, പുരാത

നകാലം മുതല്ക്കു, ഓരോ ഗവൎമ്മേണ്ടിന്റേയും രാഷ്ട്രീയ നയങ്ങളിൽ മുഖ്യമായ കൎത്തവ്യമായി ഗണിച്ചുപോന്നിരുന്നു എന്നു ചരിത്രങ്ങളിൽനിന്നു തെളിയുന്നുണ്ട്. ഇക്കാലത്തും നമ്മുടെ രാജ്യങ്ങളിലും ഗവൎമ്മേണ്ടു മുഖാന്തരം നടത്തപ്പെടുന്ന വഞ്ചിക്കളിയും മററും ഏറ്റെടുത്തിയിരിക്കുന്നതു പൊതുജനങ്ങൾക്ക് ആവക വിനോദങ്ങളിൽ താല്പൎയ്യം ജനിക്കുവാനും അവയിൽ അന്തൎഭവിച്ചുകിടക്കുന്ന നന്മകൾ ഉണ്ടാകുവാനുമാകുന്നു. പണ്ട് ഓരോ നാട്ടുവാഴികളും കൊല്ലന്തോറും ഇങ്ങിനെയുള്ള വിനോദങ്ങൾ നടത്തുവാൻ ചുമതലപ്പെട്ടിരുന്നു. എന്നാൽ, കാലാന്തരംകൊണ്ടു ആവക മത്സരക്കളികളുടെ ആന്തരമായ ഉദ്ദേശത്തിന്റെ ഗൌരവത്തിനു ലാഘവം സംഭവിക്കുകനിമിത്തം, മരിച്ചുപോയവരുടെ ഓൎമ്മയ്ക്കായി ചെയ്തുവരുന്ന ചില സാധാരണ കൎമ്മംപോലെ, ഇക്കാലത്ത് ആവക ഏൎപ്പാടുകളുടെ സ്മാരകമായി എന്നെങ്കിലും 'കാട്ടിക്കൂട്ടുക' എന്നായിത്തീൎന്നിരിക്കുന്നു; ഇതുകൊണ്ടു നമ്മുടെ രാജ്യത്തു പൊതുജനങ്ങൾക്കു പൊതുവായ വിനോദം എന്താണെന്ന് ആൎക്കും നിശ്ചയം പറയുവാൻ തരമില്ലാതായിട്ടുണ്ട്. ഒരു രാജ്യക്കാരുടെ പരിഷ്കാരത്തെ തെളിയിക്കുന്ന പല സംഗതികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഈ വിഷയം നമ്മുടെ ഇടയിൽ ഏററവും ശോചനീയമായ ഒരു നിലയിലാകുന്നു. നമ്മുടെ മിക്ക ലൌകികകാൎയ്യങ്ങളിലും മാതൃകകളായി സ്വീകരിക്കുന്നതു പാശ്ചാത്യന്മാരെയാണെന്നു പുതിയപരിഷ്കാരികൾക്കു കലശലായ അഭിമാനംതന്നെയുണ്ട്. പാശ്ചാത്യന്മാരായ

മനുസരിച്ച പലമാതിരി വിനോദങ്ങളും നമ്മുടെ ഇടയിൽ സാധാരണയാവാഞ്ഞിട്ടുമല്ലാ ഈ വിഷയങ്ങളിൽ, എന്നുവേണ്ടാ ജീവിതാദ്ധ്യയനത്തിൽപോലും, അവരും നാമും തമ്മിൽ അജഗജാന്തരം കാണുന്നത്. നാം ഈവക വിനോദങ്ങൾ പരിഷ്കാരചിഹ്നമായി പ്രദർശിപ്പിക്കുവാൻ മാത്രം സ്വീകരിച്ചിട്ടുള്ളതുകൊണ്ട് അവയിൽനിന്നു സിദ്ധിക്കേണ്ടുന്ന ആന്തരമായ നന്മകൾ നമ്മുടെ ബാഹ്യമായ മോടികൊണ്ടു നശിച്ചുപോകുന്നു. മേലിൽ നമ്മുടെ രാജ്യത്തു പുരുഷയോഗ്യമായ വിനോദങ്ങൾക്കു പ്രചാരവും പ്രാധാന്യവും ആവക വിനോദങ്ങളിൽനിന്നു നമ്മുടെ സന്താനങ്ങൾക്കു പൌരുഷവും ഉണ്ടാകേണ്ടതു നമ്മുടെ വിദ്യാർത്ഥികളിൽനിന്നാകുന്നു. അതുകൊണ്ടു വിനോദവിഷയങ്ങളിൽ മിതമായും ക്രമമായും പരിശ്രമിക്കുന്നതായാൽ, വിദ്യാർത്ഥികൾക്കു കായികമായും മാനസികമായും സാന്മാർഗ്ഗികമായും അനേകം ഗുണങ്ങൾ നിഷ്പ്രയാസേന സമ്പാദിക്കുവാനും അവരുടെ ജീവകാലം മുഴുവൻ അവയുടെ സൽഫലങ്ങൾ സുഖമായി അനുഭവിക്കുവാനും കഴിയുമെന്നു മാത്രം പറഞ്ഞുകൊണ്ടു ഞാൻ തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

## മിത്ഥ്യാഭിമാനം.

മാന്യസഭാവാസികളേ!

ഇന്നത്തെ പ്രസംഗവിഷയത്തിലേക്കു മാന്യന്മാരായ നിങ്ങളെ അവതരിപ്പിക്കുന്നതിനുമുമ്പായി, ഒരു

മുഖവുരയുടെ സ്ഥാനത്ത്, ഈ പദത്തിന്റെ ഉപയോ
ഗത്തെക്കുറിച്ച് അല്പം ഒരു വിവരണം അത്യാവശ്യ
മായിട്ടാണിരിക്കുന്നത്. അഭിമാനം എന്ന പദത്തി
ന്റെ വാസ്തവമായ അൎത്ഥം ഭ്രമം, അല്ലെങ്കിൽ തെററി
ദ്ധാരണ എന്നാകുന്നു. പക്ഷെ, അഭിമാനം, ആത്മാ
ഭിമാനം, സ്വദേശാഭിമാനം മുതലായവക്കു കാലാന്ത
രംകൊണ്ടു സാമുദായികസിദ്ധാന്തങ്ങളെ അപേക്ഷിച്ച്
ഒരു സദാചാരഗൌരവം സിദ്ധിച്ചിട്ടുണ്ട്. ആത്മീയ
വിഷയങ്ങളിൽ ത്യാജ്യമെന്നു നിഷേധിക്കപ്പെട്ട ഒരു
വികാരത്തെ സൂചിപ്പിക്കുന്ന 'അഭിമാനം' എന്ന പ
ദം ലൌകികകാൎയ്യങ്ങളിൽ സ്വീകാൎയ്യമായത് എന്തി
നെയാണെന്ന് ആലോചിക്കേണ്ടതാണല്ലോ. എ
ന്നാൽ, എമെൎസൻ പറയുന്നതുപോലെ, "സമുദായ
സിദ്ധാന്തപ്രകാരമുള്ള സദാചാരങ്ങൾ ഒരു ജ്ഞാനിയു
ടെ ദൃഷ്ടിയിൽ ദുരാചാരങ്ങളാകുന്നു"; എങ്കിലും ഈ
വികാരത്തിന്റെ അവസ്ഥാന്തരങ്ങളെ ദൃഷ്ടാന്തരൂപേ
ണ വിശദമാക്കുന്നതാണ് അധികം നല്ലത്. അതു
കൊണ്ട് ഓരോരുത്തനും അനുഭവമുള്ള ഈ വികാര
ഭേദത്തെ താരതമ്യപ്പെടുത്തുവാൻ മാത്രം മാന്യന്മാരായ
നിങ്ങളുടെ സ്മരണയെ ഉണൎത്തുന്നതിനു ചില സംഗ
തികൾ ഞാൻ ഇവിടെ പ്രസ്താവിക്കാം.

ഭാരതീയരെ സംബന്ധിച്ച ചില സംഗതികളിൽ
നിന്നു മിഥ്യാഭിമാനം നമ്മുടെ പൂൎവ്വസ്വത്താണെന്നു
വിശദമാകും. മനുഷ്യർ നിവസിക്കുന്ന ലോകം ഭാരത
ഖണ്ഡം മാത്രമാണെന്നായിരുന്നു നമ്മുടെ പൂൎവ്വന്മാരു
ടെ വിശ്വാസം. "ഹിമവൽസേതുപൎയ്യന്തം" എന്നു

പറഞ്ഞാൽ, ഭൂമിയുടെ നാലതിരുകളും നിർണ്ണയിച്ചുകഴിഞ്ഞു എന്നാണ് അവർ വിചാരിച്ചിരുന്നത്. അതുകൊണ്ട്, അവർ ഹിമവൽപർവ്വതത്തെ ഭൂമിയുടെ വടക്കെ അതിരും സമുദ്രത്തെ തെക്കെ അതിരുമാക്കി കല്പിച്ചു; കിഴക്കെ അതിരിനും പടിഞ്ഞാറെ അതിരിനും ഓരോ സ്ഥാനം സങ്കല്പിക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ, 'ഉള്ളതുകൊണ്ട് ഓണംപോലെ' എന്നു പറയുന്ന കൂട്ടത്തിൽ, സമുദ്രം ഒഴിച്ചുള്ള മററു സ്ഥലങ്ങളുടെ അതിരും ഹിമവൽ പ്രാന്തങ്ങളാണെന്നു തീർച്ചപ്പെടുത്തി. ഇങ്ങിനെ അവർ ഭൂമിയെ വട്ടത്തിലാക്കി; എന്നുതന്നെയല്ല, ഈ അതിരുകൾക്ക് അപ്പുറത്തു ലോകമില്ലെന്നും കണ്ണടച്ചു സമാധാനപ്പെട്ടു. സാധാരണന്മാരുടെ ഇടയിലുണ്ടായിരുന്ന ഈ വക അബദ്ധവിചാരങ്ങളെ പിന്താങ്ങിക്കൊണ്ടുതന്നെയായിരുന്നു വിദ്വാന്മാരുടേയും സിദ്ധാന്തങ്ങൾ. ഭാരതഖണ്ഡത്തെക്കുറിച്ച് അവർ വിചാരിച്ചിരുന്നത് എന്താണെന്ന് അഭിജ്ഞാനശാകുന്തളത്തിൽ നിന്ന് ഏറക്കുറെ വിശദമാകുന്നുണ്ട്. ദുഷ്യന്തമഹാരാജാവ് ഇന്ത്യാസാമ്രാജ്യം വാണിരുന്ന ഒരു ചക്രവർത്തിയായിരുന്നു എന്നുതന്നെ വിചാരിക്കാം. താൻ ഭരിക്കുന്ന ഭാരതഖണ്ഡം "ഏഴാഴികൾ ചൂഴുമൂഴി"യാണെന്ന് അദ്ദേഹം ശകുന്തളയുടെ തോഴിമാരോടു പറയുന്നു. ഇതിൽനിന്നു ന്യായമായുണ്ടാകുന്ന അനുമാനം സപ്തസമുദ്രങ്ങളാൽ ചുററപ്പെട്ട ഭൂലോകം ഭാരതഖണ്ഡമാണെന്നു നമ്മുടെ പൌരാണികന്മാർ വിശ്വസിച്ചിരുന്നു എന്നല്ലേ? എന്നാൽ മിത്ഥ്യാഭിമാനത്തിൻെറ ആധിക്യം

കൊണ്ട് അവരുടെ സിദ്ധാന്തങ്ങളിൽ സംഭവിച്ചിട്ടുള്ള പൂൎവ്വാപരവിരുദ്ധങ്ങളേയും അത്യന്താസംഗതങ്ങളേയുംകൂടെ ഗണിക്കുവാൻ അവൎക്കു വിവേകമൊ വിനയമൊ ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അക്കാലത്തും വിദേശീയരായ പെൎഷ്യക്കാരും ഗ്രീസുകാരും ഭാരതീയരുടെ അതിഥികളായിരുന്നിട്ടുംകൂടെ, ആ ജാതിക്കാർ ഭാരതഖണ്ഡത്തിൽ തന്നെ ഹിമവൽപ്രാന്തങ്ങളിൽ മനുഷ്യസഞ്ചാരമില്ലാത്ത ഗുഹകളിലൊ, ഇന്ത്യാസമുദ്രത്തിൽപ്പെട്ട ദ്വീപുകളിലൊ താമസിച്ചിരുന്ന വല്ല മനുഷ്യരുമാണെന്നുമാത്രമല്ലാതെ, ഇന്ത്യക്കുപുറത്തുള്ള രാജ്യങ്ങളിലെ നിവാസികളാണെന്നു സമ്മതിക്കുവാൻപോലും അവൎക്ക് ഔദാൎയ്യമുണ്ടായിരുന്നില്ല.

ജനസാമാന്യത്തിന്റെ വിശ്വാസം ഈവിധമായിത്തീൎന്നതുതന്നെ അന്നത്തെ പുരാണകൎത്താക്കന്മാരുടെ മിത്ഥ്യാഭിമാനാതിരേകംകൊണ്ടല്ലെ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഭൂമിയുടെ വടക്കെ അതിരായ ഹിമവാന്റെ വടക്കെ അറ്റം മഹാമേരുശൈലമാണെന്നും, സ്വൎഗ്ഗത്തിലേക്കു പോകുന്നവരെല്ലാം വടക്കോട്ടാണ് പോകുന്നത് എന്നും, സ്വദേശക്ഷിതിജത്തിന്റെ പടിഞ്ഞാറവശം ലോകാലോകപൎവ്വതവും അതിനും പടിഞ്ഞാറ വൈകുണ്ഠവും സ്ഥിതിചെയ്യുന്നു എന്നും പൌരാണികന്മാർ പ്രമാണരൂപേണ പുരാണങ്ങളിൽ പ്രസ്താവിച്ചു. ദശാവതാരാദി പുരാണസംഭവങ്ങൾക്കെല്ലാം ഇന്ത്യയിൽ തന്നെ ഓരോ സ്ഥലങ്ങളും കാലങ്ങളും കല്പിച്ചു. കൈ

ലാസാ മുതൽ സേതു വരെയാണ് ലോകത്തിലുള്ള പുണ്യക്ഷേത്രങ്ങൾ എന്നും സിന്ധുമുതൽ കാവേരി വരെയാണ് പുണ്യതീർത്ഥങ്ങളെന്നും ഇന്ത്യയിൽ തന്നെ ഓരോ സ്ഥാനങ്ങൾ സൃഷ്ടിച്ചു. എന്തിനു വളരെ പറയുന്നു! പ്രപഞ്ചം മുഴുവൻ തന്നെ അവർ ഭാരതഖണ്ഡത്തിൽ കുത്തിഞെരുക്കിക്കൊള്ളിച്ചു. അപ്പോൾ, 'ഹിമവൽ സേതുപര്യന്തം' യാത്ര ചെയ്താൽ, പുരാണസിദ്ധാന്തപ്രകാരം, അതു 'ഭൂപ്രദക്ഷിണ'മായി! നോക്കൂ കൂപമണ്ഡൂകബുദ്ധിയുടെ ഭ്രമം!

നമ്മുടെ പൌരാണികന്മാരേക്കാൾ ഉദാരന്മാരായ വേറെ ഒരു വകക്കാരുംകൂടെ അന്നുണ്ടായിരുന്നു. ആ തരക്കാർ ഇന്നും ഇല്ലെന്നു വിചാരിക്കണ്ട. ഇവർ ജ്യൌതിഷികളാണ്. ഈ വർഗ്ഗക്കാരുടെ സിദ്ധാന്തവും വിശ്വാസവും എന്തായിരുന്നു എന്നുകൂടെ ഈ അവസരത്തിൽ ആലോചിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇവരുടേയും പൌരാണികന്മാരുടേയും സിദ്ധാന്തങ്ങൾ തമ്മിൽ ആന്തരമായ വ്യത്യാസമുണ്ടായിരുന്നില്ലെന്നും ഉള്ളതെല്ലാം വകഭേദം മാത്രമായിരുന്നു എന്നും പ്രത്യക്ഷപ്പെട്ടും. എന്തുകൊണ്ടെന്നാൽ, ഇവരുടെ ഭൂലോകവും ഇന്ത്യതന്നെയായിരുന്നു. പക്ഷെ, ഭൂമിയുടെ വടക്കെ അതിരു ഹിമവാനാണെന്നല്ലാ അവർ പറയുന്നത്. ഉത്തരധ്രുവപ്രാന്തം മഹാമേരുവാണെന്നും ആ ഭാഗം സ്വർഗ്ഗവും അതിന്നെതിരായ ദക്ഷിണധ്രുവം നരകവും ഭൂപൃഷ്ഠം പ്രപഞ്ചവും അധോഭാഗം പാതാളവുമാണെന്നാകുന്നു അവരുടെ വാദം. മഹാമേരുവിനു ചുറ്റും സപ്തസമുദ്രങ്ങളും സപ്തദ്വീപുകളും ഭാരതഖണ്ഡം

ഹേമാചല മേരുവും പല ഖണ്ഡങ്ങളും ഉണ്ടെന്നും, പ
[illegible] സ്ഥലങ്ങളിൽ മനുഷ്യരല്ലാ, ദേവയോനി
കളായ [illegible] കളാണ് നിവസിക്കുന്നത് എന്നും
അവർ [illegible]. ഉത്തരധ്രുവപ്രദേശങ്ങൾ സദാ
കാലവും മഞ്ഞുറച്ചുകിടക്കുന്ന സ്ഥലമായതുകൊണ്ടായി
രിക്കാം സ്വർഗ്ഗത്തിനും വൈകുണ്ഠത്തിനും മദ്ധ്യേയുള്ള
ധവളപ്രദേശം 'പാൽക്കടൽ' ആയത്! എങ്ങിനെയാ
യാലും, അവർ ഉത്തരധ്രുവപ്രദേശങ്ങൾ കണ്ടിരുന്നു
എന്നും അതുതന്നെയാണ് അവരുടെ മഹാമേരു എ
ന്നും വിചാരിക്കാം. ഈ ഊഹത്തെ മിസ്റ്റർ ടിലാക്കും
'വേദങ്ങളുടെ ജന്മഭൂമി' എന്ന ഗ്രന്ഥത്തിൽ സ്ഥാപി
ച്ചുകാണുന്നുണ്ട്. എങ്കിലും ഇവരുടെ മിത്ഥ്യാഭിമാന
വും അനുതപിക്കത്തക്കതാകുന്നു. എന്തുകൊണ്ടെ
ന്നാൽ, ഗണിതവിഷയത്തിൽ ഇവർ ഗ്രീസുകാരുടെ
പൌലിശസിദ്ധാന്തത്തെയും റോമാക്കാരുടെ രോമക
സിദ്ധാന്തത്തെയും സ്വീകരിച്ചിരുന്നിട്ടുംകൂടെ ഇന്ത്യാ
ഭൂഖണ്ഡത്തിന്നപ്പുറത്തെങ്ങും മനുഷ്യരില്ലെന്നല്ലെ സി
ദ്ധാന്തിച്ചിരുന്നത്! പക്ഷെ, ഭാരതഖണ്ഡത്തിന്റെ
അതിരു നീക്കി മഹാമേരു, അല്ലെങ്കിൽ ഉത്തരധ്രുവം
വരെ കൊണ്ടുപോയത് അവരുടെ സ്വദേശാഭിമാന
മാണെന്നു വല്ലവരും വാദിക്കുന്നുണ്ടെങ്കിൽ, വാസ്തവ
വിരുദ്ധമായ ആ അഭിമാനം തന്നെയാണ് മിത്ഥ്യാഭി
മാനം എന്നു പറയാതെയും നിവൃത്തിയില്ല.

പൊതുവെ ഭാരതീയരുടെ കഥ ഇങ്ങിനെയാണ്.
എന്നാൽ ഇവരെക്കാൾ പത്തുപടി മുകളിലാണ് ന
മ്മുടെ കേരളീയരുടെ സ്ഥിതി. ഭാരതീയർ ഇന്ത്യാരാജ്യ

ത്തെ ഭൂലോകമാക്കിക്കല്പിച്ചതുപോലെതന്നെ നമ്മുടെ കേരളീയർ അവരുടെ സങ്കല്പശക്തികൊണ്ടു കേരളത്തെ പ്രപഞ്ചമാക്കി കല്പിച്ചു. പണ്ടു വിശ്വാമിത്രൻ ത്രിശങ്കുവിന് ഒരു സ്വർഗ്ഗം സൃഷ്ടിച്ചുകൊടുത്തതുപോലെ പരശുരാമസ്രഷ്ടാവായ ഒരു 'ത്രിശങ്കുസ്വർഗ്ഗ'മാകുന്നു കേരളം എന്നാണ് ഇവരുടെ ധ്യാനം. ത്രിശങ്കുസ്വർഗ്ഗംപോലെ കേരളവും ഭൂമിയിലായിരിപ്പാൻ തരമില്ലല്ലോ. എന്തെങ്കിലും ദുർല്ലഭമായ ഒരു സാധനത്തെക്കുറിച്ചു പറയുമ്പോൾ, അതു 'ഭൂമിമലയാളത്തിലില്ല' എന്നു ചില ആളുകൾ ഇന്നും പറയുന്നതിന്റെ സാരം കേരളം രണ്ടാമത്തെ ത്രിശങ്കുസ്വർഗ്ഗമാണെന്നല്ലാതെ മറ്റെന്താണ്?

നാം ദിവസേന കേൾക്കുന്ന ചില വാദങ്ങളിൽനിന്ന് ഈ വക മിഥ്യാഭിമാനത്തിന്റെ അനൌചിത്യത്തെ പ്രത്യക്ഷപ്പെടുത്താം. നമ്മുടെ ഈ തൃപ്പൂണിത്തുറയിൽനിന്ന് ഉദ്ദേശം നാലുനാഴിക വടക്കു കിഴക്കായി കിടക്കുന്ന "കാക്കനാട്" എന്ന ഒരു സ്ഥലത്തെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കുമല്ലോ. ഈ പേരിന്റെ ഉത്ഭവകാരണം കാക്ക+നാട്, അതായതു കാക്കമാർ നിവസിക്കുന്ന നാട് എന്ന അർത്ഥമായതുകൊണ്ടാണെന്നു പറഞ്ഞാൽ, ഇപ്പോൾ ആ നാട്ടുകാർ വല്ല മാനനഷ്ടക്കേസ്സും കൊടുക്കുകയില്ലെ എന്നുകൂടെ സംശയിക്കേണ്ടിയിരിക്കുന്നു. പണ്ട് ഇടപ്പള്ളിരാജാവിന്റെ കീഴിലുണ്ടായിരുന്ന കാക്കമാർ, അല്ലെങ്കിൽ ജോനകർ അധിവസിച്ചിരുന്ന നാടായതുകൊണ്ടാണ് ഈ പേർ ഉണ്ടായത് എന്നു പറഞ്ഞാൽ ഇന്ന് ആ നാട്ടുകാർ സമാധ

നപ്പെടുന്നതല്ല. മനുഷ്യൎക്ക് അവരവരുടെ യോഗ്യത കൊണ്ടു മാനമുണ്ടാവാൻ തരമില്ലെങ്കിൽ പിന്നെ നിവൃത്തി എന്താണ്? 'അനന്തൻ ചേട്ടൻ' എന്നു ഞാ ഞ്ഞൂൾ പറയുന്നതുപോലെ പറയുകതന്നെ! അല്ലാതെ എന്തു ചെയ്യും? അതുകൊണ്ടു കാക്കനാട്ടുകാർ "ഘടോൽക്കച"ന്റെ പ്രജകളാണെന്നു പറഞ്ഞാൽ എന്താ പോരായ്ക? ഘടോൽക്കചനൊ ഭീമസേനന്റെ പുത്രൻ! ഭീമസേനനാകട്ടെ, ചന്ദ്രവംശരാജാക്കന്മാരിൽ ഒരു പ്രമാണി! പോരെ? ഒരു നാട്ടുകാൎക്ക് ഇതിലധികം ശ്രേഷ്ഠത മറ്റെന്താണ് വരേണ്ടത്? അതുകൊണ്ടു കാക്കനാട്ടു 'ഘടോൽക്കചനാടി'ന്റെ തത്ഭവമാണെന്നാകുന്നു ഇവരുടെ വാദം. ഈ ഘടോൽക്കചന്റെ അവകാശികളായി വേറെ ഒരു നാട്ടുകാരുംകൂടെയുണ്ട്. ഈ രണ്ടുകൂട്ടുകാരും തങ്ങൾ മാത്രമെ 'ഘടോൽക്കചന്മാന്റെ' അനന്തരാവകാശികളായി ശേഷിട്ടുള്ളു എന്ന അഭിമാനംകൊണ്ടു സമാധാനപ്പെട്ടിരിക്കുകയാണ്. വേറെയുള്ള അവകാശികൾ കടത്തനാട്ടുകാരാകുന്നു. ഘടോൽക്കചൻ വളരെ പരാക്രമിയും യുദ്ധസാമൎത്ഥ്യവുമുള്ളവനായിരുന്നല്ലൊ. കടത്തനാട്ടുകാരും അതുപോലെതന്നെ വളരെ പരാക്രമികളും ശൂരന്മാരായ യോദ്ധാക്കളുമാകുന്നു. ഇവരുടെ വംശപരമ്പരയായ ഈ സ്വഭാവവിശേഷം തന്നെ മതിയായ തെളിവല്ലെ? ഈ രണ്ടു നാട്ടുകാരും തമ്മിൽ ഒരു അവകാശതൎക്കം പുറപ്പെടുവിക്കുന്നതായാൽ, അവർ ഹാജരാക്കുന്ന തെളിവുകളിൽ സ്വീകാരയോഗ്യമായ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് ആലോചിക്കാം. കടത്തനാട്ടുകാൎക്കു മേല്പറഞ്ഞതിലും കൂട്ടു

തായ വല്ല തെളിവുകളും ഉണ്ടെങ്കിൽ അവർ ഹാജരാക്കട്ടെ. നമുക്കിവിടെ തൽക്കാലം കാക്കനാട്ടുകാരുടെ തെളിവുകളെക്കുറിച്ച് ആലോചിക്കാം.

അരക്കില്ലത്തിൽനിന്നു രക്ഷപ്പെട്ട പാണ്ഡവന്മാർ ഹിഡുംബവനത്തിൽക്കൂടെ ഏകചക്രയിലേക്കു പോകുന്നസമയം ഭീമസേനനു ഹിഡുംബിയിൽ ഉണ്ടായ പുത്രനാണല്ലോ ഘടോൽക്കചൻ. അരക്കില്ലം ഏതാണെന്നും അതിൽനിന്നു രക്ഷപ്പെട്ട വിലമാർഗ്ഗം ഏതാണെന്നും, ഹിഡുംബവനം ഏതാണെന്നുമുള്ള സംഗതികൾ തെളിഞ്ഞാൽ, നമ്മുടെ വാദത്തിന്റെ സാധുത്വം വിശദമാകുന്നതാണ്. കാക്കനാട്ടുള്ള ചില കുന്നുകളിലും മറ്റും 'പുരാണകിടം' എന്നു പറയുന്ന ഒരു തരം ലോഹം കാണുന്നുണ്ട്. ഇതു പിത്തത്തെ സംബന്ധിച്ച ചില രോഗങ്ങൾക്കു കൈകണ്ട മരുന്നുമാകുന്നു. ഈ സാധനം പണ്ടത്തെ അരക്കില്ലത്തിന്റെ അവശേഷമാണ്. ആ സാധനത്തിനു പാണ്ഡുരോഗത്തെ ശമിപ്പിക്കുവാനുള്ള ശക്തിയുണ്ടായതു പാണ്ഡവസംബന്ധംകൊണ്ടാകുന്നു. ഇതൊരു വിശേഷാൽ തെളിവാണ്; ഇവിടേ കിട്ടിയുള്ളു. ഈ മരുന്നു കാണുന്ന പ്രദേശത്താണ് അരക്കില്ലം പണിയിച്ചതും ദഹിച്ചതും. കാക്കനാട്ടുനിന്നു പടിഞ്ഞാട്ടു പോരുമ്പോൾ തൃക്കാക്കരയ്ക്കു സമീപം ഒരു വിലമുണ്ട്. അതിൽക്കൂടെയാണ് അവർ അന്നു രക്ഷപ്പെട്ടത്. ഈ വിലമുഖത്തുനിന്ന് അല്പം തെക്കായിട്ടാണ് ഹിഡുംബവനം. അന്നത്തെ ഹിഡുംബവനം തന്നെയാണ് ഇന്നത്തെ ഇരിമ്പനം. ഘടോൽക്കചന്റെ ജനനസ്ഥലം ഈ ഇരിമ്പനമാകുന്നു. ഈ ഇരിമ്പന

ത്തു നിന്നു ഘടോൽക്കചൻ താമസിക്കുവാൻ കാക്കനാട്ടു ക്കു പോയതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല. കാക്കനാട്ടുകാരുടെ വാദങ്ങളെ തെളിയിക്കുന്ന ലക്ഷ്യങ്ങൾ ഇതൊക്കെയാണു്. പ്രത്യക്ഷമായ തെളിവുകളുള്ളപ്പോൾ കക്ഷികൾക്കനുകൂലമായ ഒരു വിധിയുണ്ടാവാതെ തരമില്ലല്ലോ!

നോക്കൂ! മനുഷ്യരുടെ മിഥ്യാഭിമാനത്തിന്റെ വലിപ്പം! ഈ മാതിരി മിഥ്യാഭിമാനമയമായ വാദങ്ങളെ നിലനിറുത്തുവാൻ മനുഷ്യർ പുറപ്പെടുവിക്കുന്ന യുക്തികൾ പൂർവ്വാപരവിരുദ്ധങ്ങളും അത്യന്താസംഗതങ്ങളുമായിട്ടും കൂടെ ആ കാര്യത്തെക്കുറിച്ചു മർക്കടമുഷ്ടിപിടിക്കുവാൻ അവർ ലേശം ലജ്ജിക്കുന്നില്ല. ഏകദേശം അയ്യായിരം കൊല്ലത്തിനുമുമ്പ് ഉത്തര ഇന്ത്യയിൽ ജീവിച്ചിരുന്ന ഒരു വംശക്കാരെ സംബന്ധിക്കുന്ന കാര്യത്തെക്കുറിച്ചാണു് തർക്കിക്കുന്നതു്. ഇന്ദ്രപ്രസ്ഥം എവിടെയാണു്? അയ്യായിരം കൊല്ലത്തിനുമുമ്പു നമ്മുടെ കേരളത്തിന്റെ സ്ഥിതി എന്തായിരുന്നു? പാണ്ഡവന്മാരെ സംബന്ധിച്ച മററു സംഗതികൾ നടന്ന സ്ഥലങ്ങൾ പ്രസ്തുതസ്ഥലങ്ങളുടെ സമീപമാണെന്നോ? ഇതൊന്നും മനുഷ്യർ ആലോചിക്കുന്നില്ല. നമ്മുടെ ഇടയിൽ സ്ഥലങ്ങൾക്കും സാധനങ്ങൾക്കുമുള്ള ഓരോ പേരുകളുടെ തത്ഭവതത്സമങ്ങളെ സൃഷ്ടിച്ചു് അവയെ സ്ഥാപിക്കുവാനുള്ള ശ്രമം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കാക്കനാടിന്റെ തത്സമം 'ഘടോൽക്കചനാടാ'യതുപോലെതന്നെ, കോലമ്പി 'കുവലയദളനമ്പി'യുടെ തത്ഭവമാണെന്നു പറയുന്ന 'മോടിക്കാർ' ധാരാളമുണ്ടു്. എന്തിനു വളരെ പറ

യുന്നു! 'സ്റ്റീവൻസൻ' എന്നതു ഡിടിംസന്റെ തത്സമമാണെന്നും, അതല്ലാ 'ശ്രീവത്സൻ' എന്നതിന്റെ തത്ഭവമാണെന്നും ഗൌരവമായ തൎക്കം നടത്തിയ മഹാന്മാരുണ്ടായിരുന്നു.

പാണ്ഡവന്മാരെ സംബന്ധിച്ച വേറെ ഒരു സംഗതിയുംകൂടെ പറയാം. പണ്ട് അൎജ്ജുനൻ ഖാണ്ഡവവനം മുഴുവൻ അഗ്നിക്കാഹാരമാക്കി എന്നു ഭാരതത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഈ ഖാണ്ഡവവനം തേടിപ്പിടിപ്പാൻ നമ്മുടെ പൂൎവ്വന്മാർ വളരെ കഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് തോന്നുന്നത്. ഈ വനം ഇപ്പോഴത്തെ അമ്പലപ്പുഴയായിരുന്നു എന്നാണ് ആ നാട്ടുകാരുടെ അഭിമാനം. അവരുടെ വാദം സ്ഥാപിക്കുവാൻ തക്ക ലക്ഷ്യങ്ങളും ഇല്ലെന്നില്ല. ഇപ്പോൾ ആ പ്രദേശങ്ങൾ കുഴിച്ചുനോക്കിയാൽ ജീൎണ്ണിച്ചുകിടക്കുന്ന ഒരു മാതിരി മരം കാണാം. അതിനു പേർ 'കാണ്ടാമരം' എന്നാണ്. ഈ കാണ്ടാമരം 'ഖാണ്ഡവമര'ത്തിന്റെ തത്ഭവമാണത്രെ! എന്നു തന്നെയല്ല, ആ വനം ദഹിച്ചു കരിഞ്ഞ സ്ഥലമായതുകൊണ്ടാണ് അവിടത്തെ മിക്ക സ്ഥലങ്ങൾക്കും "കണ്ടങ്കരി, പാണ്ടങ്കരി, മാമ്പുഴക്കരി" മുതലായ "കരി" എന്ന സംബന്ധപ്പേരുകൂടി ചേൎന്നു കാണുന്നത് എന്നും മറ്റുമാണ് അവരുടെ യുക്തി. എന്നാൽ ഈ കാൎയ്യത്തിൽ അമ്പലപ്പുഴക്കാരുടെ അവകാശത്തിന്ന് എതിരായി അവകാശം സ്ഥാപിക്കുവാൻ തയ്യാറായ വേറെ നാട്ടുകാരില്ലെന്ന് ആരും സംശയിക്കേണ്ട. നമ്മുടെ 'ഹിഡുംബവന'ക്കാരും ഖാണ്ഡവവനത്തിന്റെയും അവകാശികളാണ്. ഇരിമ്പനം 'കരി'കളിലും പുഞ്ചകളി

ലും കണ്ടുവരുന്ന 'കാണ്ടാമരം'തന്നെയാണ് അവരുടേയും ലക്ഷ്യം. വാസ്തവത്തിൽ ഈ സാധനം എന്താണെന്നും ഇതുണ്ടായത് എങ്ങിനെയാണെന്നും ഇതു വേറെ വല്ല ദിക്കിലും ഉണ്ടോ എന്നും ആലോചിക്കുവാൻ മിത്ഥ്യാഭിമാനം ഇവരെ അനുവദിക്കുന്നില്ല.

നമ്മുടെ കേരളത്തിലുള്ള മിക്ക സ്ഥലങ്ങൾക്കും ഇതേമാതിരി ഓരോ സങ്കല്പവും അതിനെ പിന്താങ്ങുന്ന മുട്ടുയുക്തികളും ധാരാളമുണ്ട്. ഇങ്ങിനെ ഓരോ സ്ഥലങ്ങളേയും കുറിച്ചുള്ള വിമർശനം തല്ക്കാലം അനാവശ്യമാകയാൽ, മാന്യന്മാരുടെ ആലോചനയ്ക്കായി ചില സ്ഥലങ്ങളുടെ പേരുകൾ മാത്രം ഇവിടെ പറയാം. 'ശൌരിമല' എന്ന് ഒരു സ്ഥലം ഉണ്ടെന്നു നിങ്ങൾ എല്ലാവരും കേട്ടിട്ടുണ്ടല്ലോ. പണ്ടു 'ശബരി' വിഷ്ണുധ്യാനം ചെയ്തുകൊണ്ടിരുന്ന ശ്രീരാമനെ കണ്ടു മോക്ഷം പ്രാപിച്ച സ്ഥലമാണ് ഈ 'ശൌരിമല' എന്നാകുന്നു കേരളീയരുടെ വാദം! ഈ സ്ഥലത്തുനിന്ന് അല്പം തെക്കായിട്ടു 'ചടയമംഗലം' എന്നൊരു പ്രദേശമുണ്ട്. ഈ ചടയമംഗലം 'ജടായുമംഗല'ത്തിന്റെ തത്ഭവമാണത്രെ! പഞ്ചവടിക്കുസമീപം താമസിച്ചിരുന്ന ജടായു സീതയെ കട്ടുകൊണ്ടുപോകുന്ന രാവണനോടു യുദ്ധം ചെയ്തു മൃത്യുവശഗനായി ഭൂമിയിൽ വീണുകിടക്കുമ്പോഴാണ് ആ പക്ഷിശ്രേഷ്ഠനെ രാമലക്ഷ്മണന്മാർ കണ്ടത്. അവിടെ നിന്നു തെക്കോട്ടു വളരെ പോയതിനുശേഷമേ അവർക്കു ശബരിയെ കണ്ടു സീതാവൃത്താന്തം ഗ്രഹിക്കുവാൻ കഴിഞ്ഞുള്ളു. അനന്തരമാണ് ഋശ്യമൂകാദ്രിയിൽ വെച്ചു സുഗ്രീവനെ കണ്ടു

സഖ്യം ചെയ്തത്. 'നാസിക്ക്' എന്നു പറയുന്ന പഞ്ചവടി ഈ ചടയമംഗലത്തിന്നും ശൌരിമലക്കും സമീപമല്ലെന്നും ഇവിടങ്ങളിൽ ഒരു ഗംഗാനദിയോ അതിൻെറ തീരത്ത് ഒരു പഞ്ചവടിയോ ഇല്ലെന്നും നമുക്കെല്ലാവക്കും അറിയാമല്ലോ. ശ്രീരാമൻ സീതാന്വേഷണം ചെയ്തു നടന്നിരുന്ന വഴി ഏതാണെന്ന് ആലോചിച്ചാൽ ഈ അബദ്ധവിചാരത്തിനു ന്യായമില്ല. എന്നുതന്നെയല്ല, പരശുരാമപ്രതിഷ്ഠിതമാണെന്നു പറയുന്ന നമ്മുടെ കേരളം ത്രേതായുഗത്തിൽ ഏതു സ്ഥിതിയിൽ കിടന്നിരുന്നു എന്നുകൂടെ ആലോചിച്ചാൽ വാസ്തവം വിശദമാകുന്നതാണ്.

'ശുചീന്ദ്രം' എന്ന സ്ഥലം വൃത്രാസുരനെ കൊന്ന ദേവേന്ദ്രൻ ശുദ്ധമായ പുണ്യഭൂമിയാണെന്നല്ലെ ആ സ്ഥലമാഹാത്മ്യം ഘോഷിക്കുന്നത്? മഹാബലി വാണിരുന്ന സ്ഥലമാണുപോൽ മാവേലിക്കര! നെടുമങ്ങാട്ടു താലൂക്കിൽ ചെന്ന് വാമനപുരത്താണത്രെ വാമനാവതാരം ഉണ്ടായത്! വാമനൻ അവിടെനിന്നു മാവേലിക്കരെ ചെന്നു മഹാബലിയെ തോല്പിക്കുകയും ചെയ്തു! കേരളം പരശുരാമനാൽ സമുദ്രത്തിൽ നിന്നു വീണ്ടെടുക്കപ്പെട്ടതാണെന്നും ശ്രീരാമനു മുമ്പുണ്ടായിരുന്ന ഭാൎഗ്ഗവരാമൻ തന്നെയാണ് ഈ ആളെന്നും വിശ്വസിക്കുന്നതായാൽ, ശ്രീരാമൻെറ കാലത്തു കേരളം ഉണ്ടായിരുന്നു എന്നു പക്ഷെ വിചാരിക്കാം. പരശുരാമാവതാരത്തിനു മുമ്പുണ്ടായ വാമനാവതാരകാലത്തു പരശുരാമസൃഷ്ടമായ വാമനപുരവും മാവേലിക്കരയും ഉണ്ടായത് എങ്ങിനെയാണ്? ഈ വക സ്ഥലങ്ങൾ

ക്ക് എത്രദൂരമായ മാഹാത്മ്യവും മററും സങ്കല്പിക്കുവാൻ മിഥ്യാഭിമാനം ഒന്നുകൊണ്ടല്ലാതെ മറെറന്തുകൊണ്ടാണ് സാധിക്കുന്നത്? കൊട്ടുങ്ങല്ലൂരിനും തിരുവഞ്ചിക്കുളത്തിനും മദ്ധ്യേയുള്ള ശൃംഗപുരം പണ്ടത്തെ ഗുഹൻെറ ശൃംഗിബേരപുരമാണത്രെ! ഗുഹൻ മുക്കുവനായിരുന്നതുകൊണ്ടു ചിങ്ങപുരത്തു വീട്ടുകാർ ഗുഹൻെറ അനുഗാമികളെന്നു പക്ഷെ വാദിക്കുകയില്ലായിരിക്കാം. ഈ മാതിരി മിഥ്യാഭിമാനം ഓരോ നാട്ടുകാൎക്കും ഉണ്ട്. എന്നുതന്നെയല്ല, സൂക്ഷ്മം ആലോചിക്കുമ്പോൾ, അല്പാല്പം ഭേദഗതിയോടുകൂടി ഓരോ കുടുംബക്കാരിലും ഓരോ മനുഷ്യരിലും ഈ ദുൎഗ്ഗുണമുള്ളതായി കാണാം.

പണ്ടത്തെ പ്രവൃത്തിക്കണക്കുകളിൽ ക്രിസ്ത്യാനികളുടെ ഒരു വിഭാഗത്തിൽപ്പെട്ടവരുടെ പേരെഴുതുമ്പോൾ, "മാക്കം ഇന്നടത്തു നസ്രാണി ഇന്നവൻ" എന്നെഴുതുന്ന ഒരു പതിവുണ്ടായിരുന്നു. കാലാന്തരംകൊണ്ടു സംഭവിച്ച പരിഷ്കാരങ്ങളുടെ കൂട്ടത്തിൽ പേരുമാററുന്ന ഒരു പരിഷ്കാരവും സാധാരണയായി. ആ കാലത്തു മേല്പറഞ്ഞ ക്രിസ്ത്യാനിവൎഗ്ഗത്തിൽ പെട്ട ഒരു വിദ്വാൻ അയാളുടെ പേരിൻെറ മുമ്പിരിക്കുന്ന "മാക്കം" മാററാനുള്ള മാൎഗ്ഗം ആലോചിച്ചു തുടങ്ങി. അന്നത്തെ പ്രവൃത്തിമേനോനു ചില സമ്മാനങ്ങളുംമററും കാഴ്ചവെച്ചു "മാക്കം വെട്ടി" പേരുമാററി എഴുതേണമെന്നു ശട്ടം കെട്ടി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ആ പ്രവൃത്തിയിൽ വേറെ ഒരു മേനോൻ മാറിവന്നു. കണക്കുകൾ നോക്കി പകൎത്തി എഴുതിവന്ന കൂട്ടത്തിൽ നമ്മുടെ പരിഷ്കാരിയുടെ പേരിൻെറ മുമ്പിരിക്കുന്ന "മാ

ക്കം" വെട്ടികണ്ടു. പച്ചപ്പരമാൎത്ഥിയായ ആ മേനോൻ "മാക്കം വെട്ടി നസ്രാണി ഇന്നേടത്തിന്നവൻ" എന്ന കണക്കിൽ പേരുപിടിച്ചു. ഈ പരിഷ്കാരം നമ്മുടെ സ്നേഹിതന്ന് ആദ്യത്തേതിലധികം ദുസ്സഹമായിത്തീൎന്നു എന്നു പറയേണ്ടതില്ലല്ലോ. പരിഷ്കാരി ഒട്ടകം വെള്ളംകൊണ്ടും കാഷ്ഠംകൊണ്ടും കാൎയ്യം സാധിച്ചു എന്നാണ് തോന്നുന്നത്.

മിഥ്യാഭിമാനം നിമിത്തം മററൊരു വിഡ്ഢാനു പററിയ ഒരു നേരംപോക്കു കേട്ടിട്ടുണ്ട്. "പിലാംമൂട്ടുവീട്" എന്നു പേരുള്ള ഒരു പഴയ കുടുംബമുണ്ടായിരുന്നു. അടുത്ത കാലത്ത് ആ കുടുംബത്തിൽ ഒരു പുതിയ പരിഷ്കാരി കാരണവനായിത്തീൎന്നു. വീട്ടുകാൎയ്യത്തിൽ പല പരിഷ്കാരങ്ങളും വരുത്തിയ കൂട്ടത്തിൽ കുടുംബപ്പേരും ഒന്നു പരിഷ്കരിച്ചു കളയണമെന്നു തീൎച്ചയാക്കി. രാജവഴിക്കടുത്ത് ഈ വീട്ടിന്റെ അതിരിന്മേൽ ഒരു പിലാവു നിന്നിരുന്നതാണ് ഈ പേരുണ്ടാവാനുള്ള കാരണം. അതിനാൽ ആ പിലാവുവെട്ടി തന്റെ വീട്ടിന്റെ ദുഃഖ്യാതികളയണമെന്നു പരിഷ്കാരി നിശ്ചയിച്ചു. പിലാവു മുറിച്ചു മാററുകയും ചെയ്തു. അന്നുമുതൽ ആ വഴിയേ പോകുന്ന വഴിക്കാരെല്ലാം ആ വീട്ടിനു "കുററിപ്പിലാംമൂട്" എന്നു പേർ വിളിച്ചുതുടങ്ങി. എന്നേ, ഉപദ്രവമേ! ഇതു പണ്ടത്തേക്കാൾ സങ്കടംതന്നെ എന്നു തീൎച്ചയാക്കി നമ്മുടെ പുതിയ പരിഷ്കാരി ആ പിലാവിൻകുററി തീയ്യിട്ടു കരിച്ചു. മിഥ്യാഭിമാനിയെ മനുഷ്യർ വെറുതെ വിടുമോ? കുററി കരിച്ചതിനു ശേഷം അതിലേ പോകുന്ന വഴിക്കാരെല്ലാം ആ വീട്ടുപേർ

"കരിപ്പിലാംമൂട്" എന്നാക്കി. ഈ പേർ ഉടമസ്ഥന് ഒട്ടും തന്നെ രസിക്കാൻ തരമില്ലല്ലൊ. അപ്പംദിവസം കഴിഞ്ഞപ്പോൾ നമ്മുടെ ഇഷ്ടൻ പിലാവിൻകുററി തീരെ പറിച്ചുകളഞ്ഞു. വഴിക്കാർ ഇനി എന്തു ചെയ്യുമെന്നു നോക്കട്ടെ! അവരുണ്ടോ എന്നാലും വിടാൻപോകുന്നു? കുററി പറിച്ചതിൽ പിന്നെ ആ വീട്ടുപേർ "കുഴിപ്പിലാംമൂട്" എന്നായി! പരിഷ്കാരി ആളുകളുടെ കുഴങ്ങി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. വീട്ടുപേരു മാററാൻ ഈ സൂത്രമൊന്നും പോരാതെല്ലന്നുകണ്ടപ്പോൾ അയാൾ വീടുവിററു നാടുവിട്ടുപോയി. നോക്കു! മിത്ഥ്യാഭിമാനംനിമിത്തം മനുഷ്യനു സംഭവിക്കുന്ന ആപത്ത്!

ഒരു കാലത്തു പൂജ്യന്മാരായിരുന്ന നമ്മുടെ പൂർവ്വന്മാരുടെ യോഗ്യത നമുക്കു പൂജ്യമാണെന്നു പൂർണ്ണബോധമുള്ളപ്പോൾ, നമ്മുടെ ന്യൂനതയെ മറയ്ക്കുന്നതിനായി "ഞാൻ ഇന്ന വംശത്തിലാണ് ജനിച്ചത്, എന്റെ ബന്ധുക്കൾ ഇന്നവരെല്ലാമാണ്", എന്നു മററും പറഞ്ഞു പൂജ്യത്വം നടിക്കുന്നതു മനുഷ്യരുടെ മിത്ഥ്യാഭിമാനംകൊണ്ടാകുന്നു. ഈ മാതിരി മിത്ഥ്യാഭിമാനം നടിക്കുന്നതു നമ്മുടെ ഭാരതീയരുടെ ഇടയിൽമാത്രമല്ല; അധികവും പാശ്ചാത്യന്മാരുടെ ഇടയിലാകുന്നു. സർ വാൾട്ടർ സ്കോട്ടിന്റെ ആഖ്യായികകൾ വായിച്ചിട്ടുള്ള മഹാന്മാക്ക് ഈ സംഗതി എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. ഗൈമാനറിങ്ങ് എന്ന ആഖ്യായികയിൽ നിന്ന് ഈ മിത്ഥ്യാഭിമാനത്തിന്റെ ഗതി മനസ്സിലാക്കാം. ബർട്ട്റാം എല്ലൻഗോവൻ അദ്ദേഹത്തിന്റെ

വംശശ്രേഷ്ഠതപറഞ്ഞുപറഞ്ഞ് ആദമിന്റെ അനന്തരവനാണെന്നുകൂടെ പറയുമൊ എന്നു മാനറിങ്ങിനു സംശയം തോന്നിപ്പോയി. ഈമാതിരി മിത്ഥ്യാഭിമാനം ചിലജനങ്ങളിലുമുണ്ട്. ചാർച്ചകൊണ്ടോ വേഴ്ചകൊണ്ടോ, അത് ഏതുവിധമായാലും വേണ്ടില്ല, അന്യന്റെ യോഗ്യതയുടെ ഒരു അംശത്തിനു താനും അർഹനാണെന്നു വിചാരിക്കുകയും മററുള്ളവർ തന്റെ വിചാരമനുസരിച്ചുതന്നെ ബഹുമാനിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരുവൻ അയാളുടെ വാസ്തവമായ നിലയിൽനിന്ന് ഒരു വിരൽ മുകളിലേക്കു കയറുന്നില്ലെന്നു മാത്രമല്ല, ഒരുമുഴം കീഴ്ട്ടിറങ്ങുകയും ചെയ്യും. “ഞാൻ കോലോത്തെ പാട്ടക്കാരനാണ്” എന്നു പറയുന്ന തോട്ടിയുടെ വിചാരം എന്താണ്? ആയിരപ്പറനെല്ലു പാട്ടമളക്കുന്ന കോവിലകത്തെ കുടിയാനാണ് താൻ എന്നു മററുള്ളവർ ധരിക്കണമെന്നല്ലാ അയാൾ വിചാരിച്ചത്. ലൌകികമായി രാജാക്കന്മാർക്കു സങ്കല്പിച്ചിട്ടുള്ള യോഗ്യതയുടെ ഒരംശത്തിനു താനും കോവിലകസമ്പർക്കംകൊണ്ട് അർഹനായിത്തീർന്നിരിക്കുന്നു എന്നാണ്. താണ നിലയിലുള്ളവർക്കു യോഗ്യതയുണ്ടാവാൻ ഈവക സൂത്രങ്ങൾ അവർ പ്രയോഗിക്കുന്നതുപോലെതന്നെ, ഉന്നതസ്ഥിതിയിൽ എത്തിയ ചിലർ വേറെ ഒരു ജാതി വിദ്യയെടുക്കുന്നതും ഇക്കാലത്തു സാധാരണയാകുന്നു. തന്റെ ഔന്നത്യാവസ്ഥയ്ക്കു കാരണഭൂതനായ രക്ഷകർത്താവിനോടു തനിക്കുള്ള കടപ്പാടു പരസ്യമായി പ്രദർശിപ്പിക്കുന്നതു തന്റെ ഗൌരവത്തിനു ന്യൂനതയാണെന്നു കരുതി വൃദ്ധനായ രക്ഷകർത്താവു ഭൃത്യ

നാണെന്നു പറയുന്നവരുടെ വിചാരം എന്താണ്? വൃദ്ധനായ രക്ഷകർത്താവിനു ബാഹ്യമായ കാൎയ്യങ്ങളിൽ തന്നെപ്പോലെ യോഗ്യതകൾ ഇല്ലാത്തതുകൊണ്ട്, അയാൾ തന്റെ ബഹുമാനത്തിനു പാത്രീഭവിക്കുന്നതായാൽ, തനിക്കു സിദ്ധിച്ചിട്ടുള്ള യോഗ്യതയിൽനിന്ന് ഒരോഹരി അയാളിൽ ചിലവാക്കേണ്ടിവരും എന്നല്ലെ? ഇവരിൽ ഒരുവൻ ഇല്ലാത്തത് ഉണ്ടെന്നു നടിക്കുകയും മറ്റവൻ ഉള്ളത് ഇല്ലാതാകുമെന്നു ഭയപ്പെടുകയും ചെയ്യുന്നു. ഇവരിൽ വലിയ മിഥ്യാഭിമാനി ആരാണ്? പാട്ടക്കാരനൊ? യോഗ്യനൊ?

വിവേകക്കുറവുനിമിത്തം ചെയ്തുപോയ തെറ്റുകളെ ആൎജ്ജവബുദ്ധിയോടുകൂടി പരിഹരിക്കുവാൻ ശ്രമിക്കുന്നത് ആദ്യത്തെ തെറ്റിനെക്കുറിച്ചു പ്രത്യക്ഷമായി സമ്മതിക്കുകയാകകൊണ്ട് അതു ഘനക്ഷയമല്ലെ എന്നു വിചാരിച്ചു നമ്മുടെ അവിവേകത്തെ പൊത്തുവാൻ നമ്മെ പ്രേരിപ്പിക്കുന്ന വേറെ ഒരുതരം മിഥ്യാഭിമാനമുണ്ട്. മിഥ്യാഭിമാനംനിമിത്തം ചെയ്തുപോയ അബദ്ധങ്ങളെ കുറിച്ചു മുക്കടമുഷ്ടി പിടിക്കുന്ന ദുശ്ശീലം ധൈൎയ്യമാണെന്നു പലരും തെറ്റിദ്ധരിക്കാതെയുമിരിക്കുന്നില്ല. ഒരു വിദ്യാൎത്ഥി എന്തെങ്കിലും ഒരു തെറ്റു ചെയ്യുകയും ആ കുറ്റം തെളിയുകയും ചെയ്തു എന്നു വിചാരിക്കുക. താൻ ചെയ്തുപോയ കുറ്റത്തിനു തനിക്കു മാപ്പു കിട്ടുന്നതാണെന്നു കുട്ടിക്കു ബോദ്ധ്യം വന്നിട്ടുംകൂടെ, അയാൾ തെറ്റിനെപ്പറ്റി പശ്ചാത്തപിക്കുകയൊ മാപ്പു ചോദിക്കുകയൊ ചെയ്യാതെ അരിതിന്നപട്ടിയെപ്പോലെ മുഖം വീൎപ്പിച്ചുകൊണ്ടിരിക്കുന്നതു

നാം സാധാരണമായി കണ്ടുവരുന്ന ഒരു സംഭവമാകുന്നു. ഇതു മിത്ഥ്യാഭിമാനമല്ലേ? "അവൻ മരിച്ചാലും മിണ്ടില്ല; ബഹുധീരൻ!" എന്നും മററും പറയുന്ന അയാളുടെ കൂട്ടുകാരും ധാരാളമുണ്ടാവും. പക്ഷെ, അവൻ ഒരു ധീരനൊ, അവനെ പ്രോത്സാഹിപ്പിക്കുന്നവർ അവന്റെ സ്നേഹിതന്മാരൊ അല്ല. നേരെമറിച്ച്, അവൻ ഒരു ഭീരുവും അവന്റെ കൂട്ടുകാർ ശത്രുക്കളുമാകുന്നു. ഈ മിത്ഥ്യാഭിമാനത്തിന്റെ ഉത്ഭവം സങ്കല്പിതമൊ വാസ്തവമൊ ആയ തന്റെ ദോഷത്തെ കുറിച്ച് മററുള്ളവർ പരിഹസിക്കുമെന്ന ഭയത്തിൽനിന്നാകുന്നു. അതുകൊണ്ട് ഒരുവന്റെ പ്രവൃത്തിയുടെ ന്യായമായ ഫലം അനുഭവിക്കാൻ ത്രാണിയില്ലാതെ 'വിണേടംകൊണ്ടു വിദ്യയെടുക്കുന്നതു' ധീരതയൊ പൌരുഷമൊ അല്ല.

അഭിമാനം നിമിത്തം ആപത്തുസംഭവിച്ചിട്ടുള്ള പല സംഗതികളും നമുക്കു പുരാണങ്ങളിൽനിന്നും ചരിത്രങ്ങളിൽനിന്നും ഗ്രഹിക്കുവാൻ കഴിയുന്നുണ്ട്. രാവണൻ, ദുര്യോധനൻ മുതലായ പുരാണപുരുഷന്മാർ അസാമാന്യന്മാരായിരുന്നു എന്നതിനു സംശയമില്ല. പക്ഷെ അവരുടെ പൌരുഷത്തിന്നും മററും താഴ്ചവന്നതും ഒടുവിൽ ആത്മനാശവുംകൂടെ സംഭവിച്ചതും അവരുടെ മിത്ഥ്യാഭിമാനം നിമിത്തമാണെന്നു പ്രത്യക്ഷപ്പെടും. രാവണൻ ബാലിയുടെ വാലിന്മേൽ കുടുങ്ങിയതും കാർത്തവീര്യാർജ്ജുനന്റെ കാരാഗൃഹത്തിൽ കിടന്നതും എന്തുകൊണ്ടാണ്? തന്റെ യോഗ്യതകളെ കുറിച്ചു രാവണനുണ്ടായ അഭിമാനാതിരേകം നിമിത്തം

ബാലിയുടേയും കാത്തവീൎയ്യാൎജ്ജുനൻേറയും ശക്തിയുടെ വലിപ്പം ശരിയായി ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. റഷ്യക്കാർ തങ്ങൾ ആനകളാണെന്നും ജപ്പാനിയർ പൂനകളാണെന്നും വിചാരിച്ചതുകൊണ്ടല്ലെ യുദ്ധത്തിൽ തോററതുന്നമ്പാടിയത്? റഷ്യക്കാർ ശക്തന്മാരല്ലാഞ്ഞിട്ടല്ലാ തോററത്; ജപ്പാനിയർ ബലഹീനന്മാരാണെന്നു വിചാരിച്ചുപോയതുകൊണ്ടുമാത്രമാണ്.

ആത്മാഭിമാനം, അല്ലെങ്കിൽ സ്വാഭിമാനം എന്നതു മനുഷ്യൎക്ക് അവശ്യം വേണ്ടതായ ഒരു നന്മയാണെന്നു സമുദായാചാരങ്ങൾ സിദ്ധാന്തിക്കുന്ന സ്ഥിതിക്ക്, അഭിമാനം, ഭ്രമമാണെങ്കിൽ, അത് എങ്ങിനെ ഒരു നന്മയായിത്തീരുമെന്നുള്ള ചോദ്യം ന്യായരഹിതമല്ല. ആത്മാഭിമാനത്തിൻെറ വ്യാപാരഭേദമാണ് മിത്ഥ്യാഭിമാനമായിത്തീരുന്നത്. ഒരുവൻ തൻെറ അവസ്ഥാനുസരണം മററുള്ളവരെ ബഹുമാനിക്കുന്നതിന്നാണ് ആത്മാഭിമാനം എന്നു പേർ. ആത്മാഭിമാനികളിൽവെച്ചു ശ്രേഷ്ഠനാണെന്നു സമ്മതിക്കപ്പെട്ടിട്ടുള്ള സർ സിഡ്നിസ്മിത്തിനെ കുറിച്ചു കാനൽകിങ്സിലി പറഞ്ഞിട്ടുള്ളതിൽനിന്നു വാസ്തവമായ ആത്മാഭിമാനം എന്താണെന്നു നമുക്കു ഗ്രഹിക്കാം. "ധീരനും ദയാലുവുമായ സർ സിഡ്നിസ്മിത്ത് തന്നോട് എടപെടുവാൻ സംഗതിയായിട്ടുള്ള ദരിദ്രന്മാരുടേയും ധനികന്മാരുടേയും സ്നേഹത്തിന്നും ബഹുമാനത്തിന്നും പാത്രീഭവിച്ചത് ഒരൊററ സംഗതികൊണ്ടാണെന്നു പ്രത്യക്ഷപ്പെടുന്നു; അദ്ദേഹം തൻെറ അതിഥിയായി വരുന്ന ദരിദ്രനേയും ധനികനേയും ഭൃത്യനേയും പ്രഭുവിനേയും,

ഭേദംകൂടാതെ, മൎയ്യാദയോടും സന്തോഷത്തോടും സ്നേഹത്തോടും ബഹുമാനത്തോടും സല്ക്കരിച്ചിരുന്നു”. എന്നാൽ, വിദ്യ, ധനം, കുലം, ഉദ്യോഗം മുതലായവകൊണ്ടു നാം മററുള്ളവരെക്കാൾ ശ്രേഷ്ഠന്മാരാണെന്നും അവരോട് അത്ര മതിയെന്നുമുള്ള വിചാരത്തോടുകൂടി പെരുമാറുന്നത് ആത്മാഭിമാനംകൊണ്ടല്ലാ, മിത്ഥ്യാഭിമാനംകൊണ്ടാകുന്നു. അന്യന്മാർ നമ്മെ ബഹുമാനിക്കേണം എന്നു നാം ആഗ്രഹിക്കുന്നതുപോലെതന്നെ അവരും വിചാരിക്കുന്നുണ്ട് എന്നു നാം കരുതി പ്രവൎത്തിക്കുന്നതായാൽ, മിത്ഥ്യാഭിമാനത്തിന്റെ കാരണമുണ്ടാകുന്നതല്ല. അതുകൂടാതെ, ചില യോഗ്യരെപ്പോലെ, “എന്നെ വന്നു കാണേണം എനിക്കു വല്ലതും തരണം, ഞാൻ ചെന്നു കാണേണം എനിക്കു വല്ലതും തരണം” എന്നു വിചാരിക്കുമ്പോഴാണ് ആപൽക്കരമായ മിത്ഥ്യാഭിമാനം പ്രത്യക്ഷപ്പെടുന്നത്. ഈ മാതിരി വിചാരപ്രകാരം അന്യന്മാർ തന്നോടു വൎത്തിക്കുന്നില്ലെന്നു തോന്നുമ്പോൾ, മിത്ഥ്യാഭിമാനിക്ക് അവരുടെനേരെ കോപവും നീരസവും തോന്നുന്നതിനുപുറമെ, അസൂയനിമിത്തം അവരുടെ അവസ്ഥക്കു ഇല്ലാത്തതായ ഓരോ ന്യൂനതകളും കൂടെ ആരോപിച്ചു സമാധാനപ്പെടേണ്ടതായിവരും. അതുകൊണ്ടു മിത്ഥ്യാഭിമാനത്തിൽ അടങ്ങിയ ദോഷങ്ങളാണ് കോപം, തജ്ജന്യമായ പശ്ചാത്താപം, അസൂയ, തന്മൂലമായ ആത്മകാൎശ്യം മുതലായവ എന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ.

മിത്ഥ്യാഭിമാനം അഹങ്കാരകാരണമാകുന്നു; അല്ലെങ്കിൽ, അഹങ്കാരമാണ് മിത്ഥ്യാഭിമാനത്തിന്നു കാര

ണം എന്നു പറയാം. സ്വാത്മപരതയുടെ പരമാവധിയാണ് അഹങ്കാരം; അതു് അജ്ഞാനത്തിൽനിന്നു ജനിക്കുന്ന ഒരു തിന്മയാകുന്നു. പുതിയ പരിഷ്കാരപ്രകാരം ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ച ഒരുവൻ അജ്ഞാനിയാണെന്നു വരുമൊ എന്നു വല്ലവരും ശങ്കിച്ചേക്കാം. വിദ്യാഭ്യാസം ചെയ്യുന്നതു വിജ്ഞാനം സമ്പാദിക്കണമെന്ന ആന്തരമായ ഉദ്ദേശത്തോടുകൂടിയല്ലാതെ, ബാഹ്യമായ കാൎയ്യസാദ്ധ്യത്തിന്നാകുമ്പോൾ അതിന്റെ ഫലവും ജ്ഞാനരഹിതമായിട്ടേ തീരുന്നുള്ളു. എന്തുകൊണ്ടെന്നാൽ, "വിജ്ഞാനം സമ്പാദിക്കുവാനുള്ള ശ്രമം ബുദ്ധിപൂൎവ്വമാകുന്നു; എന്നാൽ വിജ്ഞാനം സമ്പാദിച്ചു എന്നു വിചാരിക്കുന്നതു വിഡ്ഢിത്തവുമാകുന്നു" എന്ന ആപ്തവാക്യപ്രകാരം, ബാഹ്യമായ കാൎയ്യസാദ്ധ്യത്തെ ഉദ്ദേശിച്ചു വിദ്യാഭ്യാസം ചെയ്തുകഴിക്കുമ്പോൾ, തന്റെ വിദ്യാഭ്യാസം പൂൎത്തിയായി എന്നു കരുതുന്നവൻ അയാളുടെ ഉദ്ദേശം സാധിച്ചു എന്നല്ലാതെ വിജ്ഞാനം സമ്പാദിച്ചു എന്നു വരുന്നില്ല. വിജ്ഞാനം വിദ്യാഭ്യാസംകൊണ്ടു മാത്രമേയുണ്ടാകുന്നുള്ളു എങ്കിലും, വിദ്യാഭ്യാസംകൊണ്ടെല്ലായ്പോഴും എല്ലാവൎക്കും വിജ്ഞാനം ഉണ്ടാകുന്നതല്ല. "നിങ്ങൾക്കു നിങ്ങളുടെ വികാരങ്ങളെ ഭരിക്കുവാനുള്ള ശക്തിയുണ്ടെന്നു തെളിയിക്കു; എന്നാൽ നിങ്ങൾക്കു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കാം; അതില്ലെങ്കിൽ, നിങ്ങളുടെ വിദ്യാഭ്യാസമെല്ലാം നിഷ്പ്രയോജനമാകുന്നു." എന്നു മിസ്സിസ്സ് ഓലിഫണ്ട് പറഞ്ഞിരിക്കുന്നതിൽ നിന്നു വിദ്യാഭ്യാസത്തിന്റെ ഫലമായ വി

ജ്ഞാനത്തിന്റെ ലക്ഷ്യം അഹങ്കാരാദിവികാരങ്ങളുടെ സംയമനമാണെന്നു തെളിയുന്നുണ്ടല്ലൊ. അതുകൊണ്ടു, മാന്യസഭാവാസികളെ! "നിങ്ങളുടെ ആത്മാവു വിഭാവനയുടെ വൈഭവംകൊണ്ട് ഉത്തരധ്രുവപ്രാന്തങ്ങളുടെ ഉപരിഭാഗത്തുടെ സഞ്ചരിച്ചാലും അന്ധകാരവേഷ്ടിതമായ ഈ ഐഹികവിലത്തിൽ നിസ്സാരജ്ജോലികളിൽ പ്രവേശിച്ചു കുഴങ്ങിയാലും വിവേകപൂർവ്വമായ ആത്മസംയമനമാകുന്നു ജ്ഞാനത്തിന്റെ മൂലം എന്നു ഗ്രഹിക്കുവിൻ".